

**From the staff editor.**

The murmur of a leaf is all it takes to revoke them.
The years that were-
Like pebbles thrown into a pond, evoking vigorous
ripples – to gently recede into the background when
the next one is born –
Memories abound.
Each icon you cherish – each road trodden, leaves its
imprint.
. Of laughter, tears, of hands held, shoulders leaned on,
Of brickbats thrown at you seen and unseen.
Each magazine is like a growth ring in the life of a
college. Its colour and texture demarcate the times,
the people there and their pulse.
From these windswept playgrounds,
the days move on –
On to the unimagined realms of
the long stretch of life ahead.
Yet the mind may travel back all the way sometimes
To retrieve a spring, relive it and immortalize it.
The murmur of a leaf may be all it takes
To revoke memories of this alma mater.

Dr. Jayasree Krishnankutty



# മറന്നു വച്ചത്..................

## പ്രണയം




Visit to the Old Age Home
Vrikshayurveda
An Appointment
3 കവിതകൾ
ഒരു EUPHORBIAN വിപ്ലവം
പൊയ് മുഖങ്ങൾ
ഒരു വാലന്റൈൻസ് ദിനം...
കണ്ണുകൾ ചിരിക്കുമ്പോൾ
നമ്മുടെ ശാസ്ത്രബോധത്തിനെന്തുപറ്റി?
പാഠം
ശ്മശാനഭൂമി




## വിരഹം




As a Song of Awakening
ശവക്കോട്ടയിലെ പൂക്കൾ
Definitions
കാറ്റുപറഞ്ഞത്
മരണ മണി....
Collage of NAUGHTY-CULTURE
ഭക്ഷ്യസുരക്ഷയും ജൈവകൃഷിയും
വേദനയുടെ സംഗീതം
The Californian Giants
എത്രയും പ്രിയപ്പെട്ട മകൾക്ക്
എന്റെ All India Tour....
Juz c n Exclaim!!!

## ഓർമ



ഇനി ഞാനും
കാലഗണനയും ജീവിതവും
Do You know?
നിശാഗന്ധി
പാലപ്പൂക്കൾ വാടുമ്പോൾ
Dreams
The Current Economic Recession & Its Impact on Agriculture: What Can We Do?
Union Report 2007-'08

## മറവി



ആ മിടിപ്പ് നിലയ്ക്കുന്നില്ല
Aforestation In Arabia
Build Bridges, not Walls
ഒരു ചുവന്ന സിഗ്നലിൽ കുരുങ്ങിക്കിടക്കുമ്പോൾ....
മയിൽപ്പീലിത്തുണ്ട്!
'കുറ്റവും ശിക്ഷയും'
About Holes – Both Black and Invisible
രാവ്

## കാലം



മഴക്കാലം
പുകയുന്ന പൂക്കൾ
ജനകീയകൃഷി
അമ്മ
ഹായ്! ഇലക്ഷൻ
Moderates of the World, UNITE!
തെളിവുകൾ
പ്രതീക്ഷകളോടെ
life
ഉള്ളിൽ ഉള്ളത്





"പ്രണയവചസ്സുകൾ തീർന്നുപോയി
പൊട്ടിപ്പോയ വീഞ്ഞുകുപ്പിയുടെ
ശകലമാണ് ഓരോ വാക്കും.
നാം അതെടുത്ത് പരസ്പരം മുറിവേൽപ്പിക്കുന്നു
പ്രേമം അന്യോന്യമുള്ള രക്തപാനമാണ്.
ലോകം കതകിൽ കോടതി നോട്ടീസു പതിക്കുമ്പോൾ......"

സച്ചിദാനന്ദൻ

**അവളുടെ നാല്പത്തിമൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്തമകൻ പറഞ്ഞു:**

**അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മവരിക.**



അവൾ അവന്റെ ചിരിയിൽ പങ്കുകൊണ്ടു. പക്ഷേ, അന്ന് അവരെല്ലാവരും വീട്ടിൽ നിന്നു പുറത്തുപോയപ്പോൾ അവൾ കണ്ണാടിയെടുത്തു വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. തന്റെ ഒട്ടിയ കവിളുകളെ വീണ്ടും പുഷ്ടിപ്പെടുത്തുവാൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നെങ്കിൽ തന്റെ ജീവിതവും അതോടൊപ്പം പുഷ്ടിപ്പെടുമെന്ന് അവൾക്കു തോന്നി. യൗവനവും ദേഹപുഷ്ടിയുമുണ്ടായിരുന്ന കാലത്ത് അവൾ നിലത്തു പായവിരിച്ചു കിടന്നുറങ്ങുമായിരുന്നില്ല... പക്ഷേ. ഓരോന്ന് ഓർത്ത് കണ്ണാടി നോക്കിക്കൊണ്ട് ഇരിക്കുവാൻ അവൾക്കു മനസ്സു വന്നില്ല. അടുക്കളയിൽ പാലു തിളയ്ക്കാൻ തുടങ്ങുകയായിരുന്നു.

രാവിലെ മുതൽ അർദ്ധരാത്രി വരെ അവിശ്രമം ജോലിയെടുത്ത് അവൾ തന്റെ കുടുംബത്തെ വളർത്തിക്കൊണ്ടുവന്നു. മെലിഞ്ഞ്, വെളുത്ത് അവിടെയിവിടെയായി ചില ഒടിവുകൾ പറ്റിയെന്നു തോന്നിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത്. പക്ഷേ, അവൾ ഒരിക്കലെങ്കിലും ക്ഷീണിച്ചു വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായില്ല. അതുകൊണ്ട് അവൾ വെള്ളം നിറച്ച പാട്ടകൾ എടുത്തുപൊക്കി കുളിമുറിയിൽനിന്ന് അടുക്കളയിലേക്കും അടുക്കളയിൽ നിന്ന് കുളിമുറിയിലേക്കും മറ്റും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹായിക്കുവാൻ മുതിർന്നില്ല. തുടച്ച് വൃത്തിയാക്കുവാനും ഭക്ഷണം പാകംചെയ്യുവാനും തുണികൾ അലക്കി ഇസ്തിരിയിടുവാനും അവൾക്കുള്ള പാടവത്തെപ്പറ്റി അവർ ഇടയ്ക്ക് പുകഴ്ത്തിപ്പറഞ്ഞു. പ്രശംസ കേൾക്കുമ്പോഴൊക്കെ തേഞ്ഞ പല്ലുകൾ വെളിപ്പെടുത്തി അവൾ പുഞ്ചിരിതൂകി. ഇളയ മകൻ സ്കൂളിൽ നിന്ന് മടങ്ങുമ്പോൾ ഒരിക്കൽ ഒരു നെല്ലിക്ക അവൾക്കായി കൊണ്ടുവന്നു. അന്ന് അടുക്കളയുടെ ഇരുട്ടിൽ നിന്നുകൊണ്ട് അവൾ സന്തോഷാശ്രുക്കൾ പൊഴിച്ചു.
കാലക്രമേണ അവന്റെ കണ്ണിലും അവൾ ഒരു പേക്കോലമായി. സ്കൂളിലെ ഡ്രാമയ്ക്കു താനും കൂടെ വരുമെന്ന് അവൾ പറഞ്ഞപ്പോൾ അവൻ പറഞ്ഞു:

"അമ്മ വരണ്ട. എനിക്ക് കുറവാണ്."

"അതിനെന്താ, ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലൊ. എന്റെ കല്യാണസാരി." അവൾ പറഞ്ഞു.

"എന്നാലും വരണ്ട."

മെലിഞ്ഞ കാലുകൾ, രണ്ടു മുറികളുള്ള ആ കൊച്ചുവീട്ടിൽ വിശ്രമമില്ലാതെ ചലിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു.
അവൾക്കു പനി തുടങ്ങി, വയറ്റിൽ വേദനയും. ഇഞ്ചിനീരും കുരുമുളകുരസവും ഒന്നും അവളെ സഹായിച്ചില്ല. പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താവിനോട് പറഞ്ഞു.

"ഇവരെ ഉടനെ ആശുപത്രിയിലേക്ക് കൊണ്ടുപോണം. ഇത് മഞ്ഞക്കാമലയുടെ ഒരു സീരിയസ് കേസ്സാണ്."

പാഠപുസ്തകങ്ങൾക്കു മുമ്പിൽ ഇരുന്നിരുന്ന കുട്ടികൾ അതു കേട്ടു നടുങ്ങി. ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി ഉന്തിക്കൊണ്ട് ആശുപത്രി മുറിയിൽ പ്രവേശിച്ചപ്പോൾ കണ്ണുകൾ മിഴിച്ചുകൊണ്ട് അവൾ പറഞ്ഞു:

"അയ്യോ! പരിപ്പ് കരിയ്ണ്ട് തോന്ന്ണു."

അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

**- മാധവിക്കുട്ടി**

Smitha Thattil
Sopanam '05




# Visit to the OLD AGE HOME

*Everyone was happy (and no one was sad),*
*But deep within, some gloomy feelings they had;*
*Their pain and sorrows could not be seen,*
*But their eyes could tell what they mean;*
*This was the condition of the people in the old age home.*
*Their longing to love and to be loved,*
*By no mistake, I had seen.*
*For a moment I thought I was in a dream,*
*A dream full of furious sights,*
*A dream that really lights,*
*The miseries, pain and sorrows of the one,*
*Who loved us, cared for us,*
*Just to make us feel happy and glad.*
*They also had some grief in their hearts,*
*To be shared with the loved ones apart.*
*But now, something I realized,*
*That they were living a ' content life'*
*And this thought of mine made me amused.*
*I wondered how easily their dreams got shattered,*
*Like a beautiful tree that has now withered.*
*How calmly they saw different aspects of life,*
*And how simply they accepted a life with no strife*
*This was the condition of the people in the old age home*
*And now at the end, I wish to conclude by saying -*
*This world could change,*
*Which is full of agony sadness and pain.*
*I wish they could get back to their beautiful homes,*
*Leaving this lonely place called OLD AGE HOME.*



# VRIKSHAYURVEDA

## वृक्षायुर्वेदः





Even the most conservative of anthropologists would concur that 'agriculture' is the most primeval form of 'culture' known to man. Indeed, other forms of culture struck roots drawing from the fundamental 'culture' of crop and animal husbandry. India may safely claim credit for the fact that we have been the pioneers in viewing this mother of all cultures as a science. A careful and unprejudiced study of ancient texts written on agriculture would reveal the scientific basis of the dictums and hypotheses contained therein. Considering that these texts have stood the test of time and have captured the attention of scientists all over the world, they indubitably merit a thorough study by students and practitioners of agriculture.

We present below some excerpts from *Vrikshaayruveda*, written by the sage Surapala, hoping that it would kindle the interest of our students to pursue a study of these texts.

**Soil**

***Black, white, pale, dark, red, and yellow are the colors and sweet, sour, salty, pungent, bitter, and astringent are the tastes by which land is subdivided.***

***Land which is even, has accessibility to water, and is covered with green trees is good for growing all kinds of trees.***

**Propagation**

***Vanaspati, druma, lata, and gulma are the four types of plants. They grow from seed, stalk or bulb.***

**Method of planting**

***The distance between two plants is fourteen, sixteen, or twenty forearm lenghts. These distance result in inferior, mediocre, and excellent yield of trees respectively.***

***The pits should be prepared well in advance. The length, breadth, and the depth of the pits should be a forearm measure uniformly. They should be properly dried, filled with cow bones and cow dung, and burnt.***

**Nourishment**

***The excreta, marrow of the bones, and flesh, brain, and blood of a boar mixed with water and stored underground is called kunapa.***

**Horticultural Wonders**

***Trees watered and smeared at root with the mixture of the bark of the 'Salmali' tree, turmeric, indigo, triphala, 'Kusta' & liquor bear fruits having the shades of a parrot.***

**Dr. Jayasree Krishnankutty**
Dept. Agricultural Extension

# An APPOINTMENT

Twilight descends
as the lanky, half clad figure
Walks along the narrow country lane
Slightly swaying to one side,
eyes glued to the ground,
As unsteady and weak,
As a drought ridden bough.

In the distance
A gleaming vehicle waits
With its suave owner.

Time stands still
As they meet.

Years peel away-
A little boy's cry
Over a grazed knee resounds.
A bunch of worn out books
Are unearthed, dusted,
and kept away again
A creaky bicycle moves clumsily-
A trophy shines,
Giving way to a large aircraft,
Concrete roads, high rises, and
Pay packages

The sweat sodden, crumpled notes
Are forgotten
Weathered, earthy speech
Started to matter
So did dingy enclosures
Unmanicured yards,
And the lack of etiquette
Fit for a metrosexual

Words are exchanged
Courtesies take no time
And the meeting is over.

The old man turns away
Back to the country lane
The vehicle moves in reverse,
The lane is not wide enough.

Darkness falls,
Over the walking father
And the driving son.

അശ്വതി വിജയൻ
ആവലോൺ '08

# എന്റെ കവിത

ഒരിക്കൽ
കരിപിടിച്ച,
വക്കടർന്ന ചട്ടിയിൽ
പകർന്നു തന്നത്
എന്റെ കവിത.
കണ്ണീരു ചുവയ്ക്കുന്നെന്നു
പറഞ്ഞ്
നീയത്
വലിച്ചെറിഞ്ഞു.
അപ്പോൾ,
മുഖത്തുപുരണ്ട
കരിതുടച്ച്,
ചോര കിനിഞ്ഞ
ശരീരവുമായി
പകച്ചു നിന്നതും
എന്റെ കവിത.

പിന്നീട്
മധുരത്തിൽ കുളിച്ച്
തിളങ്ങുന്ന കുപ്പായമണിഞ്ഞ്
വന്നു നിന്നു
എന്റെ കവിത.
നിന്നിലെ പ്രമേഹരോഗിയെ കണ്ട്
കണ്ണ് തള്ളി
അവൾ
പിന്തിരിഞ്ഞു.

മണൽ കൂനകൾക്കു പിന്നിലു-
ദിച്ച ഒരു നിലാവ്
മരീചികയെന്നു കണ്ടപ്പോൾ
ഉതിർന്നു വീണ കണ്ണീർ
പൊള്ളുന്ന ആവിയായി.
കൊടുത്തവന്
വേണ്ടാത്ത്
മടക്കിയ ഹൃദയം
ചോരയൊലിപ്പിച്ച്
ഇപ്പോഴും
ആ മൂലയിലിരിക്കുന്നു
വെറുതെ തേങ്ങിക്കൊണ്ട്......

JUNE 2007

**27**

WEDNESDAY

# നോ, താങ്ക്സ്

മഴയത്ത്,
തണുത്ത കാറ്റോടൊപ്പം,
കൈയ്യിലൊരു ടോർച്ചുമായി
സന്ധ്യ വീട്ടുവരാന്തയിൽ വന്ന്
കോളിംഗ് ബെല്ലടിച്ചു.
നിലത്ത്,
വെള്ളപുതപ്പണിഞ്ഞ്
കിടക്കുകയായിരുന്ന അവൾ
എഴുന്നേറ്റ് വാതിൽ തുറന്നു.
അകത്ത്,
നിലവിളികൾ പരക്കം പാഞ്ഞു.
ചിലർ പതുക്കെ മന്ത്രിച്ചു
"അവൾക്ക് പോവാനുള്ള വണ്ടിയെത്തി."
പുറത്ത്,
ചോരയുറ്റുന്ന
പകുതി ശരീരത്തോടെ ഞാൻ,
കാർമേഘത്തിനു പുറത്തിരുന്ന്
യാത്രയാവുന്ന അവളെ നോക്കി
കണ്ണു നിറച്ചു.
അതുകണ്ട് അവൾ പറഞ്ഞു.
വല്ലപ്പോഴും നിന്റെ
മനസ്സിലേക്ക് ഞാനൊരു
ഇ - മെയിൽ അയക്കാം.
ഞാൻ പറഞ്ഞു.
"നോ, താങ്ക്സ്"



JUNE 2007

**28**

THURSDAY

# കാറ്റും മരവും

അറിയാമോ?....
ഞാനൊരു മരമായിരുന്നു.
ആ ഇരുട്ടു മൂടിയ കാട്ടുമുക്കിൽ
നിങ്ങളാരെങ്കിലുമെന്നെ കണ്ടിട്ടുണ്ടോ?
എന്നിൽ പൂവിരിഞ്ഞതും.
സ്വപ്നങ്ങളുണർന്നതും.
ആരറിഞ്ഞു?

പക്ഷേ.
ഒരു കൊട്ട സുഗന്ധവും പേറി.
മൂളിപ്പാട്ടുമായി.
അവഗണിക്കപ്പെട്ടവളെത്തേടി.
വന്നു അവൻ; കാറ്റ്.
ആ സുഗന്ധം
എന്നിലരിച്ചു കയറി.
ശാഖകൾക്കിടയിലൂടെ വന്നവൻ
ഇക്കിളിയാക്കി.
ഞാൻ കുനുകുനാ ചിരിച്ചു.
ചിലപ്പോഴവൻ
പിറകിൽ വന്ന്
അരക്കെട്ടു ചുറ്റിപ്പിടിക്കും.
ഞാൻ നാണത്തോടെ
തലകുനിക്കും.
പക്ഷേ....

അപ്രതീക്ഷിതമായിരുന്നു അത്.
മുളംകാടുകൾക്കിടയിലൂടെ
ചൂളമടിച്ചു നടന്നിരുന്ന
കാമുകൻ
മരുഭൂമിയിലെ
കൊടുംകാറ്റായത്.
എന്റെ വേരുകൾക്ക്
അവനെ പിടിച്ചു നിർത്താനായില്ല.
ഞാൻ കടപുഴകി.

ഇന്ന്,
ഞാനും എന്റെ അനുഭവങ്ങളും
അടുക്കളയിലെ
വിറകുകൊള്ളിയായി
കത്തിത്തീർന്നുകൊണ്ടിരിക്കുന്നു.
തീ ആളിപ്പടർത്തിക്കൊണ്ട്.
കാറ്റിപ്പോഴും വീശുന്നു.



**കൃഷ്ണ പി.എം.**
പോസിഡോൺ '07



# ഒരു EUPHORBIAN

പുഴകൾ പാടാത്ത, പൂക്കൾ വിരിയാത്ത, കാറ്റ് തണുപ്പിക്കാത്ത, മരങ്ങൾ തളിർക്കാത്ത ഒരു ഊഷരഭൂമിയായി മാറിയിരുന്നു പ്രവേശനപ്പരീക്ഷയ്ക്ക് ശേഷം എന്റെ മനസ്സ്. ആരോ സിനിമയിൽ പറഞ്ഞതു പോലെ കുറ്റബോധം കാരണം ഞാനേതോ യന്ത്രമായ് മാറിയിരുന്നു.

പിന്നെയെല്ലാം പെട്ടെന്നായിരുന്നു. ആദ്യം ഭാവി ഒരു ഹോമിയോ ഡോക്ടറുടെ വേഷത്തിൽ മുട്ടിവിളിച്ചു. വാതിൽ തുറക്കും മുമ്പേ, എല്ലാവരേയും സെപ്തംബർ ഫൂൾ ആക്കിക്കൊണ്ട് എൻട്രൻസ് കമ്മീഷണർ ആ കുപ്പായം തിരിച്ചു വാങ്ങി. റീ അലോട്ട്മെന്റിന്റെ രൂപത്തിൽ വീണ്ടും വന്നു ആ പഴയ ഹോമിയോഡോക്ടർ. കുപ്പായം എടുത്തണിഞ്ഞപ്പോൾ വന്നു ഹയർ ഓപ്ഷനുമായി അടുത്ത അലോട്ട്മെന്റ്.

അഗ്രികൾച്ചർ എന്നാൽ കൃഷി എന്ന് മാത്രമറിയാമായിരുന്ന എന്നെ **College of Horticulture** സ്വന്തം പുത്രിയായി ദത്തെടുത്തു. അങ്ങനെയിരിക്കെ **Fresher's day** വന്നെത്തി. അന്നത്തെ ആ ഹോമിയോ ഡോക്ടറുടെ കുപ്പായം വീണ്ടുമെടുത്തണിഞ്ഞു. ഇത്തവണ **Doctor's coat** ആയിരുന്നില്ല, പുതിയ കോളേജിൽ പുതിയ പേര്. **Lab coat.** മാത്രമല്ല തോളിൽ സ്റ്റെതസ്കോപ്പിനു പകരം 100 ഇരട്ടിഭാരമുള്ള, ഞാൻ തൊടുക പോലും ചെയ്യാത്ത ഒരു പുതിയ കൂട്ടുകാരൻ സ്ഥാനമുറപ്പിച്ചു. അതെ എന്റെ സ്വന്തം, എന്റെ മാത്രം 'കിടിലൻ തൂമ്പ'. ഇതെന്തിന്? എന്ന ചോദ്യം മനസ്സിലുയർന്നെങ്കിലും **Seniors** -നോടുള്ള ഭയഭക്തി ബഹുമാനത്താൽ അനങ്ങാതിരുന്ന നാക്ക് മുഖഭാവങ്ങൾ മാറ്റി കാര്യം ആരായാൻ വിഫലശ്രമം നടത്തി നോക്കി. എന്നാൽ ശരിയായ ഒരു ഉത്തരം കിട്ടാൻ എനിക്ക് **2nd Sem.** വരെ കാത്തിരിക്കേണ്ടി വന്നു.

ഇടവപ്പാതി ഉച്ചിയിലെത്തിയപ്പോഴേക്കും ഒരു കർഷകന്റെ വിയർപ്പിന്റെ വിലയും വേദനയും ഞങ്ങളറിഞ്ഞു. **Agronomy department** തന്ന പാട്ടഭൂമിയെ പച്ച പിടിപ്പിക്കാനായ് ഞങ്ങളെയും കാത്ത് അതാ ഇരിക്കുന്നു നമ്മുടെ ബാലതാരം, ശാസ്ത്രീയമായി പറഞ്ഞാൽ **Tapioca setts.**

I[st] **sem.** ലെ അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ് പ്രാക്ടിക്കലിനിറങ്ങിയതുപോലെ ഞാനും എന്റെ തൂമ്പയും ആ മണ്ണിൽ **Surveying** - ഉം **Levelling** - ഉം ഒക്കെ നടത്തിക്കൊണ്ടേയിരുന്നു. മാത്രമല്ല **Newton's 3[rd] principle** അനുസ്മരിപ്പിക്കും വിധം എന്റെ തൂമ്പ പാറ പോലുള്ള മണ്ണിൽ നിന്നും കൊത്തുന്ന വേഗത്തിൽ തിരിച്ചു പോന്നു. ചില സമയം തൂമ്പ തെറിച്ച് വീണ് തന്റെ പ്രതിഷേധവും അമർഷവും അറിയിച്ചുകൊണ്ടിരുന്നു.

കളരി എന്ന് കേൾക്കുക മാത്രം ചെയ്തിട്ടുള്ള, മെയ്‌വഴക്കം തൊട്ടുതീണ്ടിയിട്ടില്ലാത്ത, **Poseidon** ന്റെ **Amul babies** പഠിച്ച പണി പതിനെട്ടും മണ്ണിൽ പയറ്റി. ഇങ്ങനെ

വലത്തുമാറി വലത്തുകാൽ മുന്നോട്ട് വച്ച്
ഇടത്തുകാൽ പിന്നിൽകുത്തി
പിന്നിലോട്ടാഞ്ഞ്........

രാവിലെ വീണ സൂര്യരശ്മികൾക്കൊപ്പം തുടങ്ങിയ പരിപാടി ഉച്ചയായപ്പോഴേക്ക് ഒരു ലെവലാക്കി, ഞങ്ങളെ. ഊണിനു ശേഷം കണ്ടോളാം എന്ന് വെല്ലുവിളിച്ചു മടങ്ങിയ പലരും അടുത്ത ദിവസമാണ് പ്ലോട്ട് കണ്ടത്.

വിയർപ്പ് കണ്ട മണ്ണ് ഞങ്ങളിൽ കനിവ് കാണിച്ചുതുടങ്ങി. **Mounting** ഉം **basaldose** ഉം **Planting** ഉം എല്ലാം കുറച്ചു ദിവസത്തേയ്ക്ക് **Poseidon** ന്റെ മെസ്സിലെയും ക്ലാസ്സിലെയും എല്ലാ ചർച്ചകളിലും കേന്ദ്രബിന്ദുവായി. ഇതെല്ലാം കുറേ കണ്ടതാ എന്ന മട്ടിൽ **respected, beloved senior sisters** സഹതപിച്ചും അല്ലാതെയും കടന്നുപോയി. ചിലർ തങ്ങളുടെ ഭൂതകാലം ഓർക്കാനും മറന്നില്ല. ഭാവിയിൽ ഞാനും ഇതാവർത്തിച്ചേക്കാം എന്ന വെളിപാടുണ്ടായതിനാലാവും എല്ലാം കേട്ടുനിന്നു.

മേലനങ്ങി വേലയെടുത്ത പണിക്കാർ നെയ് സേവിച്ച് നന്നാവാൻ കെട്ടുമുറുക്കിയപ്പോഴേക്കും അതാ വരുന്നു അടുത്ത പണി.

പേര് : വീഡിംഗ്

സ്ഥലം : കപ്പപ്ലോട്ട്

വീട്ടിൽ പോവാൻ ടിക്കറ്റ് വരെയെടുത്ത ചിലർ വണ്ടി പോകുന്ന സമയത്ത് കുന്തിരായി കളകൾ പിഴുതെറിയുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. നിരാശയിൽ മനം നൊന്ത് കപ്പയെയും കളയെയും തമ്മിൽ തെറ്റിദ്ധരിച്ചവരും കുറച്ചൊന്നുമല്ല.

I[st] **top dressing** ഉം **earthing up** ഉം ഒക്കെയായി വീണ്ടും **Tapioca** ഞങ്ങളുടെ ചർച്ചകളിൽ ഹീറോ ആയി മാറിയെങ്കിലും പിന്നീട് **Herbarium** - ത്തിനും **Presentation** നുമായി തന്റെ സ്ഥാനം ഒഴിഞ്ഞു കൊടുത്തു. എന്നാൽ പ്രേം നസീറിനെപ്പോലെ നിത്യഹരിതനായകനായ ഞങ്ങടെ കപ്പ **Third Sem.** ലേക്ക് പ്രവേശിക്കുകയായിരുന്നു. വളമിടീൽ ചടങ്ങുകൾക്കും മണ്ണുകൂട്ടലിനും സാക്ഷിയായ സൂര്യഭഗവാന്റെ സാന്നിധ്യത്തിൽ, ചിലർ സ്വന്തം കപ്പക്കിഴങ്ങ് വിയർപ്പും പൊടിയും ഒക്കെ ചേർത്ത് കുംഭയിലാക്കാനും മറ്റുള്ളവരുടെ കുംഭയിലെത്തിയ്ക്കാനും മറന്നില്ല.

കാലം ഞങ്ങളെ കപ്പയിൽ നിന്നും **Pulse** ലേയ്ക്കും **Millets**ലേയ്ക്കും ആട്ടിയോടിച്ചെങ്കിലും പാലക്കാടൻ ചുരം കടന്നുവന്ന വൃശ്ചികക്കാറ്റ് കപ്പയിലകളിലൂടെ എന്റെ മനസ്സിനെ തണുപ്പിക്കുന്നുണ്ടായിരുന്നു. ആ ഇലകൾ പല പുലരികളിലും എന്നെ കുളിരണിയിക്കുന്നുണ്ടായിരുന്നു. കൊടുംവെയിലിലും എനിക്ക് തണലേകിയിരുന്നു. ഞാനറിയാതെ എന്നിലെ കർഷകയെ ഉണർത്തിയിരുന്നു.

അതെ. ദൈവം തന്ന ഈ സ്വർഗ്ഗത്തിൽ പുഴ പാടുന്നതും, പൂക്കൾ വിരിയുന്നതും, കാറ്റ് വീശുന്നതും, മരങ്ങൾ തളിർക്കുന്നതും, ഞാൻ കാണുകയാണ്.... അറിയുകയാണ്. മനസ്സ് നിറയുകയാണ്.....





സവിശേഷതകൾ

**KERATECH (P) LTD**
Keramitra Bhavan, Thrissur-680615
Ph: 0487-2290300, 2294515. E-mail: virginplus@gmail.com www.keratechindia.com
Assisted by: Coconut Development Board

**അഷിത എസ്.ജി.**
സോപാനം '05




ഇന്നീ ലോകം,
ഇവിടെയായിരം മനുഷ്യർ

ജ്വലിക്കുമഗ്നിയാൽ പകുത്തു
കെട്ടിയ ചെഞ്ചായ മതിലുകൾ
പിളർന്ന ഭൂവിൽ മാറി-
ലൊളിക്കുവാനീ ഏറുമാടവും
അതിൽ വെളുത്ത മുഖമുള്ള ചുവന്ന കണ്ണുള്ള
രക്തക്കറയുള്ള മനുഷ്യക്കൂട്ടം!

വിദ്വേഷത്തിന്റെ കറുത്തവിത്തുകൾ
പാകിവളർത്തുവാൻ പണിപ്പെടുന്നവർ,
കറുത്ത രാവിനെ മുറിച്ചു കീറി
വെളിച്ചമുണ്ടാക്കാൻ ശ്രമിച്ചിടുന്നവർ,
അയഞ്ഞ വസ്ത്രത്തെ പിടിച്ചുനിർത്തുവാൻ
മൃതശരീരത്തെ ഭക്ഷിച്ചു പോന്നവർ,
ജയിക്കുവാൻ 'വാക്ക്' കടമെടുക്കുന്നവർ,
ജീവിക്കുവാൻ വാക്കുപേക്ഷിക്കേണ്ടിവരുന്നവർ,
വറ്റിയ സ്നേഹത്തിനുറവ തേടുന്നവർ,
സ്വന്തം ചിന്തയിൽ വെന്തെരിയുന്നവർ,

കണ്ണില്ലാത്തവർ, കാണാത്തവർ പിന്നെ
കണ്ണടച്ചൊന്നുമറിയാതെ നടക്കുവോർ....

ഒടുവിലെങ്ങോ മരിച്ചുവീഴുവാൻ,
എരിഞ്ഞടങ്ങുവാൻ വിധിക്കപ്പെട്ടവർ!

**ഷൈൻ പി.**
സോപാനം '05



# ഒരു വാലന്റൈൻസ് ദിനം...

**അ**ന്നുരാത്രി ഞാൻ ഉറങ്ങിയില്ല. വാലന്റൈൻസ് ഡേയുടെ ആ തലേന്ന്. ഒരുപാട് നേരം തല പുകഞ്ഞാലോചിച്ചു. നാളെ എത്ര കളക്ഷൻ കിട്ടും. എത്ര പേർക്ക് ചുമന്ന റോസാപ്പൂ കൈമാറാൻ കഴിയും. ചരിഞ്ഞും, മലർന്നും, കമിഴ്ന്നും കിടന്നാലോചിച്ചു. പല ഡയലോഗുകളും മനസ്സിലൂടെ കടന്നുപോയി. ആ കുട്ടിയോട് എന്തു പറയും, ഈ കുട്ടിയോട് എന്തു പറയും, ജൂനിയർ ഗേൾസിനോട് എന്ത്, എങ്ങനെ പറയും??? കൈയിൽ കിട്ടിയ ലെക്സി പേന കൊണ്ട് കുറേയെണ്ണം കുത്തിക്കുറിച്ചു. കൂട്ടുകാരന്റെ റൂമിൽ ഉണ്ടായിരുന്ന ഒന്നുരണ്ടു പുസ്തകങ്ങൾ റെഫർ ചെയ്തു. പഠിച്ച ഡയലോഗുകൾ ഹോസ്റ്റലിലെ വാഷ് ബെയ്സിനോട് ചേർന്നുള്ള, കോൾഗേറ്റിന്റെയും, പെപ്സൊഡന്റിന്റെയും പതകൊണ്ട് ശരീരത്തിലാകമാനം വെള്ളപ്പൊട്ടുകൾ ചാർത്തിയ കണ്ണാടിയുടെ മുന്നിൽ നിന്നു പറഞ്ഞു നോക്കി. ടാപ്പ് തുറന്ന് കുറച്ച് വെള്ളം പിടിച്ച് മുടിയിൽ ഇറ്റിച്ചശേഷം പല രീതിയിൽ ചീകി. ഈശ്വരാ.... മുടി കണ്ടമാനം കൊഴിയുന്നുണ്ട്. വിരലിലെണ്ണാവുന്ന മുടിയേ അവശേഷിക്കുന്നുള്ളൂ. ഇനിയും വൈകിക്കൂടാ... ഉണർന്നു പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു. ലിയനാഡോ ഡികാപ്രിയോ (**Titanic Hero**) യുടെ ഹെയർ സ്റ്റൈലിൽ റൂമിൽ തിരിച്ചെത്തിയ ഞാൻ വളരെ സന്തോഷത്തോടെ ഉറങ്ങാൻ കിടന്നു. അഡ്നാൻ വീട്ടിൽ പോയിരിക്കുവാണ്. റൂമിൽ ഞാൻ ഒറ്റയ്ക്കാണ്. മനസിൽ കുറിച്ചിട്ട ഒന്നുരണ്ട് ഡയലോഗുകൾ ഇപ്പോൾ തന്നെ കാച്ചിയാലോ എന്നു തോന്നി. അധികം വൈകിച്ചില്ല. മൊബൈൽ എടുത്തു. അവളുടെ നമ്പർ ഡയൽ ചെയ്തു. അത്ഭുതം എന്നു പറയട്ടെ, ഫോണിൽ നിന്നുകേട്ട ആ പെൺകിളിയുടെ വാക്കുകൾ ആദ്യം എന്നെ ഞെട്ടിച്ചു. പിന്നെ, ചെറിയൊരു ചമ്മൽ. ഫോണിൽ കേട്ട ആ ശബ്ദം ഞാനോ, നിങ്ങളോ ഉദ്ദേശിച്ച ആ സുന്ദരിയുടേതല്ല. അവൾ പറഞ്ഞത് ഇത്രമാത്രം. "താങ്കൾ വിളിക്കുവാൻ ശ്രമിക്കുന്ന....... (**Airtel, BSNL, idea** ..........) കസ്റ്റമർ ബിസിയാണ്, അല്ലെങ്കിൽ ഇപ്പോൾ പ്രതികരിക്കുന്നില്ല......" നെറ്റ്വർക്ക് പ്രോബ്ലമായിരിക്കും, അല്ലെങ്കിൽ ഈ രാത്രി സമയത്ത് അവൾ ആരെ വിളിക്കാനാണ്!!?? കുറെ നേരം, തലയ്ക്ക് മുകളിൽ ഒരു കൂട്ടം ചിലന്തിവലകളുമായി വളരെ പ്രയാസപ്പെട്ട് ചുറ്റിത്തിരിയുന്ന പുരാതന കാലത്തെ ആ ഫാനിനെ നോക്കി മലർന്നു കിടന്നു. കുറച്ചു സമയം കഴിഞ്ഞ് മൊബൈൽ വീണ്ടുമെടുത്തു. പിന്നെ വിചാരിച്ചു വേണ്ട, ഇപ്പോൾ വിളിക്കണ്ട. എനിക്കറിയാം, ഇപ്പോൾ വിളിച്ചാൽ അവൾ ബിസി ആയിരിക്കില്ല. കോൾ അറ്റന്റ് ചെയ്യും. നാളെയ്ക്ക് കാത്തിരിക്കാം. കാത്തി

രുന്നു കിട്ടുമ്പോൾ മധുരം ഇരട്ടിക്കുമെന്ന് ആരോ പറഞ്ഞിട്ടുണ്ടത്രേ. ഒന്നു പരീക്ഷിച്ചേക്കാം.

ഫെബ്രുവരി 14....

പ്രഭാതം പൊട്ടിവിടർന്നു. എന്തായാലും പൊട്ടി വിടരുന്നതൊന്നും ഞാൻ കണ്ടില്ല. പുസ്തകങ്ങളിൽ വായിച്ചു കേട്ടത് എഴുതിയെന്നേയുള്ളൂ. എന്നത്തേതിൽ നിന്നും വളരെ നേരത്തെ ഉണർന്ന ഞാൻ (7.30am) കിടക്കയുടെ ഇടതു വശത്തുവെച്ചിരുന്ന മൊബൈൽ വലതുകൈയിൽ എടുത്തു. ആകാംക്ഷയോടെ നോക്കി. യെസ്സ്... ഐ ഗോട്ട് ഇറ്റ്. 3 മിസ്ഡ് കോൾസ്, 6 മെസേജസ്. ഇൻബോക്സിൽ പ്രവേശിക്കുന്നതിന് മുന്നോടിയായി മലർന്നു കിടന്നിരുന്ന ഞാൻ കമിഴ്ന്നു. പ്രണയം മനസിൽ വന്നാൽ കമിഴ്ന്നു കിടക്കുക എന്റെ പതിവാണ്. കണ്ണുകൾ വിടർത്തി, തെളിച്ചു പിടിച്ച് ഇൻബോക്സിലേക്ക് എടുത്തു ചാടി. "ദൈവമേ, എന്തിനാണ് ഞാൻ ഇവൻമാർക്ക് മൊബൈൽ നമ്പർ കൊടുത്തത്. വല്ല ആവശ്യവുമുണ്ടായിരുന്നോ??? രാവിലെ തന്നെ അയച്ചിരിക്കുന്നു. 6 ഉണക്ക മെസ്സേജുകൾ - ഹാപ്പി വാലന്റൈൻസ് ഡേ. വളരെയധികം ദേഷ്യത്തോടും, നിരാശയോടും കൂടി കിടക്കയിൽ നിന്നും ചാടി എണീറ്റ ഞാൻ പതിവുപോലെ റൂമിന്റെ ബാൽക്കണിയിൽ വന്നിരുന്ന് പുറത്ത് ബസ്സ്റ്റോപ്പിലേക്ക് ഉറ്റു നോക്കി. ഇല്ല.... ഒരൊറ്റ മനുഷ്യനില്ല. അതുവഴി കടന്നു പോയ പ്രൈവറ്റ് ബസ്സിൽ ഉണ്ടായിരുന്ന പെൺകുട്ടികൾ എന്നെ നോക്കുന്നുണ്ടായിരുന്നു. ഈയിടയായി ബസിന്റെ സ്പീഡ് അല്പം കൂടുന്നുണ്ടോ എന്നൊരു സംശയം.

ഇങ്ങനെ ആലോചിച്ചു നിൽക്കുമ്പോഴാണ് എന്റെ ചെറിയ ടൈംപീസിൽ മണി എട്ട് അടിച്ചത്. ഇന്ന് ക്ലാസിൽ എത്താൻ ഒട്ടും വൈകിക്കൂടാ എന്ന വിചാരത്തോടെ സോപ്പും, തോർത്തും എടുത്ത് കുളിമുറിയിലേക്ക് നടന്നു. കുളിച്ചൊരുങ്ങി, മിടിക്കുന്ന ഹൃദയത്തോടെ കോളേജിലേക്ക് നടക്കുന്ന ഞാൻ മനസിൽ വിചാരിച്ചു. എക്സാമിനു പോലും ബ്രേയ്ക്ക്ഫാസ്റ്റ് ഒഴിവാക്കാത്ത എനിക്ക് ഇന്നെന്തു കൊണ്ടോ മെസ്സിലേക്ക് കയറാൻ പോലും തോന്നിയില്ല. മനസിൽ മുഴുവൻ വിടർന്നു നിൽക്കുന്ന ചുമന്ന റോസാപൂക്കളും, അമ്പുതുളച്ചു കയറിയ ഹൃദയത്തിൽ നിന്നും ഇറ്റിറ്റു വീഴുന്ന രക്തത്തുള്ളികളുമാണ്. അങ്ങനെ, ചിന്തിച്ച് കോളേജിൽ എത്തിയത് ഞാനറിഞ്ഞില്ല. സൽക്കാരയുടെ കുടക്കീഴിൽ കുറുക്കന്റെ നോട്ടവുമായി ഞാൻ ഇരിപ്പുറപ്പിച്ചു. ആരെയും മിസ്സ് ആക്കരുത്. അതുവഴി കടന്നുപോയ സുന്ദരിമാർക്കെല്ലാം ഞാൻ പൂവമ്പുകൾ ഓരോന്നായി അയച്ചുകൊണ്ടിരുന്നു. എന്നാൽ ഒന്നും തിരിച്ചുവന്നില്ല. ആവനാഴിയിലെ അമ്പുകളെല്ലാം തീർന്നുവെന്ന് വളരെ വളരെ നിരാശയോടെ മനസ്സിലാക്കിയ ഞാൻ മങ്ങിയ മുഖത്തോടെ ക്ലാസ്സിലേക്ക് നടന്നു.



"ഓ... അല്ലെങ്കിലും ഞാനെന്തിന് ഇവളുമാരെ നോക്കണം ഇതിലും സുന്ദരികളായ തരുണീമണികൾ എന്റെ ക്ലാസ്സിലുണ്ടല്ലോ.... ആഹാ... എന്നോടാ കളി."

ക്ലാസ്സിന്റെ അടഞ്ഞ വാതിൽ കണ്ടപ്പോൾ എനിക്ക് മനസിലായി.. ക്ലാസ്സ് തുടങ്ങിയിരിക്കുന്നു. ഞാൻ എന്റെ ഇച്ചായൻ ചിരിയോടെ പതിയെ വാതിൽ തുറന്നു. ഭാഗ്യം, സാർ വഴക്കൊന്നും പറഞ്ഞില്ല. പതിവ് പോലെ ക്ലാസിന്റെ പിൻസീറ്റിൽ ചെന്നിരുന്ന ഞാൻ സാർ കാണാതെ പുതിയ ആയുധങ്ങൾക്ക് മൂർച്ച കൂട്ടിത്തുടങ്ങി. മണിക്കൂറുകൾ ഓരോന്നായി കൊഴിഞ്ഞു വീണു കൊണ്ടിരുന്നു. മനസ്സിൽ നിരാശ കൂടിക്കൊണ്ടിരുന്നു. എന്റെ ചളികൾക്കെന്തേ, പഴയതുപോല മൂർച്ച പോരേ?? എല്ലാവരും മുൻകൂർ ജാമ്യമെടുത്ത് ഓടിപ്പോവുകയാണോ? പല ചളികൾക്കും തിരിച്ചുകിട്ടിയത് കൂറ്റൻ താങ്ങുകളായിരുന്നു. ഒടുവിൽ ഞാനറിഞ്ഞു... ഈ വാലന്റൈൻസ് ഡേ കൂടി എരിഞ്ഞു തീരാറായിരിക്കുന്നു. അങ്ങനെ തലയ്ക്ക് കൈത്താങ്ങും കൊടുത്തിരിക്കുമ്പോഴാണ് ചോക്ലേറ്റ് കുട്ടൻ (റജീസ് പി.സി) നാലായിട്ട് മടക്കിയ ആ കടലാസ് തുണ്ട് എന്റെ നേർക്കെറിഞ്ഞത്. ആദ്യത്തെ മടക്ക് നിവർത്തിയപ്പോൾ എന്റെ ആകാംക്ഷ എരിഞ്ഞു തുടങ്ങി.

ഞാൻ ആ കടലാസ് നിവർത്തി വായിക്കുവാൻ തുടങ്ങി. "നീ എന്താണ് ഉച്ചയ്ക്ക് ഹോസ്റ്റലിലേക്ക് വരാതിരുന്നത്? നിനക്ക് ഒരു കത്തുണ്ടെന്ന് മാനേജർ പറഞ്ഞു."

(എരിഞ്ഞു തീരാറായ എന്റെ ആകാംക്ഷയ്ക്ക് വീണ്ടും ചിറകുകൾ മുളച്ചു.) നോട്ട്ബുക്ക് മടക്കി, ക്ലാസ് തീരാൻ ഞാൻ കാത്തിരിപ്പായി. ഏറെ കാത്തിരിപ്പിനു ശേഷം ആ ക്ലാസ് കഴിഞ്ഞു. സാർ പുറത്തേക്കിറങ്ങുന്ന

തിന് മുമ്പെ ഞാൻ ചാടിയിറങ്ങി. പിന്നെ ഞാൻ ഹോസ്റ്റലിലേക്ക് പായുകയായിരുന്നു. (ഈ ഓട്ടം യൂണിവേഴ്സിറ്റി ലെവൽ അത്‌ലറ്റിക് മീറ്റിൽ കാഴ്ച വെച്ചിരുന്നെങ്കിൽ ഞാൻ ഒരു റെക്കോർഡ് ഇടുമായിരുന്നു.) കിതപ്പോടെ ഹോസ്റ്റലിലേക്ക് പാഞ്ഞെത്തിയ ഞാൻ ലെറ്റർ ബോക്സിൽ നിന്നും ആ കത്ത് പുറത്തെടുത്തു.... 'അത്യാവശ്യം കനമുണ്ട്. വിറയ്ക്കുന്ന കൈകളോടെ, തുടിക്കുന്ന മനസ്സോടെ, മറ്റൊന്നും നോക്കാതെ ഞാനത് തുറക്കാനാരംഭിച്ചു. (ആ സമയത്ത് പല സുന്ദരികളുടെയും മുഖങ്ങൾ മനസിലൂടെ കടന്നുപോയി.) ആ കത്തിന്റെ ആദ്യത്തെ വരി കണ്ടപ്പോൾ തന്നെ എന്റെ തലച്ചോറിലൂടെ ഒരു കൊള്ളിയാൻ മിന്നി.

എന്താണെന്നറിയില്ല. ശരീരത്തിനാകെ വല്ലാത്ത തളർച്ച. ഇടറിയ കാലുകളോടെ ഞാൻ റൂമിലേയ്ക്ക് നടന്നു. കിടക്കയിൽ ചെന്ന് മലർന്നു കിടന്നു. കണ്ണുകളടച്ച് ഞാനാലോചിച്ചു.... ഇനിയുമുണ്ടല്ലോ ഒരു പാട് വാലന്റൈൻസ് ഡേകൾ.. എന്നെങ്കിലും ഒരാൾ വരും. ഇടതു കൈയിൽ ചുരുട്ടിപ്പിടിച്ച ആ കത്തിന്റെ ആദ്യവരികളിലൂടെ ഒന്നുകൂടി കണ്ണോടിച്ചു.

To 10-2-2008

The Secretary
Pamba Men's Hostel

Ref : Quatation Notice No. PMH/49/08
Sub : Quatation for UPS


Dear Sir,

With reference to your enquiry regarding the above, we are enclosing herewith our most competitive quote for UPS Vide // SA/QTN/963 for your kind perusal. Also we would like to introduce ourselves as one of the..............
..............................................................................................
..............................................................................................

Thanking you & looking forward to receive your valuable order.

Yours faithfully
For SOUTHERN ASSOCIATES

S/d
Manager





# കണ്ണുകൾ ചിരിക്കുമ്പോൾ

**കാർത്തിക കെ.എസ്.**
പെഗാസസ് '04

അശാന്തിയുടെ മറവിൽ ഗദ്യകാരന്റെ തൂലിക മൗനം ഭജിച്ചു.
ഗദ്യവും പദ്യവും രണ്ടു സമാന്തര രേഖകൾ
കവിതയെഴുതാൻ ഞാൻ കവിയല്ല.
എങ്കിലും പ്രിയപ്പെട്ടവളേ, നിനക്കായ്...

ഒഴുകിയെത്തിടുമാശംസകൾ നിലയ്ക്കുമ്പോൾ
ഒടുവിലൊരു കോണിൽ കാത്തിരിപ്പായ്
രണ്ടു കണ്ണുകൾ -
ആദ്യദർശന സാഫല്യമണിയിച്ചൊരാഹ്ലാദനിറവായ്.

തീക്ഷ്ണമേതോ ഒരുൾപ്രേരണയോ
വശംവദനാക്കിയെന്നെ -
ഒരിക്കൽക്കൂടി മിഴിമുനയെറിഞ്ഞുതിരഞ്ഞു
എവിടെ ആ കണ്ണുകൾ?

അഗ്നിയായ് പടർന്നൊരാവേശം
സിരകളിലലിഞ്ഞുയരുന്നതറിഞ്ഞു
നടുങ്ങീ ഹൃദയം
ശാശ്വതമീ സത്യമെന്നുമറിഞ്ഞു ഞാൻ

രക്തം ദുഷിപ്പിച്ച ചാരായ നിറവാൽ
ഓപ്പാര് പാടുവാൻ മടിച്ച ഭൃത്യരോ
ചൂണ്ടിക്കാട്ടി മൃതശരീരം
ഒരു നോക്ക് - അടഞ്ഞിരുന്നില്ല മിഴികൾ!


മൗനം അശാന്തിയാൽ വാക്കുകളുതിർത്തു
വീണ്ടും വിഷാദം നിറച്ചപ്പോൾ
ഉതിരുവാൻ വെമ്പിയ ജലകണങ്ങളുമായ്
വീണ്ടും ഞാൻ കണ്ടു... ഞെട്ടലോടെ

ചേതനയറ്റൊരു ശരീരമോ
ഒന്നു പുണരാനാർത്തനായ്...
കൈകൾ വിടർത്തി മുന്നോട്ടാഞ്ഞു
എവിടെ....?

കൈയൊന്നു തട്ടി, പളുങ്കുപാത്രം താഴെവീണു
ചിതറിയ കഷ്ണങ്ങൾ നിറയെ
തുറിച്ച രണ്ടു കണ്ണുകൾ!
ക്ഷണനേരമായുസ്സു നീണ്ടുവോ.
കണ്ണടയും നേരം വീണ്ടും.
പക്ഷേ, അപ്പോഴും ആ കണ്ണുകൾ ചിരിക്കുന്നുണ്ടായിരുന്നു!

ഡോ. സി. ജോർജ് തോമസ്
പ്രൊഫസർ (അഗ്രോണമി)

# നമ്മുടെ ശാസ്ത്രബോധത്തിനെന്തുപറ്റി





തീണ്ടൽ, തൊടീൽ, മണ്ണാപ്പേടി, പുലപ്പേടി. സ്മാർത്ത വിചാരം തുടങ്ങി നിരവധി അന്ധവിശ്വാസജടിലമായ അനാചാരങ്ങൾ നിലനിന്ന നാടാണ് കേരളം. അന്ധവിശ്വാസത്തിൽ മുങ്ങിക്കിടന്നിരുന്ന കേരളത്തിന്റെ അവസ്ഥ കണ്ടാണ് സ്വാമി വിവേകാനന്ദൻ "ഭ്രാന്താലയം" എന്ന് വിശേഷിപ്പിച്ചത്. ഈ അവസ്ഥക്ക് കാതലായ മാറ്റം വരുന്നത് 20-ാം നൂറ്റാണ്ടിലാണ്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലൂടെയും തൊഴിലാളി കർഷക പ്രസ്ഥാനങ്ങളിലൂടെയും നവോത്ഥാനനായകർ ഉയർന്നുവന്നു. അവരുടെ നിരന്തരമായ പ്രവർത്തനങ്ങളിലൂടെയാണ് പല അനാചാരങ്ങളും ഇല്ലാതാവുന്നത്.

കേരളത്തെ മറ്റു സംസ്ഥാനങ്ങളെക്കാൾ വ്യത്യസ്തമാക്കുന്ന ഒരു പിടി കാര്യങ്ങളുണ്ട്. സാക്ഷരത, ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, ശുചിത്വമുള്ള കക്കൂസ്, വൈദ്യുതീകരിച്ച വീട്, സ്വർണ്ണം,വാഹനം ഇവയുടെ ഒക്കെ കാര്യത്തിൽ കേരളം വളരെ മുമ്പിലാണ്. ആത്മഹത്യാനിരക്ക്, വാഹനാപകടം, മദ്യ ഉപഭോഗം, ജീവിതശൈലി രോഗങ്ങൾ എന്നിവയുടെ കാര്യത്തിലും കേരളം വളരെ മുമ്പന്തിയിലാണെന്നതാണ് ആശങ്കാജനകം. ഇന്ത്യയുടെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ഇടത്തരക്കാരുടെ ആധിപത്യം കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. യുക്തിചിന്തക്കും, ശാസ്ത്രബോധത്തിനും ഏറ്റവുമധികം പ്രതിരോധം തീർക്കുന്നത് മധ്യവർഗ്ഗമാണ്.

### ഒരടി മുന്നോട്ട് രണ്ടടി പിന്നോട്ട്

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറെയൊക്കെ ചരിത്രപരമാണ്. പലതും മാറുന്നുണ്ട്. വൈദ്യുതിയും തെരുവു വിളക്കുകളും വ്യാപകമായതോടെ കുറെയധികം ഭൂത, പ്രേത, പിശാചുക്കളും യക്ഷി ഗന്ധർവ്വന്മാരുമൊക്കെ നാടുവിട്ടതാണ്. പക്ഷേ, വിദ്യാസമ്പന്നർ വാണിജ്യ ആത്മീയതക്കും പുത്തൻ അന്ധവിശ്വാസങ്ങൾക്കും കീഴ്പ്പെടുന്ന ദുഃഖകരമായ കാഴ്ചയാണിന്നുള്ളത്. ശാസ്ത്രവും സാങ്കേ

തിക വിദ്യകളും നൽകുന്ന എല്ലാ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുമ്പോൾ തന്നെ യുക്തിരഹിതകാര്യങ്ങൾ ചെയ്യാൻ ഒട്ടും മടിയില്ല! വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷണം, ആർഭാടം എന്നിവയിൽ ഈ വൈരുദ്ധ്യം കാണാം. പ്രകൃതിയിൽ നിന്ന് അകന്ന്, കമ്പോള ശക്തികളുടെ പുറകെ പോകാനും പ്രകടനപരമായ ഭക്തിയുമായി നടക്കാനും ഇക്കൂട്ടർ മടി കാണിക്കുന്നില്ല.

മലയാളം മാദ്ധ്യമമായിട്ടുള്ള വിദ്യാലയങ്ങളോട് പുച്ഛം വളർന്നു വരുന്നതായി കാണാം. യുവതലമുറക്ക് "മംഗ്ലീഷ്" ആണ് പ്രിയം! ടെലിവിഷൻ അവതാരകരുടെ മംഗ്ലീഷ് കേട്ട് ആസ്വദിക്കാനും അവരെ ഏറ്റവും മികച്ച അവതാരകരായി തിരഞ്ഞെടുക്കാനും പ്രേക്ഷകർ മത്സരിക്കുന്നു എന്നത് അല്പം ആശങ്കയോടെയേ കാണാനാവൂ. സ്കൂൾ പഠനമെന്നാൽ പ്രവേശന പരീക്ഷക്ക് വേണ്ടിയുള്ള പഠനം മാത്രമായി തരംതാണു പോയിരിക്കുന്നു. സാമൂഹ്യ യാഥാർത്ഥ്യങ്ങളൊന്നും കാണാനോ മനസ്സിലാക്കാനോ സ്വാതന്ത്ര്യമില്ലാത്ത, അരാഷ്ട്രീയവൽക്കരിക്കപ്പെട്ട സ്കൂളുകളിൽ നിന്നും ട്യൂഷൻ സെന്ററുകളിൽ നിന്നും അടവെച്ച് വിരിഞ്ഞിറങ്ങുന്ന നാളത്തെ ഡോക്ടർമാരും മറ്റു പ്രൊഫഷണലുകളും ആരുടെ താത്പര്യമാണ് സംരക്ഷിക്കുക? ശുദ്ധശാസ്ത്രം പഠിക്കാൻ കുട്ടികളെ കിട്ടുന്നില്ലെന്ന സ്ഥിതിയും ആശങ്കാജനകം തന്നെ.

ഏറ്റവും വഷളായി കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ആരോഗ്യരംഗം. കൂണുപോലെ സ്വകാര്യ ആശുപത്രികൾ. "കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി" എന്ന രീതിയിലാണ് ഡോക്ടർമാരുടെയും മരുന്നു കമ്പനികളുടെയും പ്രവർത്തനം. ചെറിയ രോഗങ്ങൾക്ക് വലിയ ചികിത്സ നിശ്ചയിക്കുന്ന ഭിഷഗ്വരന്മാർ ഹിപ്പോക്രാറ്റിക് പ്രതിജ്ഞ ഒരു മടിയും കൂടാതെ കാറ്റിൽ പറത്തുകയാണ്. പല അസുഖങ്ങളും ജീവിതശൈലി രോഗങ്ങളാണ്. ജീവിതശൈലി മാറ്റിയാൽ സ്വയം മാറുന്നവ!

നമ്മുടെ ഭക്ഷണരീതിയും മാറുന്നു എന്നതാണ് മറ്റൊരു സമകാലീനപ്രശ്നം. നാടിനും കാലാവസ്ഥക്കും ചേർന്ന നാടൻ ഭക്ഷണം മാറ്റി "ചൈനീസ് ഫുഡും", "പിസ"യുമെല്ലാം കയറിവരുന്നു. മാംസോല്പന്നങ്ങളുടെ ഉപഭോഗം പതിന്മടങ്ങായിരിക്കുന്നു. ഒരു കിലോഗ്രാം മാട്ടിറച്ചി ലഭിക്കണമെങ്കിൽ 20 കിലോഗ്രാം ധാന്യമെങ്കിലും ചിലവാകുമെന്നാണ് കണക്ക്. കൂടുതലാളുകൾ സസ്യേതര ഭക്ഷണത്തിലേക്ക് മാറുന്നത് ചില രാജ്യങ്ങളിലെങ്കിലും പട്ടിണിക്ക് കാരണമായി മാറുന്നുണ്ട് (ആഗോള താപനത്തിലേക്കുള്ള സംഭാവന പുറമെ!)

**"സ്കൂൾ പഠനമെന്നാൽ പ്രവേശന പരീക്ഷക്ക് വേണ്ടിയുള്ള പഠനം മാത്രമായി തരംതാണു പോയിരിക്കുന്നു. സാമൂഹ്യ യാഥാർത്ഥ്യങ്ങളൊന്നും കാണാനോ മനസ്സിലാക്കാനോ സ്വാതന്ത്ര്യമില്ലാത്ത, അരാഷ്ട്രീയവൽക്കരിക്കപ്പെട്ട സ്കൂളുകളിൽ നിന്നും..............."**

വീട് നിർമ്മാണമാണ് പാടേ മാറിപ്പോയ മറ്റൊരു രംഗം. സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തുന്നതിനുപയോഗിക്കുന്ന മലയാളി അപഹരിക്കുന്നത് നല്ല കണ്ണായ കൃഷിഭൂമിതന്നെ. അന്താരാഷ്ട്ര നിലവാരം പറയുന്നത് ഒരു വ്യക്തിക്ക് ശരാശരി 20 ച.മീ. ക്രമത്തിലുള്ള വീടുമതിയെന്നാണ്. നാലുപേരുള്ള കുടുംബത്തിന് 80 ച.മീ. (800 ച.അടി) സാധാരണഗതിയിൽ മതിയാവും. പക്ഷേ മിക്കവാറും വീടുകൾക്ക് 2000 ച. അടി (5 സെന്റ്) ആണ് വലുപ്പം. ഇതിനു ചുറ്റും 2-3 സെന്റ് സ്ഥലമെങ്കിലും പൂന്തോട്ടത്തിനും നഷ്ടപ്പെട്ടാൽ ഓരോ വർഷവും കൃഷിയില്ലാതാവുന്ന എന്തു മാത്രം ഭൂമിയുണ്ടാവുമെന്ന് ആലോചിച്ചു നോക്കുക. സ്വന്തമായി വീടില്ലാതെ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്ന പതിനായിരങ്ങൾ ഉള്ള നാട്ടിലാണ് ലജ്ജാകരമായ വലുപ്പവും ആഡംബരവുമുള്ള വീടുകൾ അരങ്ങേറുന്നത്. വാസ്തു നോക്കാതെ വീടുപണിയില്ലെന്നത് വേറെ കാര്യം!

പരസ്യങ്ങൾക്ക് പെട്ടെന്ന്



കീഴ്പ്പെടുന്ന മനസ്സാണ് മലയാളിയുടേത്. വിശ്വാസത്തിന്റേയും അന്ധവിശ്വാസത്തിന്റേയും പേരിൽ മലയാളിയെ പെട്ടെന്ന് കബളിപ്പിക്കാം. സന്തോഷ് മാധവനും, ദിവ്യാജോഷിയും, തങ്കുബ്രദറുമൊക്കെ ഭക്തി വ്യവസായത്തിന്റെ ഉല്പന്നങ്ങളാണ്. ആർക്കും ആൾദൈവമായി വിലസാം. "അക്ഷയതൃതീയ" എന്ന തട്ടിപ്പ് കേരളത്തിൽ മുമ്പുണ്ടായിരുന്നില്ല. അടുത്ത കാലത്ത് ഇതിന്റെ വാണിജ്യമൂല്യം മനസ്സിലാക്കി കച്ചവടക്കാർ വലിയ തോതിൽ പരസ്യം ചെയ്തു തുടങ്ങിയതോടെയാണ് ഉന്നതബിരുദമുള്ളവർ പോലും സ്വർണ്ണക്കടയുടെ മുമ്പിൽ ക്യൂ നിൽക്കാൻ തുടങ്ങിയത്.

പ്രകടനപരമായ ഭക്തിയാണ് പുതിയ ഭ്രമം. ആരാധനാലയങ്ങൾ മോടിപിടിപ്പിക്കുന്നു, ആചാരങ്ങൾ പുനരുജ്ജീവിപ്പിക്കുന്നു, ധ്യാനകേന്ദ്രങ്ങൾ, ആൾദൈവങ്ങൾ ഇവ ഉയർന്നു വരുന്നു: പരമകാരുണികനും, സർവ്വശക്തനും, ദീനദയാലുവും, നീതിമാനും, സ്നേഹസമ്പന്നനും, സർവ്വജ്ഞനുമായ ദൈവത്തിനു പകരം തന്റെ മോഹങ്ങൾ സാധിപ്പിച്ചു തരുന്ന, സമ്മാനങ്ങളിലും, പുകഴ്ത്തലിലും സംപ്രീതനാകുന്ന ദൈവസങ്കല്പം കച്ചവട സൃഷ്ടിയാണ്. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം തികച്ചും സാമ്പത്തികമായി മാറ്റുന്നത് വ്യക്തമായ ലക്ഷ്യങ്ങളോടെയാണ്. കൊടും പാപങ്ങൾ ഇല്ലാതാക്കാനും, സമ്പൽസമൃദ്ധി നേടാനും, അനർഹമായ സ്ഥാനമാനങ്ങൾ നേടാനും പൂജാദി ഹോമങ്ങളും, വഴിപാടുകളും സഹായിക്കുമെന്ന ധാരണ അരക്കിട്ടുറപ്പിക്കുന്നത് സമൂഹത്തിന് ആപത്താണ്.



ജ്യോതിഷത്തോടുള്ള ഭ്രമം കൂടി വരികയാണ്. ചൊവ്വാദോഷത്തിന്റെ പേരു പറഞ്ഞ് എത്ര പെൺകുട്ടികളെയാണ് കണ്ണീര് കുടിപ്പിക്കുന്നത്. ഇതെല്ലാം നോക്കി നടത്തുന്ന വിവാഹങ്ങൾ പെട്ടെന്നുതന്നെ തകർന്നു പോവുന്നതിന് ഇവർക്കെന്തു ന്യായീകരണമാണ് ഉള്ളത്? നാൾപ്പൊരുത്തമൊന്നും നോക്കാതെ വിവാഹത്തിലേർപ്പെടുന്നവരും ഇതെല്ലാം നോക്കി വിവാഹത്തിലേർപ്പെടുന്നവരും വിവാഹത്തിനു ശേഷമുള്ള "പൊരുത്ത" കാര്യത്തിൽ ശ്രദ്ധിക്കത്തക്ക വ്യത്യാസമൊന്നുമില്ലെന്നാണ് ഗവേഷണ ഫലങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

യുക്തിചിന്തയെന്നാൽ നിരീശ്വരത്വമല്ല. വിശ്വാസവും ശാസ്ത്രബോധവും രണ്ടാണ്. വിശ്വാസിക്ക് വിശ്വസിക്കാം. വിശ്വാസത്തിൽ ശാസ്ത്രമുണ്ടെന്ന് പറയുമ്പോഴേ ശാസ്ത്രജ്ഞന് കുണ്ഠിതപ്പെടേണ്ടതുള്ളൂ. ശാസ്ത്രവും വിശ്വാസവും സമാന്തരമായിപ്പോവുന്നു എന്നു കരുതിയാൽ മതി. ശാസ്ത്രജ്ഞന്മാരിൽ പലരും ദൈവവിശ്വാസികളാണെന്നും ഓർക്കുക.

**കപടശാസ്ത്രങ്ങളെ തിരിച്ചറിയുക**

ശാസ്ത്രത്തിന്റെ വേഷമിട്ട് അവതരിക്കപ്പെടുന്ന കപടശാസ്ത്രങ്ങളെ തിരിച്ചറിയുക തന്നെ വേണം. ഇവ ശാസ്ത്രത്തിന്റെ രീതിക്ക് വഴങ്ങുന്നവയല്ല. എന്താണ് ശാസ്ത്രത്തിന്റെ രീതി? നിരീക്ഷണങ്ങളിലൂടെ പ്രശ്നം മനസ്സിലാക്കി പരികല്പനയിൽ എത്തിച്ചേരുക. പരീക്ഷണം നടത്തി അല്ലെങ്കിൽ തെളിവുകൾ ശേഖരിച്ച് ഫലം വിശകലനം ചെയ്ത് പരികല്പന തള്ളിക്കളയുകയോ, പരിഷ്ക്കരിക്കുകയോ, തിരുത്തുകയോ ചെയ്യുക. ഇവിടെ ഉപയോഗിക്കുന്ന യുക്തിക്ക് ആഗമനയുക്തി (**inductive logic**) എന്നാണ് വിളിക്കുക. പുതിയ വിവരങ്ങളും കണ്ടുപിടുത്തങ്ങളും ഉണ്ടാവുന്നത് ആഗമന യുക്തിവഴിയാണ്. ഇതോടൊപ്പം മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ അതേപോലുള്ള പ്രതിഭാസങ്ങളെ വിശദീകരിക്കുന്നതിനുപയോഗിക്കുന്ന നിഗമനയുക്തിയും (**deductive logic**) ഉണ്ട്. ശാസ്ത്രം ഇവ രണ്ടും ഉപയോഗിക്കുന്നു.

നിത്യ ജീവിതത്തിലും ശാസ്ത്രത്തിന്റെ രീതി പ്രയോഗിക്കാം. ഒരുദാഹരണം നോക്കാം. നിങ്ങൾ കുടുംബത്തോടൊപ്പം രണ്ടാഴ്ചത്തെ ഒഴിവുകാലം ആസ്വദിച്ചശേഷം വീട്ടിൽവരുന്നു. മുൻവശത്തെ ബൾബിന്റെ സ്വിച്ചിട്ടു. ബൾബ് കത്തുന്നില്ല.

നിങ്ങൾക്ക് മുമ്പിൽ രണ്ട് നിഗ മനങ്ങൾക്ക് സാദ്ധ്യതയുണ്ട്. (1) ബൾബ് ഫ്യൂസായി. (2) വൈദ്യുതിയില്ല. ആദ്യത്തേത് പരിശോധിച്ച് തള്ളിയാൽ വൈദ്യുതിയില്ല എന്ന നിഗമനം അംഗീകരിക്കും. അതിന്റെ കാരണങ്ങൾ പരികല്പന രൂപ ത്തിൽ എഴുതാം.

1. ഷോർട്ട് സർക്യൂട്ട് വന്ന് ഫ്യൂസ് പോയി - ഫ്യൂസ് കെട്ടി നോക്കിയാൽ അറിയാം.

2. വൈദ്യുതി മൊത്ത ത്തിൽ പോയി - അടുത്ത വീടു കളിൽ അന്വേഷിച്ചാൽ ഉറപ്പി ക്കാം.

3. ഇലക്ട്രിസിറ്റി ബിൽ അടക്കാത്തതിനാൽ കെ.എസ്. ഇ.ബി.ക്കാർ ബന്ധം വിച്ഛേദിച്ചു.

> **“ ജോത്സ്യം ഫലിച്ചില്ലെങ്കിലും പ്രശ്നമില്ല. താത്കാലിക വിശദീകരണങ്ങൾ കൊണ്ടു ജനം തൃപ്തിയടയും. “ജനന സമയം കുറിച്ചത് കൃത്യമായിരിക്കില്ല, ജ്യോതിഷിയുടെ കണക്കുകളിൽ പിശകു വന്നിരിക്കാം, മറ്റുള്ളവ രുടെ ഗ്രഹനിലകളിൽ പിശക് വന്നിരിക്കാം.” സൗരയൂഥത്തിൽ എത്രഗ്രഹങ്ങളുണ്ടെന്ന കാര്യം തിട്ടമില്ലെങ്കിലും ജ്യോതിഷത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ.... ”**

ഇങ്ങനെ വിശകലനം ചെയ്തു മുന്നേറുകയാണ് ശാസ്ത്രീയ രീതി. പകരം “കുട്ടിച്ചാത്തന്റെ ഉപദ്രവം കൊണ്ടാണ് ബൾബ് തെളിയാത്തത്” എന്ന് പറഞ്ഞ് കാത്തിരുന്നാലോ? നമ്മൾ അഭിമുഖീകരിക്കേണ്ടിവ രുന്ന പരാജയങ്ങളുടെയും വിഷമസന്ധികളുടെയും കാരണങ്ങൾ മേല്പറഞ്ഞ പോലെ വിശകലനം ചെയ്ത് മുന്നേറാതെ, ആൾദൈവങ്ങളുടെയും ജ്യോതി ഷികളുടെയും അടുത്ത് അഭയം പ്രാപിക്കുകയോ അല്ലെങ്കിൽ വിധിയാണെന്ന് പരിതപിക്കുകയോ ചെയ്യു ന്നതുകൊണ്ട് ഒരു പ്രയോജനവും ലഭിക്കില്ല.

**അസത്യവൽക്കരണവും ശാസ്ത്രവും**

ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത നായ ശാസ്ത്ര തത്വചിന്തകനാണ് കാൾ റെയ്മണ്ട് പോപ്പർ (1902-1994). പരികല്പനകളുടെയും സിദ്ധാ ന്തങ്ങളുടെയും ഒരു കുഴപ്പം അദ്ദേഹം കണ്ടുപിടിച്ചു. ആർക്കും സിദ്ധാന്തങ്ങ ളുണ്ടാക്കാം! ശരിയാ ണെന്ന് വാദിക്കുകയും തെളിവുകൾ നിരത്തു കയും ചെയ്യാം. “ലോക ത്ത് യക്ഷികൾ ഉണ്ട്. പക്ഷേ, അവയെ എല്ലാ വർക്കും കാണാൻ പറ്റി ല്ല.” എന്ന പരികല്പന നോക്കാം. സാക്ഷ്യം പറയാൻ ധാരാളം പേർ മുന്നോട്ടു വരു മെന്നതുകൊണ്ട് ഇത് തെളിയി ക്കപ്പെട്ടു കൊണ്ടേയിരിക്കും. “കാണാൻ പറ്റില്ല” എന്ന് പരി കല്പനയിൽ ഉള്ളതുകൊണ്ട് ഒരു കാലത്തും തെറ്റാണെന്ന് തെളിയിക്കാൻ കഴിയില്ല!




പോപ്പർ മുമ്പോട്ടുവെ ച്ചത്, സിദ്ധാന്തങ്ങൾ ശരിവെ ക്കാൻ ശ്രമിക്കുന്നതിന് (**verificationism**) പകരം തെറ്റാണെന്ന് തെളിയിക്കാൻ സാദ്ധ്യതയുള്ളതായിരിക്കണ മെന്നാണ് (**falsifiability**). “ലോകത്ത് യക്ഷികൾ ഇല്ല” എന്ന പരികല്പനയാണ് പോപ്പറിന്റെ അഭിപ്രായത്തിൽ ശാസ്ത്രീയം. കാരണം ഈ പരികല്ന തെറ്റാണെന്ന് സ്ഥാപിക്കാൻ കഴിയുന്നതാണ്. ഏതെങ്കിലും കാലത്ത് ഒരു യക്ഷിയെ കണ്ടു കിട്ടിയാൽ ഈ പരി കല്പന തെറ്റാണെന്ന് തെളിയുമല്ലോ? അങ്ങനെ തെറ്റാണെന്ന് തെളിയിക്കപ്പെടുന്നതു വരെ ഈ പരി കല്പന സാധുവാണ്!

അസത്യവൽക്കരണം (**falsifiability**) എന്ന ഗുണം പരികല്പന (**hypothesis**), സിദ്ധാന്തം (**Theory**), നിയമം (**law**) എന്നിവക്കുണ്ടായിരിക്കണം. ഇവ തെറ്റാണെന്ന് തെളിയിക്കുക അല്ലെങ്കിൽ അസ ത്യമാണെന്ന് തെളിയിക്കുക എന്നതിനർത്ഥം അങ്ങിനെ സംഭവിക്കണമെന്നല്ല. അതിനുള്ള സാദ്ധ്യത പരികല്പനകൾ രൂപീകരിക്കുമ്പോൾ തന്നെ ഉണ്ടാവണമെന്നാണ്.

മറ്റൊരു ഉദാഹരണം നോക്കാം. നാം കുറെ കാക്കകളെ കണ്ടു. കാണുന്ന കാക്കകളെല്ലാം കറു ത്തതാണ്. ആഗമനയുക്തി ഉപയോഗിച്ച് നാം പരി കല്പന ചെയ്യുന്നു.

“എല്ലാ കാക്കകളും കറുത്തതാണ്.”

ഈ പ്രസ്താവന അസത്യവല്ക്കരണത്തിന് വിധേയമാണ്. കാരണം കറുത്തതല്ലാത്ത ഏതെ ങ്കിലും കാക്കകളെ എവിടെയെങ്കിലും കണ്ടെത്താ നുള്ള സാദ്ധ്യത തള്ളിക്കളഞ്ഞിട്ടില്ല. അങ്ങിനെ സംഭവിച്ചാൽ പരികല്പന തിരുത്തും. ശാസ്ത്രീ യപരികല്പനകളുടെയും സിദ്ധാന്തങ്ങളുടെയും മുഖ



മുദ്ര ഈ അസത്യവല്ക്കരണം എന്ന ഗുണമാണ്.

പക്ഷേ, സമൂഹത്തിൽ നിലനില്ക്കുന്ന "കപട ശാസ്ത്രങ്ങൾ" ഒരിക്കലും അസത്യവല്ക്കരണത്തിന് വിധേയമാവില്ല. തെറ്റാണെന്ന് തെളിയിക്കാൻ യാതൊരു പഴുതുമില്ലാത്ത മട്ടിലാവും ഇവ. അവ സാക്ഷ്യങ്ങളിലൂടെ ശരിയാണെന്ന് പ്രചരിക്കപ്പെട്ടു കൊണ്ടേയിരിക്കും. ജ്യോത്സ്യം ഫലിച്ചില്ലെങ്കിലും പ്രശ്നമില്ല. താത്കാലിക വിശദീകരണങ്ങൾ കൊണ്ടു ജനം തൃപ്തിയടയും. "ജനന സമയം കുറിച്ചത് കൃത്യമായിരിക്കില്ല, ജ്യോതിഷിയുടെ കണക്കുകളിൽ പിശകു വന്നിരിക്കാം, മറ്റുള്ളവരുടെ ഗ്രഹനിലകളിൽ പിശക് വന്നിരിക്കാം." സൗരയൂഥത്തിൽ എത്രഗ്രഹങ്ങളുണ്ടെന്ന കാര്യം തിട്ടമില്ലെങ്കിലും ജ്യോതിഷത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ തെറ്റാണെന്ന് അവർ ഒരിക്കലും സമ്മതിച്ചു തരില്ല. (ജ്യോതിഷികൾക്ക് സൂര്യൻ, രാഹു, കേതു എന്നിവയും, ഗ്രഹങ്ങളാണല്ലോ?) ഇതുതന്നെയാണ് സമൂഹത്തിൽ നിലനിൽക്കുന്ന മിക്ക കപടശാസ്ത്രങ്ങളുടെയും ഗതി. ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. മന്ത്രവാദം, ഹസ്തരേഖ, പ്രശ്നം, ടെലിപ്പതി, കണി, കരിനാക്ക്, കരിങ്കണ്ണ്, ന്യൂമറോളജി, വാസ്തുവിദ്യ, റെയ്കി, ഡൗസിംഗ്, ഭൂതോദയം, കപടവൈദ്യങ്ങൾ, ബയോഡൈനാമിക്സ് പോലുള്ള കപടകൃഷിരീതികൾ; ലിസ്റ്റ് പൂർണ്ണമാവുന്നില്ല.

**ശാസ്ത്രചിന്തയിൽ നിന്ന് ജനങ്ങൾ അകലുന്നുവോ?**

ഒരു വശത്ത് ശാസ്ത്രത്തിന്റെ നേട്ടങ്ങളെല്ലാം ഉപയോഗിക്കുമ്പോൾ തന്നെ ശാസ്ത്രീയ രീതിയെ തള്ളിപ്പറയുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ശാസ്ത്രത്തിന്റെ സങ്കീർണ്ണതയും ജനവിരുദ്ധ പ്രയോഗവുമാകാം കാരണങ്ങൾ. സാധാരണ ജനങ്ങൾ യുക്തിചിന്തയിൽ നിന്ന് തെന്നി മാറുന്നതിന് കാരണങ്ങൾ പലതാണ്.


1. സാമൂഹ്യ അരക്ഷിതത്വം: ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം മറ്റു ശക്തികളിലേക്ക് സാധാരണ ജനങ്ങളെ നയിക്കുന്നു.

2. സമൂഹത്തിന്റെ മൂല്യച്യുതി : ഇത് വലിയൊരു വിശ്വാസ തകർച്ചയുടെ പ്രശ്നമാണ്. മാതൃകകൾ ഇല്ലാതാവുന്നു; ജനം സാങ്കല്പിക മാതൃകകളെ വരിക്കുന്നു.

3. ശാസ്ത്രത്തിന്റെ മൂല്യബോധത്തെ സംബന്ധിച്ച അറിവില്ലായ്മ: ശാസ്ത്രത്തിന് മൂല്യബോധമുണ്ടോ എന്നാവും ജനം സംശയിക്കുക.

4. ശാസ്ത്രത്തിനുള്ളിൽ നിന്നും വെല്ലുവിളി: ക്വാണ്ടം മെക്കാനിക്സ്, കെയോസ് സിദ്ധാന്തം, സങ്കീർണ്ണതാ സിദ്ധാന്തം, ഉത്തരാധുനിക ദർശനങ്ങൾ എന്നിവ അടുത്ത കാലത്ത് ഉയർന്ന് വന്നവയാണ്. ഇവയും സാധാരണക്കാരെ ശാസ്ത്രത്തെ സംശയത്തോടെ വീക്ഷിക്കാനിടയാക്കി.

ശാസ്ത്രം പല വെല്ലുവിളികളെയും നേരിടുകയാണ്. ഭരണകൂടത്തിന്റെ നിസ്സംഗതയും, ഫണ്ട് ദൗർലഭ്യവും ശാസ്ത്രഗവേഷണങ്ങളെ മുരടിപ്പിച്ചു കൊണ്ടിരിക്കുന്നു. എന്തെല്ലാം വെല്ലുവിളികളുണ്ടെങ്കിലും അറിവ് നേടാനുള്ള മെച്ചപ്പെട്ട മാർഗ്ഗമായി ശാസ്ത്രം തുടരുക തന്നെ ചെയ്യും. ശാസ്ത്രം മറ്റേതൊരു അന്വേഷണ രീതികളെക്കാളും മികച്ചതാണെന്ന യാഥാർത്ഥ്യമാണ് നമ്മെ നയിക്കേണ്ടത്.



ജാൻസി. ജെ.
ആവലോൺ '08



# പാഠം

മഴയ്ക്കുള്ളിൽ വെയിലും, വെയിലിനുള്ളിൽ മഴയും
ഒളിപ്പിച്ച പ്രകൃതിയും,
തെളിഞ്ഞ മുഖത്ത് പെയ്യാൻ വെമ്പി നില്ക്കുന്ന
മഴമേഘങ്ങളെ കാത്തുവെച്ച ആകാശവും,
പരന്ന ശാന്തതയ്ക്കുള്ളിൽ ആഴക്കയങ്ങളുടെ
കെണിയൊരുക്കുന്ന സമുദ്രവും,
എന്നെ പഠിപ്പിച്ചതെന്താണ്?
കരയുമ്പോൾ ചിരിക്കാനും ചിരിക്കുമ്പോൾ കരയാനും

# ഞാൻ

മനസ്സിൽ ഓർമ്മകളുടെ കടലിരമ്പുമ്പോൾ,
കാലം സാക്ഷിയായി എന്നിൽ പെയ്തിറങ്ങിയ
മഴത്തുള്ളികളിൽ ഞാനെൻ സ്വത്വം തേടി.
മേഘജാലങ്ങൾ തീർത്ത പൊയ്മുഖങ്ങളിൽ ഞാനെൻ മുഖം തിരഞ്ഞു.
ചീറിയടുത്ത കൊടുങ്കാറ്റിൽ ഞാനെൻ ആത്മാവിനായ് അലഞ്ഞു.

തിരയുന്നതെല്ലാം എന്നോ നഷ്ടപ്പെട്ടെന്ന തിരിച്ചറിവിൽ
പകച്ചിരുന്ന എന്നോട് ദൈവം പറഞ്ഞു
'മനുഷ്യാ നീ മണ്ണാകുന്നു'
കാലത്തിന്റെ കണക്കുപുസ്തകത്തിലെ നഷ്ടമായി സ്വയം
രേഖപ്പെടുത്തി, ഞാൻ മണ്ണിലലിയട്ടെ.

**ആർഷ ബാലകൃഷ്ണൻ,**
പോസിഡോൺ '07

തേനും പാലും ഒഴുകുന്ന ഒരു വിശുദ്ധദേശത്തെപ്പറ്റി യഹൂദരുടെ മതഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. ദൈവം, തിരഞ്ഞെടുക്കപ്പെട്ടവർക്ക് വാഗ്ദത്തസമ്മാനമായി നൽകിയ 'ഭൂമിയിലെ സ്വർഗ്ഗം' ആ പുണ്യദേശമാണ് കാനാൻ ദേശം. അതായത് ഇന്നത്തെ ഇസ്രായേലും പാലസ്തീനും തമ്മിൽ ചേരുന്ന സ്ഥലം.

എന്നാൽ കാലം പാദമുദ്രകൾ പതിപ്പിച്ച് പിൻവാങ്ങിയപ്പോൾ ദൈവം പോലും വാഗ്ദത്തഭൂമിയെ കൈവെടിഞ്ഞു. പകയും ക്രൂരതയും വംശീയതയും മുഖമുദ്രയാക്കിയ മനുഷ്യരുടെ ചെയ്തികൾ മൂലം ഇന്നാ വിശുദ്ധദേശം അശാന്തിയുടെ തീരമാണ്. ഇന്നവിടെ തേനിനും പാലിനും പകരം ചോരയും കണ്ണീരും ഇടതിങ്ങി ഒഴുകുന്നു. ശാന്തിയുടെയും സമാധാനത്തിന്റെയും ചിറകടിയൊച്ചകൾക്കു പകരം കേൾക്കുന്നത് യുദ്ധത്തിന്റെ പടഹധ്വനികളാണ്.

1948 മെയ് 14-ന് ദീർഘനാളത്തെ പാലായനങ്ങൾക്കും സെമറ്റിക് വേട്ടകൾക്കും ശേഷം ഓരോ യഹൂദന്റെയും അടങ്ങാത്ത സ്വപ്നമായ 'ഇസ്രായേൽ' എന്ന ലോകത്തിലെ ഒരേയൊരു ജൂതരാജ്യം രൂപീകൃതമായതോടെ ആരംഭിച്ച ഈ യുദ്ധങ്ങളും കൊലപാതകങ്ങളും ഇപ്പോഴും നിർവിഘ്നം തുടർന്നുകൊണ്ടിരിക്കുന്നു.

പലസ്തീനികൾക്ക് എന്നും ലോകത്തോട് പറയാനുള്ളത് അന്തമില്ലാത്ത യുദ്ധങ്ങളുടെയും നഷ്ടങ്ങളുടെയും വേർപാടുകളുടെയും കണക്കുകളാണ്. അതിമാരകമായ, മനുഷ്യനെ ഇഞ്ചിഞ്ചായി നശിപ്പിച്ചു കൊല്ലുന്ന നിരോധിക്കപ്പെട്ട രാസായുധങ്ങൾ വരെ അവർ പലസ്തീനികൾക്കു നേരെ പ്രയോഗിച്ചു. ഗാസാ മുനമ്പാകെ തകർത്തു തരിപ്പണമാക്കി. അനേകായിരം ജനങ്ങളെ കാലപുരിക്കയച്ചതിനും, അതിലുപരി ആളുകളെ ദുരിതങ്ങളുടെ തീരാക്കയത്തിലേക്ക് തള്ളിയിട്ടതിനും ശേഷമാണ് അവർ പിൻമാറിയത്.

അമേരിക്കയുടെ സഹായത്തോടുകൂടി, ആയുധശക്തിയിലും അത്യാധുനിക സാങ്കേതിക വിദ്യകളിലും അഗ്രഗണ്യരായ ഇസ്രായേൽ തങ്ങളുടെ ധാർഷ്ട്യം കാണിക്കുന്നത് തങ്ങളെ നേരിടാൻ അല്പം പോലും ശേഷിയില്ലാത്ത ഒരു രാജ്യത്തോടാണ്. ഐക്യരാഷ്ട്ര സംഘടനയുടെ നിരോധനാജ്ഞകളെപ്പോലും അവർ മുഖവിലയ്ക്കെടുക്കുന്നില്ല.

ഇന്നിപ്പോൾ ഭൂമിയിലെ നരകമായി പാലസ്തീൻ മാറിയിരിക്കുന്നു. 19-ാം നൂറ്റാണ്ടിൽ ഹിറ്റ്ലറുടെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ അതിക്രൂരമായ പീഡനങ്ങൾക്കും വംശഹത്യക്കും ഇരയായവരുടെ പിൻഗാമികൾ തന്നെ ഇതിനു നിമിത്തമായി എന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വൈരുദ്ധ്യാത്മകതയും.

ഇനി വരാൻ പോകുന്ന നാളുകളെങ്കിലും കാനാൻ ദേശത്തിന് ശാന്തിയും സമാധാനവും സമ്മാനിക്കുമെന്ന നമുക്ക് പ്രതീക്ഷിക്കാം. 'യാക്കോബിന്റെ സന്തതിപരമ്പര'കൾക്ക് ഇനിയെങ്കിലും ബോധോദയമുണ്ടാവാൻ കാത്തിരിക്കാം. ഇനിയും ആ വിശുദ്ധദേശം, തേനും പാലും ഒഴുകുന്ന; ഭൂമിയിലെ പറുദീസയായി മാറട്ടെ.. !



# ശ്മശാനഭൂമി







# വിരഹം

"വഴി മറക്കുവാൻ വന്നിരിക്കുന്നു നാ-
മിനിയൊരിക്കലും ചേരാതെ നെഞ്ചിന്റെ
യുറവ പൊട്ടിക്കിനിഞ്ഞു ചോരുമ്പോഴും
പകരുവാൻ ബാക്കിവക്കുവാനെന്തുണ്ട്?
പ്രണയമിറ്റുവാൻ വറ്റിയുണങ്ങുവാൻ
മഴയിലന്നിട്ട ഹൃദയമല്ലാതിനി"



എല്ലാ കാലത്തും എല്ലാ ക്യാമ്പസുകളിലും
ഇത് സംഭവിക്കുന്നു.
പഠിപ്പിന് പഠിപ്പ്, പാട്ടിന് പാട്ട്, ഡാൻസിന് ഡാൻസ്
അങ്ങനെ എല്ലാം.......
ഒക്കെ പുലിക്കുട്ട്യോള്.
അവരങ്ങനെ ചേട്ടന്മാരും ചേച്ചിമാരുമായിട്ട് നിക്കുമ്പോ
മ്മക്ക് ഒരു സുഖാർന്നു. ഒരു ധൈര്യാർന്നു അല്ലേ.....
എല്ലാം തീരുവാണിഷ്ടാ.......
ചിറകുവിരിച്ച് ആ ഒരു വെള്ളക്കുതിര അങ്ങനെ പറക്കാണ്.
ഓർക്കുമ്പോ ഒരു കാളൽ...... നെഞ്ചിന്റെയുള്ളിലേ.
അടുത്ത കൊല്ലം അല്ലേൽ അതിന്റെയടുത്തകൊല്ലം
മ്മളും ഇറങ്ങണ്ടേ. അല്ല ഇത്രപേര് പോയിരിക്കണു......
വരുമ്പോ മ്മള് വിചാരിക്കും:
ഒക്കെ, ഈ ക്യാമ്പസും, കോളേജും, റോഡും, റൗണ്ടും
ഒക്കെ മ്മടെയാന്ന്.
പോകുമ്പോ ഒന്നും മ്മടെയല്ലാതാവാ.
അല്ല അവിടയല്ലേ മാളേ മൊത്തം പോയിട്ടും കിടക്കണേ....
പോകാതെയെന്ത് ചെയ്യാനാ...
"മറക്കുമോന്നൊക്കെ ചോദിച്ചാ
ഇതൊക്കെ മറക്കണെങ്കി നമ്മളെന്തൊക്കെ മറക്കണം" ???

Anagha E.V.
Avalon '08



# 'As a song of awakening'

*I saw the calm countenance,*
*Solacing and smiling at me.*
*In the midnight phase of my life,*
*In my troublesome period,*
*He came up to me and gave me light,*
*To walk through the shadows and meadows of life*

*As a song of awakening*
*It thrived in my heart.*

*An unspeakable happiness thrilled my days*
*To walk through His path,*
*To creep into His World,*
*I'm longing.*

*Longing to be a new creation*
*With tenderness and delicateness.*

*Yes, as a song of awakening,*
*He thrives in my heart.*
*Oh, My Lord, You are my heart and*
*You are my soul.*

*I'm Longing.*
*Longing to hear that Awakening song*
*And to attain eternity.*

**അരുൺ പോൾ**
പെഗാസസ് '04



# ശവക്കോട്ടയിലെ പൂക്കൾ

പടിഞ്ഞാറൻ ചക്രവാളത്തിൽ ചുവപ്പിനു മീതെ കറുപ്പ് കയറിത്തുടങ്ങി. വീശുന്ന വൃശ്ചികക്കാറ്റ്. പുല്ലുകൾ അതിലിളകി. എങ്കിലും ആ മെഴുകുതിരികൾ ഇനിയുമണഞ്ഞിട്ടില്ല. മെഴുകു തുള്ളികൾ ഉതിർന്നു വീണുകൊണ്ടിരുന്നു. കണ്ണുനീർ മുത്തുകളെപ്പോലെ. തന്നെ കത്തിച്ചവരുടെ പ്രതിനിധിയായി കരയാമെന്നേറ്റിരിക്കയാണ് ആ തിരികൾ... നക്ഷത്രങ്ങൾ പകലുറക്കത്തിന്റെ ആലസ്യത്തിൽ നിന്നും മുക്തരായിട്ടില്ല.

വീശുന്ന കാറ്റിൽ ഒരു വിലാപം എന്റെ കർണ്ണപുടങ്ങളിൽ തുളച്ചു കയറുന്നതായനുഭവപ്പെട്ടു. അതെ. നാളെ ഒമ്പതുവർഷം തികയുന്നു. എന്നിട്ടും ആ രോദനം കാതുകളിൽ അലയടിക്കുന്നു.

ആ ശവക്കോട്ടയുടെ ചുറ്റും ഞാൻ കണ്ണോടിച്ചു. മിക്ക കല്ലറകളും പുല്ലു കൊണ്ട് മൂടപ്പെട്ട് തുടങ്ങി. പുല്ല് മൂടാത്തവയുടെ മേൽ പുഷ്പചക്രങ്ങളുടെ അസ്ഥികൂടങ്ങൾ നിരന്നു കിടക്കുന്നു. അവിടവിടെ പൂത്തു നിൽക്കുന്ന ശവംനാറിച്ചെടികൾ..... ഒരു മൂലയിൽ കുന്നുകൂടിക്കിടക്കുന്ന മെഴുകുതിരിയുടെ കൂടുകൾ. ഞാൻ ശവക്കോട്ടയുടെ മധ്യഭാഗത്തിലുള്ള കറുത്ത ഗ്രാനൈറ്റ് പതിച്ച കല്ലറക്കരികിലേക്ക് നടന്നു. അതിലെഴുതിയിരിക്കുന്ന പേരു ഞാൻ കണ്ടു. കറുത്ത ഗ്രാനൈറ്റിൽ വെളുത്ത അക്ഷരത്തിൽ

'ജോസഫ് (1988-1999).....' അടിയിലെ ഒരു വാക്യം....

"യഹോവ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടട്ടേ"

ആ കല്ലറയ്ക്കു ചുറ്റും ഞാനൊന്നു നടന്നു. കത്തുന്ന കുറച്ച് മെഴുകുതിരികൾ. പിന്നെ ചുറ്റും ശവം നാറിച്ചെടികൾ പൂത്തുനിൽക്കുന്നു. ഓർമ്മ വെച്ച നാൾ മുതൽ അവയെ ഞാൻ ആ ശവക്കോട്ടയിൽ കണ്ടിട്ടുണ്ട്, വല്യപ്പച്ചന്റെ ഓർമ്മക്കു വരുമ്പോൾ...ജോസുകുട്ടി (ജോസഫ്) ഒരിക്കൽ ചോദിച്ചു.

"എന്തേ ഇതിന് ശവംനാറിപ്പൂവെന്ന് പേരിട്ടേ?"

"അതിനു ശവത്തിന്റെ നാറ്റമാ ജോസുകുട്ടീ" ഞാൻ പറഞ്ഞു.

"അപ്പോ ശവത്തിനും മണമുണ്ടോ?"

"ആ എനിക്കറിയില്ലാ...."

"നല്ല ഭംഗിയുള്ള പൂക്കൾ! അല്ലേ ചേട്ടായീ..."

"ഉം"

"എനിക്കത് വീട്ടിൽ നടണം"

അതു നടാൻ ജോസുകുട്ടിക്കായില്ല. അവനിഷ്ടപ്പെട്ട പൂക്കൾ അവന്റെ കല്ലറയ്ക്കു ചുറ്റും....

വല്യപ്പച്ചന്റെ ഓർമക്കുർബ്ബാനക്ക് വന്നപ്പോൾ പണ്ട് കുറേ ശവംനാറിപ്പൂക്കൾ പറിച്ച് അമ്മായിയുടെ അടുത്ത് നിന്ന ജോസ്കുട്ടിക്കു ഞാൻ കൊടുത്തു. ശവക്കോട്ടയിലെ പൂ ചീത്തയാണെന്നും പറഞ്ഞ് അമ്മായി അത് മേടിച്ച് കളഞ്ഞത് ഞാനോർക്കുന്നു. ഒരു നാലു വയസ്സുകാരനും ആറുവയസ്സുകാരനും അറിയില്ലായിരുന്നു ശവക്കോട്ടയിലെ പൂ ചീത്തയാണെന്ന്, അവർ അതിന്റെ സൗന്ദര്യം മാത്രമാ കണ്ടത്...

പിന്നേയും ഓർമ്മകളുടെ വേലിയേറ്റം... വേനലവധികളിൽ ഒന്നിച്ചു കൂടുന്നതും....കള്ളനും പോലീസും കളിക്കുന്നതും...കളിവീട് (മാടം) കെട്ടുന്നതും... തോട്ടിൽ പോയി മീനിനെ പിടിക്കുന്നതും..... നീന്തൽ പഠിക്കുന്നതും... സൈക്കിൾ ചവിട്ടാൻ പഠിക്കുന്നതും എല്ലാം.... നഷ്ടപ്പെട്ട ബാല്യത്തെക്കുറിച്ചോർക്കുമ്പോൾ ഒരു വേദന മനസ്സിൽ വിങ്ങുന്നു. അവയ്ക്കൊപ്പം അവനും....

ഞാനാപ്പൂക്കളെ ഒന്നു തലോടി... ഒന്നു മണത്തു നോക്കി.. ഇല്ല! അതിനൊരു വൃത്തികെട്ട മണവുമുള്ളതായെനിക്കു തോന്നിയില്ല. പക്ഷെ ഒരു നിഷ്കളങ്കമായ മുഖം എന്റെ മനസ്സിൽ നിറഞ്ഞു. ശവംനാറിപ്പൂക്കളെ ഇഷ്ടപ്പെട്ട നിഷ്കളങ്കതയോടെ ചിരിക്കുന്ന ജോസുകുട്ടിയുടെ മുഖം.

അപ്പോഴും കാറ്റ് വീശുന്നുണ്ടായിരുന്നു. കത്തുന്ന തിരിയിലെ നാളം അതിൽപ്പെട്ട് ഇളകിയാടുന്നുണ്ടായിരുന്നു. കത്തിച്ചവർക്കുവേണ്ടി ആ തിരി പിന്നേയും കണ്ണീരൊഴുക്കുന്നു.

'മാത്യൂസേ'.... ആ വിളിയെന്നെ ചിന്തകളിൽ നിന്നുണർത്തി. നാളത്തേക്കുള്ള ചായ ഏർപ്പാടാക്കാൻ പോയ ചാച്ചൻ തിരിച്ചെത്തി.

"ആ കല്ലറക്കു ചുറ്റുമുള്ള പുല്ലൊന്നു പറിച്ചേക്ക്. നാളെ രാവിലെ ഒരാൾ വന്ന് ഓർക്കിഡും ആന്തൂറിയവും കൊണ്ട് കല്ലറ അലങ്കരിക്കും"

എന്തിനും കരാറുകാരുണ്ട് ഇന്ന്. കല്ലറക്കും 'ബ്യൂട്ടീഷൻ' അവിടെ ഉണ്ടായിരുന്നു. കുറച്ച് പുല്ല് ഞാൻ പറിച്ചു. പക്ഷേ ജോസുകുട്ടിക്കിഷ്ടപ്പെട്ട ഈ ശവംനാറിപ്പൂക്കൾ??... എനിക്കവയെ പറിച്ചു കളയാൻ മനസ്സു വന്നില്ല...

ആ ശവക്കോട്ടയിലെ പല രോദനങ്ങളുടേയും മൂകസാക്ഷികൾ.... എന്നും പുഞ്ചിരിച്ചു നിൽക്കുന്ന പൂക്കൾ....

ഞാനവയെ പറിക്കാതെ നടന്നു. മനസ്സിൽ "അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ... അബ്രാഹാമിന്റേയും ഇസഹാക്കിന്റേയും യാക്കോബിന്റേയും മടിയിൽ ജോസുകുട്ടിയെ പാർപ്പിക്കേണമേ" എന്ന പ്രാർത്ഥനയോടെ കുരിശ് വരച്ചിട്ട്. അപ്പോഴേക്കും ആർക്കോ വേണ്ടി കത്തിയിരുന്ന, കരഞ്ഞിരുന്ന മെഴുകുതിരിയുടെ അന്ത്യവുമടുത്തിരുന്നു.

------

അടുത്ത ദിവസം കുർബ്ബാന കഴിഞ്ഞ് ഞാൻ ശവക്കോട്ടയിലെത്തി. ഓർക്കിഡും ആന്തൂറിയവും കൊണ്ട് അലങ്കരിച്ച കല്ലറ.... എന്നാൽ അതിനടുത്തുണ്ടായിരുന്ന ശവംനാറിപ്പൂക്കളേയും ചെടിയേയും ഞാൻ കണ്ടില്ല.

ജോസുകുട്ടിയുടെ മ്ലാനമായ മുഖമായിരുന്നു എന്റെ മനസ്സിൽ. ധൂപക്കുറ്റിയിൽ നിന്നുയർന്ന കുന്തിരിക്കത്തിന്റെ സുഗന്ധം അവിടെ നിറഞ്ഞപ്പോൾ അവനു ശ്വാസം മുട്ടുന്നതായെനിക്കു തോന്നി...

മനസ്സിൽ വിങ്ങലോടെ ഞാൻ വേഗം ശവക്കോട്ടയുടെ പുറത്തേക്കു നടന്നു. അപ്പോൾ ശവക്കോട്ടയുടെ മതിലിനരികിലായി പറിച്ചിട്ടിരിക്കുന്ന ശവം നാറിപ്പൂക്കളെ ഞാൻ കണ്ടു.... അവയെന്നെ ചിരിച്ചു കാണിച്ചു. ഞാനവയെ കൈകളിൽ എടുത്തു... വീട്ടിൽ നടുവാനായി ഒന്നു രണ്ട് ചിരിക്കുന്ന പൂക്കളുള്ള ശവംനാറിച്ചെടികളുമായി ഞാൻ വേഗത്തിൽ നടന്നു.





Jeethu M.G.
Orion '06

# Definitions

## LOVE

To love is not just a feeling, it is an ability, not everybody has it. May be, not even everybody' in love' has it.

## PHILOSOPHY

Our philosophical interests do not always pursue our ethics. Thats why, we begin to condemn others even as we live our own imperfect lives.

## VICTORY & LOSS

Victory is not merely winning, it is sometimes defeating. But when, Asoka won the Kalinga war, I guess his bunch of expectations turned into disappointments, he was not being victorious, he was losing.

## DEMOCRACY

This is not spending 10,000 crores on an election, it is not the agony of many unfinished agendas. It is not being blind, why can' t we see the poor??

At times, my mind travels like a subway, I wonder when I have clearer paths on the top, why still take the MENACE???

**അഞ്ജു വി.ആർ.**
സോപാനം '05

# കാറ്റു പറഞ്ഞത്

യാത്ര തുടങ്ങുകയാണ് ഇന്നലെ, ഇന്ന്, നാളെ

**ഇന്നലെ....**

എന്നെ എല്ലാവരുമറിഞ്ഞിരുന്ന ഇന്നലെകൾ
കവികൾ പാടിപുകഴ്ത്തിയ ഇന്നലെകൾ
തടസ്സങ്ങളില്ലാതെ ഒഴുകി നടന്നിരുന്ന കാലം
സുഗന്ധം നിറച്ച്, പ്രണയം നിറച്ച്, ഗദ്ഗദങ്ങൾ നിറച്ച്....
സ്വപ്നങ്ങളുടെ വയലേലകളെ പ്രണയിച്ച്, തെളിനീരുറവകൾ ഇളക്കി,
ആ... അതൊരു കാലം
പുരോഗതി കുറവായിരുന്നുവോ...?
അന്ന് വസന്തങ്ങളുണ്ടായിരുന്നു, കറുത്തിരുണ്ട രാത്രികളുണ്ടായിരുന്നു
കറുത്തിരുണ്ട മേഘങ്ങളുമുണ്ടായിരുന്നു – അവൾ സുന്ദരിയായിരുന്നു.
ഞങ്ങൾ പ്രണയിച്ചു. പ്രണയത്തിന്റെ അവസാനം വിരഹത്തിൻ മഴപെയ്തിരുന്നു....

**ഇന്ന്...**

പുരോഗതിയുടെ ശബ്ദങ്ങൾ നിങ്ങൾ കേൾക്കുന്നില്ലേ. ..
ഇന്നെനിക്കു പാറാൻ ജീവിതത്തിന്റെ നഗരങ്ങളാണു കൂടുതൽ
ആർക്കും ആരെയും വേണ്ടാത്ത ജീവിതനഗരങ്ങൾ.
ഇവിടുത്തെ പുഴകളിലിന്നും ഞാനുണ്ട്.
നിങ്ങളെ 'മൂക്കു പൊത്തിച്ചുകൊണ്ട്.
തിരക്കുള്ള വീഥികളിൽ; നിങ്ങളെന്നോടു ക്ഷമിക്കുക –
സ്ഥലം കുറവാണ് രാത്രികളിലും ഞാനുണ്ട് – പക്ഷേ.
ഇന്നീ രാത്രികളുടെ ഇരുട്ടിനു വെളുത്ത നിറമാണ്.
വയസ്സാകാൻ തുടങ്ങിയോ – എനിക്കും; പാട്ടെല്ലാം മറന്നുപോയി –
അവളെ പ്രണയിക്കാൻ ഇന്നു നിങ്ങൾക്ക്
മൊബൈൽ ഫോണിന്റെ താളങ്ങളുണ്ടല്ലോ....

ഞാൻ കാറ്റ്.....

ജീവന്റെ ശ്വാസമായി നിങ്ങളെ കരയിപ്പിച്ച കാറ്റ്...
കാറ്റു വീശുകയാണ്... കാലങ്ങളിലൂടെ
എന്റെ പ്രണയിനി എന്നെ മറന്നുവോ?
പുരോഗതിയുടെ പുകക്കുഴലുകൾ അവളേയും ശ്വാസം മുട്ടിച്ചതാകാം.
യാത്ര തുടരുകയാണ്....

## നാളെ....

പുരോഗതിയുടെ പാതകൾ നീളുമായിരിക്കാം.
ജീവന്റെ തുടിപ്പുകളുള്ള പച്ചത്തുരുത്തുകൾ....
പ്രതീക്ഷിച്ചതാണീ യാത്ര.
ഇനിയുമിളക്കാൻ നീല പട്ടുപാവാടകൾ ഞാൻ സ്വപ്നം കാണുന്നില്ല.
എനിക്കറിയാം ചതുരക്കഷ്ണങ്ങളാക്കിയ ആകാശങ്ങളും,
ഒഴുകാൻ മറന്നുപോയ പുഴകളുമാണിന്നിവിടെയുള്ളത്.
എനിക്കു മടുത്തിരിക്കുന്നു; പുരോഗതിയുടെ അംബരചുംബികൾ
ഇനിയുമുയരുമായിരിക്കാം. അവയോടു മത്സരിക്കാൻ ശേഷിയില്ലാതാവാം...
പറുദീസകൾ തേടി യാത്ര പുറപ്പെടാൻ ധൈര്യമില്ല.
അവിടങ്ങളിൽ നിന്നും – ചോരയും, വേദനയും, യുദ്ധവും കണ്ട് മടുത്തിരിക്കുന്നു
ജീവന്റെ താളമാണെനിക്ക്, പക്ഷേ...
ഞാനിന്നും കൊട്ടിയടയ്ക്കപ്പെട്ട ജനൽച്ചില്ലുകളിൽ മരിച്ചുവീഴുന്നു.....
പ്രതീക്ഷയുടെ കൈത്തിരി മഴയായ് പൊഴിയുന്നതും കാത്ത് വെറുതേ....

बयोफेक्ट
BIOFACT
BIO FERTILIZER
AZOSPIRILLUM - PHOSPHOBACTER - RHIZOBIUM
*Best Compliments from*
FACT
PIONEERS IN PROGRESS
THE FERTILISERS AND CHEMICALS TRAVANCORE LTD.
MARKETING DIVISION, UDYOGAMANDAL - 683 501. Ph: 0484 - 2553660

ഇസ്ന കരിമ്പൻ
ആവലോൺ '08

# മരണ മണി....



**ർണിം... ർണിം... ർണിം...** ഫോൺ തുടർച്ചയായി അടിച്ചുകൊണ്ടിരിക്കുകയാണ്. രാഘവൻ പത്രത്തിൽ നിന്നും തല പുറത്തേക്കെടുത്തു. കണ്ണട എടുത്തു മാറ്റി അടുക്കള ഭാഗത്തേക്ക് നോക്കി. ഭാര്യയുടെ പൊടി പോലും കാണുന്നില്ലല്ലോ. സ്വയം ശപിച്ചു കൊണ്ട് അയാൾ ചാരു കസേരയിൽ നിന്നും എണീറ്റു. റിസീവർ കയ്യിലെടുത്തു: "ഹലോ", മറുവശത്തു നിന്നും ഒരു ചോദ്യം : "ഇത് കഴിഞ്ഞ ദിവസം മരിച്ച ദിവാകരന്റെ വീടല്ലേ ?" "അല്ല, റോംഗ് നമ്പർ", അയാൾ മറുപടി പറഞ്ഞു. ഇതിന്നെത്രാമത്തെ തവണയാ ഈ ഫോൺ വരുന്നത്. ആരായിരിക്കും ഈ ദിവാകരൻ?? അയാൾ ഒരുപാട് ചിന്തിച്ചു. വേറൊന്നും ചിന്തിക്കാനില്ലാത്തവർക്കും വേണ്ടേ ചിന്തിക്കാൻ വിഷയം... തന്റെ മണ്ടത്തരമാലോചിച്ച് അയാൾ ഒരുപാട് ചിരിച്ചു... നമ്പറിന്റെ സാമ്യത കൊണ്ടായിരിക്കും ഇങ്ങനെ കോൾ വരുന്നത്. അയാൾ വീണ്ടും പത്രവായനയിൽ മുഴുകി. അൽപസമയം കഴിഞ്ഞപ്പോൾ അതാ.. 'വില്ലൻ' വീണ്ടുമടിക്കുന്നു. രണ്ടും കൽപിച്ച് അയാൾ ഫോണെടുത്തു. "ഹലോ, ആരാ സംസാരിക്കുന്നത്?" മറുവശത്ത് നിന്ന് : "ഇത് കഴിഞ്ഞ ദിവസം മരിച്ച ദിവാകരന്റെ വീടല്ലെ?" അയാൾ അൽപം കനത്തിൽ തന്നെ മറുപടി പറഞ്ഞു: "ക്ഷമിക്കണം, ഇത് ജീവിച്ചിരിക്കുന്ന രാഘവന്റെ വീടാണ്." അയാൾ ഫോൺ അമർത്തി വച്ചു. വീണ്ടും പത്രത്തിൽ തലയിട്ടു.

വായനക്കിടയിലെപ്പോഴോ അയാൾ ചരമ കോളം കാണാൻ ഇടയായി. കണ്ണുകൾക്ക് മുന്നിൽ തെളിഞ്ഞു വന്ന വാചകം അയാൾ ഒരാവർത്തി വായിച്ചു "കടബാധ്യത മൂലം കർഷകൻ ആത്മഹത്യ ചെയ്തു." വിശദമായ വാർത്തയ്ക്ക് അയാൾ കണ്ണു നട്ടു. തന്റെ വീട്ടിലേക്ക് വരുന്ന കോളുകൾ ഈ മരിച്ച ദിവാകരനെന്ന കർഷകനാണെന്ന് അയാൾ മനസിലാക്കി. പിന്നീടയാൾക്ക് തുടർന്ന് വായിക്കാൻ സാധിച്ചില്ല. വിറയ്ക്കുന്ന കയ്യിൽ നിന്നും പത്രം താഴെ വീണു. അയാളുടെ മനസ്സിൽ പിന്നെ ഒരു കോളിളക്കമാണ് സംഭവിച്ചത്, തന്നെ പോലൊരു കർഷകൻ ആത്മഹത്യ ചെയ്തിരിക്കുന്നു..!!...... തന്നെ പോലെ തന്നെ അയാളും ഒരു ദരിദ്രനായ ഒരു കർഷകനാണ്... താനും അയാളെപ്പോലെ കഴുത്തറ്റം കടത്തിൽ മുങ്ങി നിൽക്കുന്നു.....!!...... എങ്ങനെയെങ്കിലും ജീവിക്കാമെന്ന മോഹമെല്ലാം തകർന്നു പോകുന്നതു പോലെ. മനസ്സിൽ നൂറു... നൂറു ചോദ്യങ്ങൾ...?? എല്ലാം... എല്ലാം.... ഒരു നിമിഷം കൊണ്ട് അവസാനിപ്പിച്ചാലോ... സുഖം സ്വസ്ഥം.. അയാളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു........

ആഴ്ച്ചകൾക്ക് ശേഷം... ആ വീട്ടിൽ ഒരു ഫോൺ വന്നു.... ഭാര്യ ഓടിച്ചെന്നു ഫോണെടുത്തു... 'ഹല്ലോ' മറുവശത്തു നിന്നും ചോദ്യം "ഇത് മരിച്ച രാഘവന്റെ വീടല്ലെ..." മറുവശത്ത് ഒരു വിതുമ്പൽ മാത്രം ഫോണിലൂടെ കേൾക്കുന്നുണ്ടായിരുന്നു...

SHANIL N.S.
Sopanam '05

# Collage of NAUGHTY-CULTURE

*Our campus' delusive serenity*
*Shrouds the elusive fraternity*
*Whose forever sportive affinity*
*To mischief tends to infinity.*

*Sipping black tea they recline,*
*Preferably from sharp nine.*
*To survey everything they incline*
*But to go to class gladly decline.*

*From that shaded vantage*
*Sems to push by they manage*
*With daring attendance shortage*
*For which duty leave they arrange.*

*As long as exams always loom*
*The Photostat business will boom.*
*An investment in it will bloom*
*Even during this recession gloom.*

*Catchy slogans will reverberate*
*Down corridors, otherwise sedate.*
*A positive change to create*
*To protest they don't hesitate.*

*With all this said and done*
*Together they always stand as one.*
*Whether for team work or for fun*
*Stones left unturned are none.*

ഡോ. എം.പി. പരമേശ്വരൻ



# ഭക്ഷ്യസുരക്ഷയും ജൈവക്കൃഷിയും

ഇന്നു ധാരാളമായി പത്രങ്ങളിൽ കാണുന്ന രണ്ടു വാക്കുകളാണിവ. പല പരമ്പരാഗത കൃഷി ശാസ്ത്രജ്ഞരും ഇവ തമ്മിൽ-തമ്മിൽ പൊരുത്തപ്പെടില്ല എന്ന അഭിപ്രായക്കാരാണ്. ജൈവക്കൃഷിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാകില്ല എന്നാണ് അവർ വിശ്വസിക്കുന്നത്. ഉയർന്ന വിളവ് കിട്ടാൻ സങ്കര വിത്തുകൾ വേണം, രാസവളങ്ങൾ വേണം, രാസകീടനാശിനികൾ വേണം. ജൈവരീതിയിൽ ആവശ്യമായത്ര വളം നൽകാൻ കഴിയില്ല. രോഗനിവാരണത്തിനും കീടനിയന്ത്രണത്തിനും രാസദ്രവ്യങ്ങൾ ഒഴിവാക്കാൻ പറ്റില്ല - ഇതാണ് അവരുടെ വാദം. ഒന്നോ രണ്ടോ തലമുറകളുടെ കാര്യമാണ് നമ്മുടെ മനസ്സിലുള്ളതെങ്കിൽ ഈ തർക്കങ്ങൾക്ക് പ്രസക്തിയുണ്ട്. എന്നാൽ നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളും നമ്മുടെ പരിഗണനയിൽ വരുന്നുണ്ടെങ്കിൽ പ്രശ്നങ്ങൾ മറ്റൊരു വിധത്തിൽ നോക്കിക്കാണേണ്ടിവരും.

* എല്ലാ രാസവളങ്ങൾക്കും കീടനാശിനി

കൾക്കും ഉറവിടമായി വർത്തിക്കുന്നത് പെട്രോളിയമാണ്. ഒരു തലമുറയ്ക്കുള്ളിൽ അതിന്റെ ഉൽപാദനനിരക്ക് കുറയാൻ തുടങ്ങും. 50-60 കൊല്ലത്തിനുള്ളിൽ എല്ലാം ഉപയോഗിച്ചു തീരും. പിന്നെ, രാസവളങ്ങൾ വേണമെങ്കിൽ കൂടി ലഭ്യമാകില്ല.

* രാസവളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടങ്ങൾ മണ്ണിന്റെ ആരോഗ്യം നശിപ്പിക്കുകയും വെള്ളത്തെ ദുഷിപ്പിക്കുകയും ചെയ്യുന്നത്, അധികകാലം തുടരാനാകില്ല എന്ന അവസ്ഥ എത്തിയിരിക്കുന്നു. റെയ്ച്ചൽ കാഴ്സൺന്റെ 'നിശ്ശബ്ദവസന്തം' എന്ന പുസ്തകത്തോടുകൂടി വളർന്നുവരാൻ തുടങ്ങിയ പാരിസ്ഥിതികമായ തിരിച്ചറിവ് ആണ് ജൈവക്കൃഷി എന്ന ആശയത്തിലേക്ക് നമ്മളെ നയിച്ചത്.

* എന്നാൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ ജൈവക്കൃഷികൊണ്ടു കഴിയുമോ? ഇവിടെ രണ്ടു പ്രശ്നങ്ങൾ ഉണ്ട്. ഒന്ന്: മണ്ണിന്റെ ചയാപചയപ്രക്രിയ, പോഷകമൂലകങ്ങളുടെ പൂർണമായ പുനഃചക്രമണം. ഇത് ഉറപ്പാക്കണമെങ്കിൽ എന്തെല്ലാം നടപടികൾ എടുക്കണം? രണ്ട്: കൃഷിക്ക് വളം മാത്രം പോര. വെള്ളവും വേണം. കാലാവസ്ഥയും വേണം. അന്തരീക്ഷത്തിന്റെ താപനില ഉയർന്നുകൊണ്ടിരിക്കയാണ് എന്ന് ഇതിനകം സംശയത്തിനിടം നൽകാത്തവിധം തെളിഞ്ഞു കഴിഞ്ഞതാണ്. അതിൻ ഫലമായി കാലാവസ്ഥയിൽ - തണുപ്പും ചൂടും മഴയും വരൾച്ചയും - അപ്രവചനീയമായ മാറ്റങ്ങൾ ഉണ്ടാകുന്നുവെന്നും അനുഭവങ്ങളിലൂടെ നാം മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ഇത് എല്ലാ തരത്തിലുമുള്ള ധാന്യക്കൃഷിയെ ചൂതാട്ടമാക്കി മാറ്റുന്നു. ആഗോള ഭക്ഷ്യധാന്യോൽപാദനം വരുന്ന രണ്ടുമൂന്നു പതിറ്റാണ്ടിനുള്ളിൽ കുറയാൻ തുടങ്ങുമെന്നാണ് എല്ലാ പഠനങ്ങളും കാണിക്കുന്നത്. ജനസംഖ്യയാകട്ടെ കൂടിക്കൊണ്ടേയിരിക്കും. അങ്ങനെ ആളോഹരി ഭക്ഷ്യധാന്യലഭ്യതയിൽ ഗണ്യമായ ഇടിവുണ്ടാകും. ആവശ്യമായതിന്റെ പകുതിതന്നെ ലഭിച്ചെന്നു വരില്ല.




ധാന്യ ഭക്ഷണത്തിൽ അധിഷ്ഠിതമായ ഭക്ഷ്യസുരക്ഷ, വസ്തുനിഷ്ഠമായി, പ്രയാസമായിരിക്കും. അസാധ്യമായിരിക്കും. കാലാവസ്ഥാ വ്യതിയാനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. അന്തരീക്ഷത്തിലേക്ക് വിസർജിക്കുന്ന ഹരിതഗൃഹവാതകങ്ങളുടെ, പ്രത്യേകിച്ച് കാർബൺ ഡൈ ഓക്സൈഡിന്റെ, അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല, വർഷംപ്രതി കൂടിക്കൊണ്ടു വരികയാണു താനും. അന്തരീക്ഷത്തിലെ ഊർജ പ്രവാഹങ്ങൾ പുതിയൊരു സന്തുലനത്തിൽ എത്തുന്നതുവരെ കാലാവസ്ഥയുടെ വികൃതികൾ തുടരും. ധാന്യക്കൃഷി ചൂതാട്ടമായിത്തന്നെ തുടരും - ഏതാനും നൂറ്റാണ്ടുകളിലേക്കെങ്കിലും.

ആളോഹരി ഭക്ഷ്യലഭ്യത കുറയാൻ തുടങ്ങുമ്പോൾ രണ്ടു കാര്യങ്ങളിൽ ഒന്ന് സംഭവിക്കാം. ഒന്ന്, ഭക്ഷ്യരീതിയിൽ മാറ്റം വരുത്തി, ലഭ്യമായത് ഭക്ഷിച്ച് അതിജീവിക്കാൻ ശ്രമിക്കാം. അല്ലെങ്കിൽ പരസ്പരം കടിപിടി കൂടി വംശനാശത്തിലേക്കു നീങ്ങാം. മുതലാളിത്ത സംസ്കാരം നിലനിൽക്കുകയാണെങ്കിൽ, 'എല്ലാവരും എല്ലാവർക്കും വേണ്ടി' എന്ന യഥാർത്ഥ മാനവസംസ്കാരം വളർത്തിയെടുക്കാൻ കഴിയാതിരിക്കുകയാണെങ്കിൽ, രണ്ടാമത്തേതാണ് സംഭവിക്കുക. മാനവസംസ്ക്കാര സമൂഹനിർമ്മാണത്തിനുള്ള കഴിഞ്ഞ നൂറ്റാണ്ടിലെ പരീക്ഷണങ്ങൾ പരാജയപ്പെട്ടെങ്കിലും പുതിയ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ഈ പരീക്ഷണങ്ങളുടെ ഒരു ഘടകമാണ് തദ്ദേശീയതയിൽ അധിഷ്ഠിതമായ ആഗോളത (**globalism based on localism**). വർദ്ധിച്ചു വരുന്ന 'തദ്ദേശ സ്വയംപര്യാപ്തത'യിലേക്കും ആഗോള സഹകരണത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തെയാണ് അത് വിഭാവനം ചെയ്യുന്നത്. കേരളത്തിലെ ഓരോ പഞ്ചായത്തിനെയും ഒരു തദ്ദേശസമൂഹമായി കണക്കാക്കാം. കേരളത്തെ ആകെ ആയിരത്തിൽ പരം തദ്ദേശസമൂഹങ്ങളുടെ ഒരു നെറ്റ്‌വർക്കായും (കൂട്ടായ്മയായും) ലോകത്തെയാകെ ദശലക്ഷക്കണക്കിനുള്ള തദ്ദേശസമൂഹങ്ങളുടെ കൂട്ടായ്മകളുടെ കൂട്ടായ്മയായും കണക്കാക്കാം.

## ഭക്ഷണം

കേരളീയർ 'ഭക്ഷണം' എന്നു പറയുന്നത് അരിച്ചോറിനെയാണ്. മറ്റുള്ളവയൊക്കെ 'ഉപദംശങ്ങൾ' ആണ്. മാനവരാശിയെ ആകെ എടുത്താലും ഭക്ഷണത്തിന്റെ അടിത്തറ ധാന്യങ്ങളാണ് - അരി, ഗോതമ്പ്, ചോളം, ബാർലി, ബജ്റ, ജോവാർ.... തുടങ്ങിയവ. നൂറു ശതമാനം അരി മാത്രം ഭക്ഷിച്ചിരുന്ന കേരളീയർ ഇപ്പോൾ ഗണ്യമായ അളവിൽ ഗോതമ്പും ഭക്ഷിക്കുന്നുണ്ട്. ഒരു കാലത്ത്, അരി കിട്ടാനില്ലാത്ത കാലത്ത്, 'മത്തിയും മരച്ചീനിയും' ഭക്ഷണത്തിന്റെ അടിത്തറയായിരുന്ന കുറേപ്പേരുണ്ടായിരുന്നു. അരി ലഭ്യമാകാൻ തുടങ്ങിയപ്പോൾ അതിലേക്ക് തിരിച്ചുവന്നു. പക്ഷെ സ്ക്കൂൾ വിദ്യാർത്ഥികൾക്കുപോലും അറിയാവുന്ന ഒരു കാര്യമുണ്ട്: മനുഷ്യജാതി അതിന്റെ ജീവിതത്തിന്റെ സിംഹഭാഗവും കഴിച്ചുകൂട്ടിയത് ധാന്യങ്ങൾ ഭക്ഷിക്കാതെയാണ്. ഫലമൂലാദികളും മാംസവും ആയിരുന്നു ഭക്ഷണം. ഇന്നും മാംസം കഴിക്കുന്നുണ്ട്. എന്നാൽ അതിന്റെ ഉറവിടവും ഇന്ന് ഏറിയ പങ്കും ധാന്യമാണ്. 8-10 കിലോ ധാന്യം ഉപയോഗിച്ചാണ് ഒരു കിലോ ഇറച്ചിയുണ്ടാക്കുന്നത്. അതേ സമയം ആഫ്രിക്കൻ വൻകരയിലെ ഭക്ഷണക്രമത്തിൽ ഇന്നും ഫലമൂലാദികൾക്ക്, പ്രത്യേകിച്ചും കിഴങ്ങുകൾക്ക്, നിർണായകമായ ഒരു സ്ഥാനമുണ്ട്. മനുഷ്യൻ ധാന്യക്കൃഷിയാരംഭിച്ചിട്ട് 6000-7000 കൊല്ലങ്ങൾ മാത്രമേ ആയിട്ടുള്ളു. ധാന്യാഹാരിയായിട്ട് അത്രപോലും കാലമായിട്ടില്ല. കിഴങ്ങുകൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയെ മുഖ്യ ആഹാരമാക്കാൻ, വേണ്ടിവന്നാൽ കഴിയുന്നതാണ്. മനുഷ്യന് ഭക്ഷ്യയോഗ്യമല്ലാത്തവയെ ഭക്ഷ്യയോഗ്യ ആഹാരമാക്കി മാറ്റുന്നവയാണ് മത്സ്യവും പന്നിയും, ധാന്യാവശിഷ്ടങ്ങൾ മാത്രം നൽകി വളർത്തപ്പെടുന്ന ആടുമാടുകളും മുയലും എല്ലാം. യൂറോപ്പിലും അമേരിക്കയിലും ആസ്ത്രേലിയയിലും ചെയ്യുന്നപോലെ ഭക്ഷ്യധാന്യത്തെ മാംസമാക്കി മാറ്റാൻ ഇനി ഏറെക്കാലം കഴിയുന്നതല്ല. പുതിയൊരു ഭക്ഷ്യക്രമത്തിലേക്ക് മാറിയല്ലാതെ മാനവജാതിക്ക് ഏറെനാൾ, ഏതാനും പതിറ്റാണ്ടിനപ്പുറം, നിലനിൽക്കാൻ കഴിഞ്ഞെന്നു വരില്ല. ഗതികേടു കൊണ്ടുവരുന്ന മാറ്റത്തേക്കാൾ സുഖപ്രദമാണ് ബോധപൂർവം, നടത്തുന്ന മാറ്റങ്ങൾ. അമേരിക്കയെ അനുകരിച്ചുകൊണ്ട് ഇന്ത്യയിലെ പട്ടണങ്ങളിലും ഒരു 'ജങ്ക് ഫുഡ്' സംസ്കാരം വളർന്നു വരുന്നുണ്ട്. ആരോഗ്യത്തിനു ഹാനികരമായ 'ജങ്ക് ഫുഡി'നു പകരം, അതിനെ അനുകരിച്ചുകൊണ്ട് ആരോഗ്യകരമായ പുതിയൊരു വരേണ്യഭക്ഷണ ക്രമത്തിന് രൂപം നൽകാവുന്നതാണ്. കാലാവസ്ഥയുടെ വികൃതികളെ കുറച്ചൊക്കെ അതിജീവിക്കാൻ കഴിവുള്ള മരങ്ങളിൽനിന്നും കിഴങ്ങുവർഗങ്ങളിൽനിന്നും ഉള്ള ഉൽപന്നങ്ങളെ ഈ വരേണ്യഭക്ഷണത്തിന്റെ അസംസ്കൃത പദാർത്ഥമായി എടുക്കാം. ഇങ്ങനെ മാറ്റിയ ഒരു ഭക്ഷ്യക്രമത്തിൽ എങ്ങനെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാം എന്നു പരിശോധിക്കാം.



## ജൈവക്കൃഷി

ഭാവിയിൽ ജൈവക്കൃഷി ഒരു വികൽപമല്ല, ഒരേയൊരു മാർഗം മാത്രമായിരിക്കും. കൃഷിചെയ്യുന്നത് ധാന്യമായാലും വേണ്ടില്ല, കിഴങ്ങുകളോ, കായ്കറികളോ മരങ്ങളോ ആയാലും വേണ്ടില്ല, ഒരു വസ്തുത നിഷേധിക്കാനാകില്ല: ഉൽപന്നങ്ങളുടെ രൂപത്തിൽ മണ്ണിൽ നിന്നെടുക്കുന്ന പോഷകമൂലകങ്ങൾ, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയും സൂക്ഷ്മമൂലകങ്ങളും, വർഷാവർഷം തിരിച്ചു നൽകുകതന്നെ വേണം. അങ്ങനെ മാത്രമേ മണ്ണിന്റെ ആരോഗ്യം കാത്തുരക്ഷിക്കാൻ പറ്റൂ. ഭക്ഷണമായും

വിറകായും തടിയായും തുണിയായും അസംസ്കൃതപദാർഥങ്ങളായും പല രൂപത്തിൽ മണ്ണിലെ പോഷകമൂലകങ്ങൾ പുറത്തു പോകുന്നു. പണ്ടത്തെ ജീവിതരീതിയിൽ ഏറിയതോ കുറഞ്ഞതോ ആയ കാലയളവിൽ അവയെല്ലാം തന്നെ മണ്ണിലേക്കു തിരിച്ചു ചെല്ലുന്നു. പറമ്പുകളിൽ മലമൂത്രവിസർജനം നടത്തുമ്പോൾ ഈ പ്രക്രിയ ഉടൻ തന്നെയാകുന്നു. വീടുകളിലെ ഉത്തരങ്ങളും കഴുക്കോലുകളും ദ്രവിച്ചു മണ്ണിലേക്ക് ചേരാൻ പത്തും നൂറും കൊല്ലങ്ങളെടുത്തേക്കും. വിറകും മറ്റും കത്തുമ്പോൾ അവശേഷിക്കുന്ന വെണ്ണീറിലൂടെ അവ തിരിച്ചെത്തുന്നു. നഗരങ്ങൾ ഉണ്ടാവാൻ തുടങ്ങിയതോടെ ഈ ചക്രത്തിനു ഭംഗം വന്നു.

ഗ്രാമപ്രദേശങ്ങളിലെ മണ്ണിൽനിന്നു ധാന്യത്തിലൂടെയും നാരുകളിലൂടെയും ഒക്കെ ആയി പുറത്തു പോകുന്ന പോഷകമൂലകങ്ങൾ നഗരത്തിൽ മലമായും ഖരമാലിന്യമായും കുമിഞ്ഞുകൂടി ജലസ്രോതസ്സുകളെ മലിനപ്പെടുത്തി കനത്തതായ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നു. മനുഷ്യവാസം ഗ്രാമങ്ങളിലും നഗരങ്ങളിലുമായി വേർപിരിഞ്ഞിരിക്കുന്നിടത്തോളം കാലം, കൃഷിയും വ്യവസായവും രണ്ടിടങ്ങളിലായി വേർപിരിഞ്ഞിരിക്കുന്നിടത്തോളം കാലം ഗ്രാമത്തിലെ മണ്ണിന്റെയും നഗരത്തിലെ മനുഷ്യന്റെയും ആരോഗ്യം അപകടത്തിലായിരിക്കും. രാസവളങ്ങൾകൊണ്ട് മണ്ണിന്റെ നഷ്ടപ്പെട്ടുപോയ ആരോഗ്യം വീണ്ടെടുക്കാനാകില്ല.

മണ്ണിൽനിന്ന് എടുത്തത് മുഴുവൻ മണ്ണിലേക്ക് തിരിച്ചു നൽകണം. അതും ജൈവരൂപത്തിൽ. ഇവിടെ മാവോവിന്റെ പ്രധാനപ്പെട്ട ഒരു വാചകം പ്രസക്തമാകുന്നു: അസ്ഥാനത്തിരിക്കുന്ന സമ്പത്ത് ആണ് മാലിന്യം. കൃഷിക്കാർ നഗരമാലിന്യത്തെ ഇപ്പോഴും 'മാലിന്യം' ആയാണ് കാണുന്നത്. അവയിൽ തങ്ങളുടെ മണ്ണിന് നഷ്ടപ്പെട്ട സമ്പത്ത് ഒളിഞ്ഞുകിടക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല. പ്ലാസ്റ്റിക്, ലോഹങ്ങൾ മുതലായവ നീക്കിയ, ജൈവപദാർഥങ്ങൾ മാത്രമുള്ള നഗരമാലിന്യത്തെ സമ്പത്തായി കണ്ട് അവ സ്വീകരിക്കാനും കമ്പോസ്റ്റാക്കി മാറ്റാനും കൃഷിക്കാർ തയ്യാറാകുന്നതുവരെ മണ്ണിന്റെ ചയാപചയത്തിലുള്ള ഈ ഭംഗം നിലനിൽക്കും. എന്നാൽ അതുമാത്രം മതിയാകില്ല. മനുഷ്യമലത്തിൽ അടങ്ങിയിട്ടുള്ള പോഷകമൂല്യങ്ങളും കൃഷിയിടങ്ങൾക്ക് തിരിച്ചുനൽകാൻ കഴിയണം. കേരളത്തിലെ ഗ്രാമ-നഗര(ഗ്രാഗര) രീതി ഇതിനൊക്കെ അനുയോജ്യമായിരുന്നു. എന്നാൽ നഗരവത്കരണമാണ് വികസനം എന്ന ശക്തമായ വിശ്വാസം ജനങ്ങളെ പിടികൂടിയിരിക്കയാണ്. അങ്ങനെ നഗരങ്ങളിൽ മാത്രം കാണാമായിരുന്ന പല പ്രശ്നങ്ങളും - ഖരമാലിന്യങ്ങൾ അടക്കം - ഇപ്പോൾ ഗ്രാമങ്ങളിലും പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. വൻ നഗരങ്ങളുടെ നിലനിൽപ് കൃഷിയുടെ നിലനിൽപ്പിനെ അപകടപ്പെടുത്തും. ശക്തിപ്പെട്ടുവരുന്ന ഗ്രാഗരവത്ക്കരണത്തിലൂടെയല്ലാതെ ജൈവക്കൃഷിയെപ്പറ്റി സംസാരിച്ചിട്ടു കാര്യമില്ല. പോഷകമൂലകങ്ങളുടെ പരിക്രമണപഥങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ചുകൊണ്ടു മാത്രമേ വ്യാപകമായ തോതിൽ ജൈവക്കൃഷി നടപ്പാക്കാനാകൂ. ജൈവക്കൃഷി എന്നതിനേക്കാളേറെ 'സുസ്ഥിരക്കൃഷി' (**sustainable agriculture**) എന്നു വിളിക്കുകയായിരിക്കും നല്ലത്.

**ഭക്ഷ്യസുരക്ഷ**

മുമ്പ് പറഞ്ഞപോലെ ജൈവക്കൃഷി മാത്രമായാൽ പോര. ധാന്യങ്ങളിൽനിന്ന്, ഫലമൂലാദികളിൽ അധിഷ്ഠിതമായ ഒരു ഭക്ഷ്യക്രമത്തിലേക്ക് മനുഷ്യർ മാറുകയും വേണം. അത്തരം ഒരു പരീക്ഷണം, സാമാന്യം വലിയ തോതിൽ, ആരംഭിക്കാൻ ഏറ്റവും പറ്റിയ ഒരു ഭൂപ്രദേശമാണ് കേരളം മൊത്തം വിസ്തീർണമായ 39 ലക്ഷം ഹെക്ടറിൽ 22 ലക്ഷം ഹെക്ടർ കൃഷിയിടങ്ങൾ ആണ്. ഇതിൽ കൃഷിയോഗ്യമല്ലാത്തതും കൃഷിയോഗ്യമായതും ആയ തരിശുഭൂമിയും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയും ഉണ്ട്. തരിശിൽ ഏതാണ്ട് ഒരു ലക്ഷം ഹെക്ടർ നെൽപാടങ്ങളാണ്. ഏറിയ പങ്കും ഇന്നു വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ. അതിൽ 60-70% വീണ്ടും പാടമാക്കി മാറ്റാൻ കഴിയും. 22 ലക്ഷം ഹെക്ടറിൽ ഏതാണ്ട് ഒന്നര ലക്ഷം ഹെക്ടർ മാത്രമാണ് ഇപ്പോൾ കൃഷി ചെയ്യുന്ന നെൽപാടങ്ങൾ. ബാക്കിയെല്ലാം പറമ്പാണ്. അങ്ങനെ നെല്ലിനു ലഭ്യമായ പ്രദേശം പരമാവധി രണ്ട്-രണ്ടര ലക്ഷം ഹെക്ടർ മാത്രമാകുന്നു. 20 ലക്ഷം ഹെക്ടർ പറമ്പ്. 8-10 ലക്ഷം ടണ്ണിലധികം അരി ഇവിടെ ഒരിക്കലും ഉണ്ടാക്കാൻ പറ്റില്ല. കാലാവസ്ഥാ വികൃതികളുടെ ഫലമായി മറ്റു സംസ്ഥാനങ്ങളിലെയും ലോകത്തെയും അരിയുൽപാദനം കുറഞ്ഞാൽ, നമ്മൾ അരിഭക്ഷണം മറക്കേണ്ടി വരും. ആ കാലം, ഒരു പക്ഷെ, ഏറെ വിദൂരമല്ല. മരച്ചീനിയും കായയും ചക്കയും കടച്ചക്കയും മാങ്ങയും തേങ്ങയുംകൊണ്ട് ജീവിക്കേ

ണ്ടിവരും. ഇന്നുതന്നെ അവയെ സംസ്കരിച്ച് വരേണ്യരൂപങ്ങൾ - റൊട്ടികൾ, മക്റോണികൾ... കൊടുത്ത് പരിവർത്തനം തുടങ്ങിവെക്കാവുന്നതാണ്. നാലുപേരുള്ള ഒരു കുടുംബത്തിന് ആവശ്യമായ സ്റ്റാർച്ചും ഫാറ്റും പ്രോട്ടീനും വിറ്റാമിനുകളും നൽകാൻ 2.5 സെന്റ് ഭൂമി മതിയാകും. 2 പ്ലാവ്, 2 കടപ്ലാവ്, 5 തെങ്ങ്, 30 വാഴ, 100 മൂട് മരച്ചീനി, 100 മൂട് ചേന, ഇത്രയും നടാം. ശരിയായി ശുശ്രൂഷിച്ചാൽ, മണ്ണിൽ നിന്നെടുക്കുന്നത്ര പോഷകമൂലകങ്ങൾ മണ്ണിലേക്ക് തിരിച്ചുനൽകിയാൽ 100 കി.ഗ്രാം ചക്ക, 100 കി.ഗ്രാം കടച്ചക്ക, 500 തേങ്ങ, 300 കി.ഗ്രാം കായ-പഴം, 300 കി.ഗ്രാം മരച്ചീനി, 300 കി.ഗ്രാം ചേന, ഇത്രയും നിശ്ചയമായും കിട്ടും. ഏതാണ്ട് 500-600 കി.ഗ്രാം അരിക്കു സമാനമാണിത്. ഭൂമി സ്വന്തമായി ഇല്ലാത്തവരും, ഭൂമിയുണ്ടെങ്കിലും അധ്വാനിക്കാൻ കഴിവോ തയ്യാറോ ഇല്ലാത്തവരും കൂട്ടുചേർന്ന ഭക്ഷ്യസ്വയംപര്യാപ്തതാ ജോഡികൾ ഉണ്ടാക്കാവുന്നതാണ്.

കേരളത്തിൽ ആകെയുള്ള 10000 ച.കി.മീ. വനഭൂമിയിൽ 4000 ച.കി.മീക്ക് തുല്യമായത്ര ഭൂമി - 4 ലക്ഷം ഹെക്ടർ - സാമൂഹിക വനവത്കരണത്തിന് ലഭ്യമാണ്. അവിടെ 'ഭക്ഷണക്കാടു'കൾ വളർത്താം. അഗ്രോ-ഫോറസ്റ്ററിയുടെ മറ്റൊരു രൂപമാണ് ഫുഡ് ഫോറസ്റ്ററി. ഭക്ഷണം തരുന്ന മരങ്ങൾ കൂടി ധാരാളമായി വച്ചു പിടിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇന്നവ ഒരു മരവും ഇല്ലാത്ത പ്രദേശമാണ്. ഇവ ഭക്ഷണക്കാടുകൾ മാത്രമാകേണ്ട. 'തടി'ക്കാടുകൾ കൂടി ആകാം - ടിംബർ ഫോറസ്റ്ററി. ഒരു കാര്യം ഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. ജൈവവൈവിധ്യ വികാസമല്ല ഉടൻ ലക്ഷ്യം. അതിന് നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളും വേണ്ടിവരും. ഭക്ഷണം ഉൽപാദിപ്പിക്കുന്നതോടൊപ്പം ഈ കാടുകൾ, അതിലെ തടിമരങ്ങൾ, അന്തരീക്ഷത്തിൽനിന്ന് കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുക്കുന്നു. അവ കെട്ടിടത്തിന്റെ ഭാഗമാകുമ്പോൾ, ഇങ്ങനെ അന്തരീക്ഷത്തിൽനിന്ന് നീക്കം ചെയ്ത കാർബൺ സ്ഥിരീകരിക്കപ്പെടുന്നു. കാർബൺ സെക്വസ്ട്രേഷനും സ്ഥിരീകരണത്തിനും ഏറ്റവും നല്ല മാർഗമാണ്, കൽക്കരി രൂപത്തിൽ കിടന്നിരുന്നതിനെ നിർമാണത്തടി (**structural timber**) ആക്കി മാറ്റുന്നത്.

ഒരു ഹെക്ടർ കാട്ടിൽ വലുതും ചെറുതുമായി 300-400 മരങ്ങൾ ഉണ്ടാകണം. ഏറിയ പങ്കും കാട്ടുമരങ്ങൾ. അവയിൽ മഹാഗണിപോലുള്ള മരങ്ങൾക്ക് ഊന്നൽ നൽകാം. മുളങ്കാടുകളും ആകാം. ഒപ്പം 15-20 പ്ലാവ്, 15-20 മാവ്, 15-20 കടപ്ലാവ്, 20-30 നെല്ലി, 10-15 പേര ഇത്ര കൂടി ചേർക്കാം. പ്ലാവിൽനിന്നും കടപ്ലാവിൽ നിന്നുമായി 2-3 ടൺ ഫലം ലഭിക്കും. 4 ലക്ഷം ഹെക്ടറിൽനിന്ന് 8 ലക്ഷം ടൺ. നിസ്സാരമായ ഒന്നല്ല ഇത്.

ഇന്ന് ആകെയുള്ള പറമ്പുകളിൽ 5 ലക്ഷം ഹെക്ടർ റബ്ബറാണ്; 9 ലക്ഷം ഹെക്ടർ (അതിനു തുല്യം) തെങ്ങാണ്. ഇതിൽ 80 ശതമാനവും പ്രതിവർഷം 50 തേങ്ങയിൽ കുറവു തരുന്നതാണ്. അനുയോജ്യമായ മണ്ണിൽ നന്നായി ശുശ്രൂഷിച്ചാൽ ഒരു തെങ്ങിൽ നിന്ന് ശരാശരി 200 തേങ്ങ ലഭിക്കണം. ഒരു ഹെക്ടറിൽ നിന്നും 30000-40000 തേങ്ങ. തെങ്ങിന്റെ വിള വിസ്തീർണ്ണം 5 ലക്ഷം ഹെക്ടർ ആക്കിക്കുറക്കാം. 4 ലക്ഷം മറ്റു ഭക്ഷ്യമരങ്ങൾക്ക് കിട്ടും. ഇതിൽനിന്ന് 50-60 ലക്ഷം ടൺ 'ഭക്ഷണം' ലഭിക്കുന്നതാണ്.

കേരളത്തിൽ വളരുന്നവയും വളർത്താവുന്നവയുമായ ഭക്ഷ്യപദാർത്ഥങ്ങൾ അവശ്യം വേണ്ട സംസ്കരണം നടത്തി, വരേണ്യവത്കരിച്ച്, ആസ്വദിച്ച് ഭക്ഷിക്കാൻ പഠിച്ചാൽ 4 കോടി ജനങ്ങൾക്കു വേണ്ട ഭക്ഷണം നമുക്ക് കേരളത്തിനകത്തുതന്നെ ഉണ്ടാക്കാൻ കഴിയും.

ഇവിടെ അവസാനമായി ഒരു കാര്യം കൂടി. അത് ഏറ്റവും പ്രധാനമായതും ആണ്. ഭക്ഷ്യപദാർത്ഥങ്ങൾ ഉൽപാദിപ്പിച്ചാൽ മാത്രം പോര. അത് എല്ലാവർക്കും ലഭ്യമാകും എന്ന് ഉറപ്പുവരുത്തുകയും വേണം. തൊഴിലിനും ഭക്ഷണത്തിനും ഉള്ള അവകാശം മൗലികാവകാശമായിത്തീരണം. തദ്ദേശീയമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇത് ഉറപ്പിക്കാൻ പറ്റുന്നതാണ്. എല്ലാവർക്കും തൊഴിലവകാശം. എല്ലാവർക്കും ഭക്ഷണം - ഇത് ഓരോ പഞ്ചായത്തിന്റെയും മുദ്രാവാക്യമാകണം.



**മഞ്ജുഷ എ.**
സോപാനം '05.

# വേദനയുടെ സംഗീതം

ഒരിക്കലുപേക്ഷിച്ചൊരാ മുളന്തണ്ടു വീണ്ടും
പൊടിതട്ടിയെടുക്കുവാൻ തുനിഞ്ഞിടുന്നു മനമെന്തിനോ
അറിയില്ലെനിയ്ക്കിന്ന്.... എന്തിനു കൊതിക്കുന്നു
നോവിന്റെ സംഗീതമൊന്നുതിർത്തു
മറഞ്ഞു പോയൊരാ ബാസുരിയ്ക്കായ്.

ഇന്നുമോർക്കുന്നാ തണുത്ത നിശബ്ദതയെ,
ഉള്ളിലെയേകാന്തതയിലേഴുസ്വരങ്ങൾ
പെയ്തിറങ്ങിയൊരാ രാവിന്റെ കുളിരിനെ
എവിടെനിന്നോ ഹൃത്തിനുള്ളറകളിലേയ്ക്കന്നു
വിരുന്നെത്തീ... 'ഒരു മുറിവിന്റെ നൊമ്പരം'

സ്വയം മറന്നാ സ്വരധാരയിലലിഞ്ഞുപോയ് മനം
ഉണക്കീ, യത് കവിളിലെ മിഴിനീർത്തുള്ളികളെ
ഉള്ളിലൊരു മാമയിൽ പീലി വിടർത്തി
നഭസിലൊരു കാർകൊണ്ടലായി നീ മാറവേ..



പക്ഷേ, അറിഞ്ഞില്ലാരുമാ വിങ്ങൽ... ഈ ഞാനും
കേട്ടതാ മധുരസ്വര വീചികൾ മാത്രം..
കഥയറിഞ്ഞില്ലാരും... ഈ ഞാനും
ഹൃദയം പൊട്ടിപ്പാടാൻ വിധിക്കപ്പെട്ടൊരാ
പാഴ്മുളം തണ്ടിനെ,
വേദന സംഗീതമായുതിർത്തൊരാ സ്നേഹത്തെ-
അറിയാൻ വൈകവേ. അകലാൻ തുടങ്ങി നീ...
വീണ്ടുമിരുളിന്റെ താണ്ഡവം തുടങ്ങിയെൻ വീഥിയിൽ

എവിടെയോ ഉപേക്ഷിക്കപ്പെട്ടു പോയ് നീ...
നടന്നു ഞാനും , അറിഞ്ഞിട്ടുമറിയാതെ!..
നിൻ നാദം നെഞ്ചിനുള്ളിൽ കിടന്നു മൃത്യുപൂകി
വേദന മാത്രമാണു നീയെന്ന സത്യമതറിയവേ!...

ഇന്നു വീണ്ടുമീ.. വൈകിയ വേളയിൽ
തേടുന്നു നിന്നെ, മൗനമെന്തിനോ
മനസ്സിലെ മാറാല നീക്കി വിളിപ്പൂ... വീണ്ടും
ഇനി വരില്ല നീ. - അറിയാമതെങ്കിലും
ഒരു കുഞ്ഞുപ്രതീക്ഷതൻ കിരണമെൻ
ഹൃത്തിൻ വാതിൽക്കൽ വന്നു മുട്ടി വിളിക്കവേ...
ഉള്ളിലൊരു 'മീര' തൻ നെടുവീർപ്പുതിരുന്നു
കണ്ണീരിൽ മുങ്ങിയവൾ പാടുന്നു.
അനശ്വര പ്രണയത്തിൻ തംബുരു മീട്ടുന്നു
ഒരിക്കലും വരാത്ത, തൻ 'വനമാലി'യ്ക്കായ്.....

Vinay B.
Orion'06



# THE CALIFORNIAN GIANTS

They have seen the last two thousand years, they have seen humans arrive, their settlement and now, themselves being decimated, the giant Redwoods of California, home to Earth' s longest and largest living organisms.

These giant conifers belong to the Cypress family and are to be found only in the valleys and on the mountain slopes of a small strip of land hugging the Pacific coast in North California, extending just up to Qregon. These have survived the last ice-age. The heartwood is covered for its longevity, ability to withstand fire & its rich red colour.

Of the genus' Sequoia' , they are named after a famous Cherokee Indian chieftain, Sequoyah and can live upto 2200 years and reach heights of 115m. There are about 120 such specimens, most of them in the Humboldt Redwoods State Park. These green giants and their cousins, the Giant sequoia and the Dawn Redwoods form a treasure trove. Much research has not been done on them since they are inaccessible towers, mysteriously shrouded in foliage and almost impossible to climb.

The exact locations of these Red Giants are known only to a handful of people, most of them, Botanists-to ensure that recreational climbers do not' poach' the tree; by careless and destructive climbing. A colossal tower, with a crown like the mush-room cloud of an atomic bomb is the Adventure - a titan 102 metres high with a trunk, a powerful 5 metres in diameter. Cracks and holes in the trunk could hold a man. Amos Alonzo shagg, a *Sequoiadendron giganteum* tree could well live to see 3,600 years while coastal Redwoods (*Sequoia semfernirens*) would live just 2200.

In the July of 2000, Stratosphere Giant was proclaimed the tallest at 112.8 meters - until, Hyerion was measured in the summer of 2006 and stole the honour of tallest tree and longest living organism on Earth, at 115.5 metres. Del Norte titan, another coastal Redwood has an estimated wood volume of about 1000 cubic metres. These gorgeous and imposing monsters are often given mythological names by their discov-erers - like in Redwoods state park. The horsemen stand guard at the sequoa National Forest.

It normally takes a good 200 to 250 years for a redwood to reach maturity, thereafter it loses its head to a storm or simply dies. Reaction to this loss is by production of limb like fingers of a raised hand. In a continuous process of regenera-tion-termed' Reiteration' - the branches are produced and at points where they touch here and there, they fuse over centuries and magnificent crowns are created. Catch-ing fire is a common occurence; they simply carry on growing a few centimeters a year, drinking a 1000 litres of water a day.

There are hanging gardens of ferns, which weigh tonnes when saturated with rainwater; the highest and heaviest masses of epiphytes found in any tree canopy anywhere in the world. Over centuries, layers of earth, n some places almost a metre thick, have accumulated on limbs of the trees or in forks of branches - home to even acquatic crustaceans which normally dwell in gravel beds of streams a good 100 metres below.

And so, what can we do! The easiest thing would be to protect them till they decide to bid farewell themselves. But wonder about them, those have withstood time, drown in their immensity & get fascinated and learn.

ദർശന എസ്.
ആവലോൺ '08



# എത്രയും പ്രിയപ്പെട്ട **മകൾക്ക്**

**കാ**ലങ്ങൾക്കു ശേഷം വീണ്ടും ആ പെട്ടി തുറന്നു നോക്കി. രണ്ടു മൂന്നു അപ്പൂപ്പൻ താടികൾ, വളപ്പൊട്ടുകൾ, നിറം മങ്ങിയ പേന, മജ്ജ നഷ്ടപ്പെട്ട ഉണങ്ങിയ ഒരില, അതും പ്ലാസ്റ്റിക് കൂടയിൽ പ്രത്യേകം പൊതിഞ്ഞുവച്ചിരിക്കുന്നു.

മനസ്സ് വർഷങ്ങൾക്കപ്പുറത്തേക്ക് പായുകയാണ്. ഹൃദയത്തുടിപ്പുകൾ അനിയന്ത്രിതമാകുന്നു. അൻപതു വർഷങ്ങൾക്ക് മുൻപ് കണ്ടുമറന്ന മുഖങ്ങൾ ഓർമ്മകളെ അസ്വസ്ഥമാക്കുന്നു. എന്റെ കൈകാലുകൾക്ക് ശക്തിയേറുന്നു. കണ്ണുകളിൽ തിളക്കമേറുന്നു. വെള്ള സോക്സിട്ട മുടിനാരുകൾ പ്രസരിപ്പോടെ പാറിക്കളിക്കുന്നു.

യുവത്വം എന്നെ മാടിവിളിക്കുന്നു -

ആ മുഖങ്ങൾ എന്നോട് സംസാരിക്കുന്നു, ചിരിക്കുന്നു, കരയുന്നു, പരാതി പറയുന്നു, പല ഭാഷകൾ, വേഷങ്ങൾ, ഭാവങ്ങൾ.... വലിയ പൂക്കളുള്ള സിൽക്കിന്റെ ഗൗൺ ധരിച്ച് അവളും അക്കൂട്ടത്തിൽ വന്നു നിന്നു. കൊത്തുപണികളോടുകൂടിയ പൂച്ചട്ടിയിൽ വേരുറയ്ക്കാൻ പ്രയാസപ്പെടുന്ന ഒരു ചെടിയുമായാണ് അവൾ നിൽക്കുന്നത്. അന്ന് അവൾ സമ്മാനിച്ച ആ ചെടി! അതെവിടെയാണ്? നവരസങ്ങൾ ആടി തിമിർത്ത ജീവിതയാത്രയ്ക്കിടയിൽ എങ്ങനെ ഞാനത് മറന്നുപോയി?

കലാലയത്തിലേക്കുള്ള വഴിത്താരയിൽ ഞാൻ ആ ചെടി നട്ടുപിടിപ്പിച്ചു. നമ്രമുഖിയായ സുന്ദരിയെപ്പോലെ അത് നിന്ന് കുണുങ്ങി. പുറം നാട്ടിൽ നിന്നും വന്നതാണ് ആ വൃക്ഷകന്യക. പേരും ഊരും അറിയില്ല. വലിയ തണൽ വൃക്ഷമാകുമത്രേ. അതിന്റെ

ചുവന്ന ഇലകൾ എന്തിന്റെ പ്രതീകമാകുന്നു?

ആ കൊച്ചു സുന്ദരിയെ പരിപോഷിപ്പിക്കലായിരുന്നല്ലോ എന്റെ പ്രധാന വിനോദം. എന്റെ മാറിലെ ചൂടുനൽകി വളർത്തിയ പ്രിയപ്പെട്ട മകൾ - കഷ്ടം ആ ഇളം പ്രായത്തിലേ എനിക്കവളെ ഉപേക്ഷിക്കേണ്ടിവന്നു. എങ്കിലും സമ്മർദ്ദങ്ങളും പിരിമുറുക്കങ്ങളും സഹിച്ച് മണ്ണിനോടും വിണ്ണിനോടും പോരിട്ട് അവളങ്ങനെ തഴച്ചു വളർന്നുകാണും.

ആ മരച്ചില്ലകളിൽ കുഞ്ഞിക്കിളികൾ സസന്തോഷം വസിക്കട്ടെ. എത്ര എത്ര പ്രണയ സാഫല്യ നിമിഷങ്ങൾക്ക് അവൾ സാക്ഷ്യം വഹിച്ചു? മകളുടെ നിത്യയൗവനത്തിൽ ഈ അമ്മ അസൂയാലുവാണ് കേട്ടോ.

വൃക്ഷ കന്യകയെ കാണുവാനുള്ള ആഗ്രഹം തീവ്രമാണ്. പഴയ വഴിത്താരയിലൂടെ യാത്ര ആരംഭിച്ചു.

വൃദ്ധന്മാരുടെ സമൂഹത്തിനപ്പുറത്തെ ലോകം അപരിചിതമായി തോന്നി. യുവാക്കളുടെ ലോകത്ത് ഇടറിയ കാൽവെയ്പ്പുകൾക്ക് എന്ത് പ്രസക്തി? മനുഷ്യനെപ്പോലെ വഴിത്താരകളും ചില നിമിഷങ്ങളിൽ കൂടിച്ചേരുകയും പിണങ്ങിപ്പോവുകയും ചെയ്യുന്നു.

കലാലയത്തിനും വേണ്ടത്ര മാറ്റങ്ങൾ വന്നിരിക്കുന്നു. വളർന്നു പന്തലിച്ചു നിൽക്കുന്ന സുന്ദരി എവിടെപ്പോയി? അവളോട് പറയേണ്ട വിശേഷങ്ങൾ ഒന്നൊന്നായി ഓർത്തെടുക്കട്ടെ. അൻപതു വർഷങ്ങൾ..... അവൾക്ക് എന്നെ മനസിലാകുമോ? മറന്നു കാണില്ല. പരിഭവം പറയും പറയട്ടെ. ജീവിതത്തിന്റെ തിരക്കും വെപ്രാളവും അവൾക്കറിയുമോ?

നടന്നു നടന്നു വഴിത്താരകൾ തീരുന്നില്ലല്ലോ!

"മകളേ അമ്മ വന്നിരിക്കുന്നു, നീ എവിടെയാണ്? ഈ പടുവൃദ്ധയുടെ കണ്ണുകൾക്ക് നിന്നെ അറിയാൻ കഴിയാത്തതാണോ?"

"ഏയ് മുത്തശ്ശി"

കേട്ടറിവു മാത്രമുള്ള പേരക്കുട്ടി വിളിക്കും പോലെ

"ഏയ് ഇവിടെ, ഇവിടെ".

എന്റെ കാൽച്ചുവട്ടിൽ നിന്നാണ് വിളി കേൾക്കുന്നത്. കാൽമുട്ടിനോളം ഉയരമുള്ള ഒരായിരം ചെടികൾ. വലിയ പഴങ്ങളും പൂക്കളും താങ്ങി ക്ഷീണിച്ചിരിക്കുന്നു അവർ.

"ഞങ്ങൾ തന്നെ, നിങ്ങൾ ആരെ തിരയുന്നു?"

എന്റെ ഇടറിയ ശബ്ദം അശ്രദ്ധമായി എന്തോ മന്ത്രിച്ചു. എന്റെ കണ്ണുകൾ അതിവേഗം സഞ്ചരിക്കുന്നു.

എന്റെ കഥയുടെ പൊരുളറിയാതെ ചെടികൾ പൊട്ടിച്ചിരിച്ചു.

"ഞങ്ങളെല്ലാം അന്യരാജ്യക്കാരാണ്. മനുഷ്യന്റെ കരങ്ങൾ ഞങ്ങളുടെ രൂപഭാവങ്ങളിൽ മായാജാലങ്ങൾ കാണിക്കുന്നു. മുച്ചാൺ പൊക്കക്കാരാണ് ഞങ്ങൾക്കിടയിലെ കേമൻ. നിങ്ങളുടെ വൃക്ഷം ഏതിനത്തിൽപ്പെടുന്നു?

ഞാൻ എന്തു പറയാൻ? പേരറിയില്ല. ഊരറിയില്ല, പൂക്കില്ല, കായ്ക്കില്ല... എങ്കിലും അവളെനിക്ക് മകളല്ലേ?

"വൃദ്ധമാതാവേ, പൂക്കുകയും കായ്ക്കുകയും ചെയ്യാത്തവ ഭൂമിക്ക് വെറുതേ ഭാരമാകുന്നു. അവ പിഴുതുമാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു".

എനിക്കു ചുറ്റും ചിരിയുടെ, പരിഹാസത്തിന്റെ മാലപ്പടക്കം ഉയർന്നു. ഞാൻ യുവത്വത്തിൽ നിന്നു വാർദ്ധക്യത്തിലേക്ക് മടങ്ങി വന്നു. കാലുകൾ ഇടറുന്നു, കണ്ണുകളിൽ തിമിരം ബാധിച്ചുവോ? അറിയില്ല ഒന്നും വ്യക്തമാകുന്നില്ല.

"ഹേ, കിഴവി ഇനി എന്നാണ് വരുന്നത്?"


മനുഷ്യനെന്ന ചെപ്പടിവിദ്യക്കാരൻ നിങ്ങളെ തുമ്പിയോളം ചെറുതാക്കും, വലിയ ഭാരങ്ങൾ ചുമലിലേറ്റും, വേദനകൾ കടിച്ചമർത്തി നിങ്ങൾ പരിഹാസത്തോടെ ചിരിക്കും. എന്റെ മങ്ങിയ കാഴ്ചകൾ അത് കാണാതിരിക്കട്ടെ.

ഹുസൈൻ പി.പി.
സോപാനം '05

# എന്റെ All India tour....

**അ**ഗ്രിക്ക് ചേരുന്ന ഓരോ വിദ്യാർത്ഥിയുടെയും മനസിനെ ആകാംക്ഷയോടെ മിടിപ്പിക്കുന്നവയാണ് വരാനുള്ള ടൂർ ദിനങ്ങൾ. അതിന് ശേഷം കിട്ടുന്ന ടൂറിൽ നിന്നുള്ള ഓർമകൾ. ചിലർക്ക് ഓർമ്മകൾ മാത്രമല്ല. ജീവിതവും ടൂറിൽനിന്നാണ് കിട്ടുന്നത്. അതുകൊണ്ടാണ് ഓരോ ടൂറിന് ശേഷവും സൽക്കാരയിലെ ബുക്കിംഗ് (**for tuition**) കൂടിവരുന്നത്. **6th sem** വരെ ഓരോ ടൂറിനെ പറ്റി കേൾക്കുമ്പോഴും എന്റെ മനസിലേക്ക് വരുന്നത് ഭാവിയിലെ ഓൾ ഇന്ത്യാ ടൂറിനെ പറ്റിയുള്ള കളർഫുൾ വീഡിയോകളാണ്. എന്റെ മനസ്സിൽ വർണ്ണ ചിത്രങ്ങൾ ഒന്നും വരാറില്ല. എല്ലാം വീഡിയോകളാണ്. ട്രെയിനിലെ വെടിക്കെട്ടിന്റെ (ചളി - കത്തി) രാപകലുകൾ. കാപിറ്റൽ സിറ്റിയില ടെയുള്ള ഷോപ്പിങ്ങ്, മണാലിയിലെ മരം കോച്ചുന്ന രാവുകൾ, കുളുവിലെ മഞ്ഞിൽ പുതച്ചുള്ള ഫോട്ടോ സെഷനുകൾ, താജിന്റെ വിസ്മയങ്ങളിലൂടെ ഒരു സുന്ദരിയുടെ കൈപിടിച്ചുള്ള യാത്ര അങ്ങനെയങ്ങനെ.......

ഒടുവിൽ ആ **sem** വന്നു. (**6th sem**). ഓരോ ദിവസവും ഞാൻ എണ്ണി കഴിച്ച് കൂട്ടി. എണ്ണി മടുത്തപ്പോൾ പിന്നീട് എണ്ണാനായ് മാറ്റിവച്ചു. അതിനിടയിൽ പലതും സംഭവിച്ചു. **exam** അങ്ങോട്ട് മാറ്റി. ഇങ്ങോട്ട് മാറ്റി. ഞാൻ മാത്രം മാറാൻ പോയില്ല. മാറി നിൽക്കാൻ സമയമില്ല. ഇനി ടൂറിനുള്ളത് വെറും 5 ദിവസങ്ങൾ മാത്രം. തീരാൻ ഒരു എക്സാം കൂടിയുണ്ട്.



അന്ന് രാവിലെ മുതൽ നല്ല മഴയാണ്. കോളേജിൽ പോകണം. എക്സാമുണ്ട്. ഞാൻ കുടയൊന്നും എടുക്കാൻ നിന്നില്ല. കാരണം സ്വന്തമായെനിക്ക് കുടയൊന്നുമില്ല. ഉണ്ടായിരുന്ന ഒന്ന് പണ്ടേ ആരുടേയോ കൂടെ ഇറങ്ങിപ്പോയി. അങ്ങനെ ഒരു മൂളിപ്പാട്ടും പാടി ഹോസ്റ്റലിന് വെളിയിലേക്ക് ഇറങ്ങി.

"തലയ്ക്കു മീതെ ശൂന്യാകാശം
താഴെ ചളിക്കുഴി"

എക്സാം കഴിഞ്ഞ് കോളേജിൽ ഏറെ നേരം അലഞ്ഞു തിരിഞ്ഞ് നടന്നു. എന്റെ ക്ലാസിൽ നിന്നും വീണ വെള്ളത്തുള്ളികളിൽ കാലുകൊണ്ട് കുരിശ് വരച്ചു. അങ്ങനെ ആ കുരിശും തീർന്നു. ഹാ. എന്തൊരു മനസമാധാനം. ഇന്നുതന്നെ വീട്ടിലേക്ക് പോകണം.

സന്ധ്യയോടെ ഞാൻ വീട്ടിലെത്തി. എന്താണെന്ന് അറിയില്ല തലക്ക് ഭയങ്കര കനം. ഓ. സാരമില്ല എക്സാമിന് ഒരുപാട് പഠിച്ചത് കൊണ്ടാവും. അപ്പോഴേ തോന്നിയതാ ഇത് ഓവർ ലോഡാകും എന്ന്. ഇനിയും മൂന്ന് ദിവസമുണ്ടല്ലോ പതിയെ പതിയെ ലോഡിറക്കാം എന്ന് കരുതി നേരത്തേ കിടന്നു. അന്ന് രാത്രി ഒരുപാട് സ്വപ്നങ്ങൾ കണ്ടു. എത്ര കണ്ടാലും മതി വരാത്ത സ്വപ്നങ്ങൾ. കണ്ണിലേക്ക് വെള്ളം ഇറ്റിറ്റ് വീഴാൻ തുടങ്ങിയപ്പോൾ കുളുവിലെ മഞ്ഞ് ഉരുകിയതാവും എന്ന് കരുതി കണ്ണ് തുറന്നു. ആദ്യം കണ്ടത് എന്റെ റൂമിലെ കറക്കാനിന്ന ഫാനാണ്. ചരിഞ്ഞ് നോക്കി അയ്യോ ഇത് കുളുവല്ല. എന്റെ വീട്ടിലെ റൂമാണ്. അപ്പോളാണ് നെറ്റിയിൽ നിന്നും വെള്ളം ഇറ്റിറ്റ് വീഴുന്ന തുണിയിൽ കൈ തൊട്ടത്. അതെടുത്ത് എഴുന്നേൽക്കാൻ ശ്രമിച്ചു. എന്തോ ശരീരം അങ്ങ് വഴങ്ങുന്നില്ല.

"ടാ, എന്ത് പറ്റി" എന്ന് ചോദിച്ചുകൊണ്ട് ഉമ്മ ഓടി വന്നു.

"ഏയ് എനിക്കൊന്നും പറ്റിയില്ല." നിസാരഭാവത്തിൽ പറഞ്ഞ് കൊണ്ട് എണീറ്റ് നിന്നു. എന്റെ ചുറ്റും ചുമരുകൾ കറങ്ങുന്നുണ്ടോ എന്നൊരു സംശയം. പതിയെ പതിയെ ആ കറക്കത്തിന്റെ വേഗത കൂടി.

പിന്നീടെല്ലാം പെട്ടെന്നായിരുന്നു. വണ്ടി-ഹോസ്പിറ്റൽ-ഡോക്ടർ. ദിവസങ്ങൾ കൊഴിഞ്ഞ് വീണു കൊണ്ടിരുന്നു.



ഇന്നാണ് ഞങ്ങൾ (സോപാനം) ഓൾ ഇന്ത്യ ടൂർ പോകുന്നത്. ഇന്നലെ ഡോക്ടർ പറഞ്ഞത് രാവിലെ പോകാം എന്നാണ്. പക്ഷേ രാവിലെ സമയം ഇഴഞ്ഞ് നീങ്ങി. മണി 9, 10, 11, 12.... ഒന്നും പറയുന്നില്ല. സാരമില്ല രാത്രി 9 മണിക്കാണ് ട്രെയിൻ. വൈകുന്നേരം 5 മണിക്കെങ്കിലും ഇറങ്ങിയാൽ മതി. കൊണ്ടുപോകേണ്ട ബാഗ് എല്ലാം വീട്ടിൽ റെഡിയാണ്. എന്നാൽ ഡോക്ടറെ പോലെ സൂര്യനും എന്നെ മൈൻഡ് ചെയ്യാതെ പടിഞ്ഞാറുള്ള തന്റെ ഗുഹയിലേക്ക് നുഴഞ്ഞ് കയറി പോകുന്നത് ഹോസ്പിറ്റലിന്റെ ആറാം നിലയുടെ 23-ാം നമ്പർ മുറിയുടെ ജനാലിലൂടെ ഞാൻ കണ്ടു. അത് കണ്ട്, കണ്ട് ഉറങ്ങി. ഇടക്ക് ആരൊക്കെയോ ഫോണിൽ വിളിച്ചു. ഞാൻ എന്തൊക്കെയോ പറഞ്ഞു. സമയം 9.00 **pm**. ഒരു ട്രെയിനിന്റെ ചൂളം വിളികേൾക്കുന്നുണ്ടോ? ഞാൻ കണ്ണുകളടച്ചു. മനസിലൂടെ ഓൾ ഇന്ത്യ ടൂറിന്റെ പ്രതീക്ഷകളുടെ ബ്ലാക്ക് & വൈറ്റ് വീഡിയോ കടന്ന് പോയി. അത് പോയി നിന്നത് വേറെങ്ങുമല്ല. **ARS** മണ്ണുത്തി!

**ARS training** എന്നാൽ 20 ദിവസത്തെ ഗവൺമെന്റ് ജോബ് ആണെന്ന (കൂലിയായി രണ്ട് നേരം ചായ കിട്ടും എന്നും പറഞ്ഞിരുന്നെങ്കിലും കിട്ടിയില്ല) സലാമിക്കയുടെ വാക്കുകൾ വിശ്വസിച്ച് ഏകദേശം 10 മണിയോടടുപ്പിച്ച സമയത്ത് എ.ആർ.എസിൽ എത്തി. അപ്പോൾ അവിടെ ഒരു പ്രശ്നം മേധാവി സ്ഥലത്തില്ല. പിള്ളസാറിന്റെ കയ്യിൽ നിന്നും വാങ്ങിയ ഓർഡറുമായി ഞാനവിടെ കറങ്ങി. അങ്ങനെ കറങ്ങി കൊണ്ടിരിക്കുമ്പോഴാണ് ഒരു ജനലിന്റെ അഴികൾക്കിടയിലൂടെ ആ മൂന്നുപേരെ കണ്ടത്. അഷിത, കൊല്ലു, മഞ്ജുഷ ഈ ത്രിമൂർത്തികൾ. ഞങ്ങൾ ഓൾ ഇന്ത്യ ടൂറിന് ഇല്ല എന്ന ഉറച്ച തീരുമാനമെടുത്ത ധീരവനിതകളാണ്. അങ്ങനെ അവരുടെ അടുത്തേക്ക് അത്ര ഉറപ്പ് പോരാത്ത കാൽവെപ്പുകളുമായി ഞാൻ ചെന്നു. മുന്നിൽ പല അട്ടികളായി വച്ചിരിക്കുന്ന എ.ആർ.എസ് ചരിത്രം. അതിൽ ഒരു അട്ടി നിലത്ത് വച്ചിരുന്നെങ്കിൽ എനിക്ക് വേറെ കസേര അന്വേഷിക്കണ്ടായിരുന്നു.


മേൽ പറഞ്ഞ ത്രിമൂർത്തികൾ ചേർന്ന് എനിക്ക് നല്ല സ്വീകരണം നൽകി. അവർ ചെയ്തുകൊണ്ടിരുന്ന ജോലിയെപ്പറ്റിയും ഞാൻ ചെയ്യേണ്ടതിനെ പറ്റിയും വളരെ വിശദമായി പറഞ്ഞ് തന്നു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ പുറത്തേക്ക് വരാൻ തുടങ്ങിയ കോട്ടുവായ് ഞാൻ അവരാരും കാണാതെ അകത്തോട്ട് തന്നെ വിഴുങ്ങി. കസേരയിൽ ചാരി കിടന്ന് എന്റെ കണ്ണടയുടെ മുകളിലൂടെ അഷിതയുടെ കണ്ണടക്കുള്ളിലേക്ക് നോക്കി. "പടച്ചവനേ ഓളു ചളി പറഞ്ഞാൽ ചിരിക്കാനുള്ള ആളെ ഞാൻ പുറത്ത് നിന്നും വിളിച്ച് കൊണ്ട് വരണമല്ലോ. എന്നാൽ പിന്നീട് നടന്ന ചളിമത്സരത്തിൽ അഷിത എസ്.ജി. ഒന്നാം സ്ഥാനം കരസ്ഥമാക്കി. അങ്ങനെ ആലോചിച്ചിരിക്കേ മേധാവി സ്ഥലത്തെത്തി. ഞാൻ ചെന്ന് മുഖം കാണിച്ചു. ആള് പുലിയാണെന്ന് കേട്ടിട്ടുണ്ട്. എന്നാൽ ചീറ്റപ്പുലിയാണെന്ന് മനസ്സിലായി. അതിന് കാരണമുണ്ട്. ഞാൻ വന്നത് ട്രെയിനിംഗ് തുടങ്ങി രണ്ട് ദിവസത്തിന് ശേഷം. 9 മണിക്ക് ഹാജരാകേണ്ട ഞാൻ എത്തിയത് 10 കഴിഞ്ഞ്. പിള്ള സാറിന്റെ ഓർഡർ വക്കേണ്ട രീതിയിൽ വച്ചില്ല. കയ്യിൽ പെൻ ഇല്ല. ബുക്ക് ഇല്ല **etc.**

അന്ന് മുതൽ ഞാൻ മാറാൻ തീരുമാനിച്ചു. **Shirt insert** ചെയ്യാൻ തുടങ്ങി. ആദ്യമായി **college ID card** കഴുത്തിലോട്ട് ഇട്ടു. എന്റെ മൊബൈലിലെ അലാറം **daily 7 am** ന് സെറ്റ് ചെയ്തു. സ്വന്തമായൊരു നോട്ട്ബുക്ക് വാങ്ങി അതിന്റെ ആദ്യപേജിൽ **ARS training** എന്ന് എഴുതി. അങ്ങനെയുള്ള എന്റെ മാറ്റത്തിന്റെ കാലഘട്ടത്തിലാണ് ടൂറിന്റെ റിപ്പോർട്ടുകൾ മൊബൈലിൽ കൂടി ഒഴുകിയെത്തുന്നത്. പലർക്കും ലൂസ്മോഷൻ, ചിലർക്ക് പനി, തലവേദന **etc.....** ഹോ. എന്റെ ഒരു ഭാഗ്യം **ARS** -ൽ ഇല്ലാത്ത മസിൽ അൽപം പിടിച്ചാലെന്താ വേറെ കുഴപ്പം ഒന്നുമില്ലല്ലോ.

അങ്ങനെ ഓൾ ഇന്ത്യാ ടൂർ കഴിഞ്ഞു. എന്റെ 20 ദിവസത്തെ എ.ആർ.എസ്.സർവീസിൽ നിന്നും ഞാൻ വിരമിച്ചു. അവസാന ദിവസം **final report submit** ചെയ്ത് എ.ആർ.എസിന്റെ പുറത്തിറങ്ങുമ്പോൾ നല്ല മഴയുണ്ടായിരുന്നു. ആദ്യം അൽപം സംശയിച്ച് നിന്നശേഷം ഉറച്ച കാൽവെപ്പുകളോടെ പുറത്തേക്കിറങ്ങി. അപ്പോൾ മനസ്സിൽ നിന്നും ആരോ പാടുന്നുണ്ടായിരുന്നു.

"തലക്ക് മീതെ ശൂന്യാകാശം
താഴേ ചളിക്കുഴി"

Savitha Antony
Orion '06



# Juz c n Exclaim!!!

I Remarkable regenerative ability of Eucalyptus

1. A structure calleld naked bud is present, in the gap between leaf stalk and twig. It does not develop while leaf remains, but if the leaf is lost, the bud takes its place. When the naked bud has produced a leaf, it has another naked bud waiting in case of need.
2. Behind each leaf stalk the twig has tissues capable of producing new buds and new growth. Under the bark of a eucalyptus grows a set of dormant buds. If fire damages are severe, a new crop of leaves often grows from the bark.
3. Many eucalyptus trees have woody bulbous structure called lignotubers growing among the upper parts of the roots. Even if the whole plant trunk is destroyed, new shoots spring from the lignotuber & form trunks.
4. Eucalyptus leaves have an elaborate system of defenses against insect attack, fire and drought. Their fire - resistant bark may not even be damaged by a rapidly traveling blaze. If bark is cut, the tree exudes a liquid that hardens in to an insect proof "bandage."

II. Why wood floats?

Wood is made up of millions of tiny tubes/fibres packed together. The air between the tubes allow wood to float.

III. Which plants are used by frogs to lay their eggs in?

Bromeliads are shaped like deep vases, with the long, thick leaves spiralling around each other. As it rains, water collects within the vase making a permanent little pool. Here, tree frogs can lay their eggs & hatch their young in safety, far away from predators like fishes, which inhabit the places where frogs normally lay their eggs.

IV. What is a living stone/flowering pebble?

It's a plant that looks exactly like a small pebble/stone. Living stones or lithops are found in hot dry deserts of South Africa. They are succulents, with a thick cuticle which lets in sunlight for photosynthesis. They grew very slowly and need very little water.

V. Why fishes are unavailable if sea becomes red?

The sea, becomes red due to the phenomenon known as ' red tide'. This is due to algae Tricodesmium and single celled organism like Gymnodynium. A sudden increase of these organism is known as ' Blooming'. This occurs due to accumulation of nutrients. They produce toxins, as a result the fishes move away from these places.



**Dr. P.K. Rajeevan**
Associate Dean

# The UNION EXECUTIVE 2007-08



**Sarath Chandran M.A.**
President



**Rajees P.C.**
General Secretary



**Deepthi R.**
Vice-President



**Priya T. Joseph**
Joint Secretary




**Vishnu R.**
Arts Club Secretary



**Anuja A.R.**
Student Editor



**Vinay B.**
Social Service League Secretary



**Yunus C.**
Planning Forum Secretary



**Najeeb N.**
Quiz Club Secretary



**Vijith Krishnan**
Sports Club Secretary

## UUCs



**Arun E.K.**



**Abdul Salam Alangadan**



**Anu George**

# Class Representatives



Sreevidhya M.K.
PG



Safeer M.U.
Pegasus '04



Shine P.
Sopanam '05



Ahamed Shahab S.
Orion '06



Jijo Joseph
Poseidon '07

# Staff Advisors



Dr. P.K. Rajeevan
Patron



Dr. C.T. Abraham
Associate Patron



Dr. K. Satheesh Babu
Arts Club



Dr. Jayasree Krishnankutty
Staff Editor



Dr. Haseena Bhaskar
S.S. League



Dr. R. Usha Kumari
Planning Forum



Dr. Rose Mary Francis
Quiz Club



E.U. Rajan
Sports Club

# Magazine Committee



Dr. Jayasree Krishnankutty
Staff Editor




Anuja A.R.
Student Editor



Sreevidhya M.K.



Nikhil V.M.



Renjith P.S.



Renjini V.R.




Anand V.P.



Lakshmi Priya



Divya Sasidharan



Nithin K.



Shamna N.



Aswathi Vijayan

## Inter Class Literary & Fine Arts Festival JWALA '08



Ahamed Shahab S.
Kalaprathibha



Suvana Sukumaran
Kalathilakam



S. Arun
Sarga Prathibha



Shanil N.S.
Sahitya Prathibha



Anand V.P.
Chithra Prathibha

# SPICES :
## Facts at your finger tips!

Knowing the peppy facts
about Indian spices is
profitable and fascinating.
Read them regularly in
SPICES BOARD's periodicals.

## SPICE INDIA

Published every month simultaneously in Hindi, English, Malayalam, Tamil & Kannada and as quarterly in Telugu and Nepali.

A completely grower-oriented Journal replete with informative articles on cultivation methods, post-harvest technology, research and development.

**Monthly Subscription rates**

1 year Rs. 50/- 5 years Rs. 200/-

Quarterly subscription rates
for Telugu and Nepali issues

1 year Rs. 20/- 5 years Rs. 75/-

## SPICES MARKET

A Weekly Bulletin in English to keep you updated on prices of spices in Indian and World markets. A must for spice trades and exports.

**Annual Subscription : Rs. 200/-**

*The secretary,*
**SPICES BOARD INDIA**
*(Ministry of Commerce and Industry, Govt. of India)*
PB No. 2277, Cochin - 682 025, India.
Tel : 91 484 2333606, 2333610 to 616
Fax : 91 484 2331429, 2334429
E-mail : pub@indianspices.com
spicesboard@vsnl.com
Web : www.indianspices.com

*(Cheques are not acceptable.)*



വീടു വിട്ടിറങ്ങുമ്പോൾ മനസ്സുനിറയെ
വീടിന്റെ മണവും മധുരവുമായിരിക്കും.
കരയിൽ പിടിച്ചിട്ട മീനിനെപോലെ
അതില്ലാതാകുമ്പോഴുള്ള ശ്വാസംമുട്ടലായിരിക്കും.
ഹോസ്റ്റലുകൾ, അങ്ങിനെ അഭയാർത്ഥികളുടെ
താവളമാകുന്നു.
പിന്നീടുള്ള സമവാക്യം,
"അരം + അരം = കിന്നരം."
പതിയെ ഹോസ്റ്റലുകളെ അങ്ങോട്ട് സ്നേഹിച്ചുപോകുന്നു.
പിന്നെപ്പിന്നെ, ഓർമ്മകളിൽ നിന്ന് പഠിച്ചവയും,
പരീക്ഷയും എല്ലാം മാഞ്ഞുപോകുന്നു.
ആ വർഷങ്ങളിൽ ഇടത്താവളമായ
മുറികൾ മാത്രം ബാക്കിനിൽക്കുന്നു....

ഹോസ്റ്റലുകളുടെ
ടെറസ്സുകളിൽ ഉറങ്ങിയുണരുന്ന
രാത്രികൾക്കായിരിക്കില്ലേ
നമ്മെക്കാൾ
നമ്മെ അറിയുക ???? !!!!



# ഓർമ്മ

"ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തുനൽകണം
ഓർമ്മിക്കണം എന്ന വാക്കു മാത്രം
എന്നെങ്കിലും വീണ്ടുമെവിടെവച്ചെങ്കിലും
കണ്ടുമുട്ടാമെന്ന വാക്കു മാത്രം........."

**മുരുകൻ കാട്ടാക്കട**

രാജശ്രീ. എസ്.
പെഗാസസ് '04

# ഇനി ഞാനും



ഹോമഗേഹത്തിലാളിപ്പടർന്നു,
ഇന്നെന്റെയുള്ളിലും; കുമ്പാരമാക്കിയ
ഓർമ്മകൾക്കെങ്കിലും പടരാതിരിക്കട്ടെ
ജ്വാലകൾ കൊടും പകയോടെ.

ഒടുവിലീ മേശയിലെന്റെ പുസ്തകം
ഞാൻ കോറിയിട്ട വാക്കുകളെന്റെ
കരസ്പർശം; ഒപ്പമൊരുതുള്ളി കണ്ണീരും
അർച്ചനയാകുന്നു. ചരിത്രമാവർത്തനം.


മുഴങ്ങുന്ന ചിരിയൊച്ചയും, മിണക്കവും
പിണക്കവും പരിഭവം പറച്ചിലും
ഉയരുന്ന ശബ്ദത്തിലമർന്നിരുന്ന
കൊഞ്ചലുമിനിയൊരോർമ്മ മാത്രം.

അറിയുന്നു ഇനിയെന്റെ കാലടികൾ
മാഞ്ഞു പോകും, യാത്രയയപ്പിനൊടുവി-
-ലീ മഞ്ഞമന്ദാരവും കാത്തിരിക്കും
പുതിയ കാലൊച്ചകൾക്കായി.

ആഘോഷവേദിയിലാടിത്തിമിർത്ത,
വാഗ്വാദങ്ങളിൽ യുദ്ധക്കളമായ
ഈ വേദി വിട്ടിറങ്ങുന്ന നിമിഷം
പിടയുന്നു നെഞ്ചിലോർമ്മകൾ അടുക്കില്ലാതെ

ഉള്ളിലൊരു പ്രാർത്ഥന മാത്രം
പൊട്ടിവീഴാതിരിക്കട്ടെ, അകലാതിരിക്കട്ടെ
നാലു സംവത്സരങ്ങളിലായെൻ
സൗഹൃദച്ചരടിൽ കോർത്ത മുത്തുകൾ;

(ഉണ്ടെങ്കിൽ.......????)



വി.ആർ. നരേന്ദ്രൻ
സ്റ്റേറ്റ് സീഡ് ഫാം

# കാലഗണനയും ജീവിതവും

ഗാബ്രിയേൽ ഗാർഷ്യ മാർക്കേസ് എഴുതിയ "കപ്പൽച്ചേതം വന്ന നാവികന്റെ കഥ" എന്ന സംഭവവിവരണത്തെക്കുറിച്ച്.

ഒഴിവാക്കാൻ പറ്റാത്ത വിധത്തിൽ ഒറ്റപ്പെട്ട ഒരാൾ എല്ലായ്പ്പോഴും കാലത്തിന്റെ ഏറ്റവും ചെറിയ മാത്രകളെപ്പറ്റി ബോധവാനായിരിക്കും. ജീവിതത്തിന്റെ അനുഷ്ഠാനങ്ങളിൽ മുഴുകി സ്വയം മറന്നു ജീവിക്കുന്ന ഒരാളാകട്ടെ, താൻ പിന്നിട്ടു പോയ കാലയളവിന്റെ ഭീമാകാരം കണ്ട് അമ്പരന്നു നില്ക്കുമ്പോഴേയ്ക്കും ജീവിതം എരിഞ്ഞു തീർന്നിരിയ്ക്കും.

ഗാബ്രിയേൽ ഗാർഷ്യ മാർക്കേസിന്റെ 'കപ്പൽച്ചേതം വന്ന നാവികന്റെ കഥ' എന്ന സംഭവവിവരണത്തിൽ ലൂയി അലജാൻഡ്രോ വെലാസ്കോ എന്നു പേരായ ഒരു നാവികൻ, പത്തു ദിവസങ്ങൾ തടിച്ചങ്ങാടത്തിന്റെ ഒരു കഷണത്തിൽ അള്ളിപ്പിടച്ചു കിടന്ന് ജീവിതത്തിനു വേണ്ടി പോരടിച്ചതിനെക്കുറിച്ച് വർണ്ണിക്കുന്നു. ദിനരാത്രങ്ങൾകഴിയുന്നത് എണ്ണുവാൻ മാത്രമേ കാത്തിരിപ്പിന്റേയും സഹനത്തിന്റെയും നീണ്ട ദിവസങ്ങളിൽ അയാൾക്കു കഴിയുന്നുള്ളൂ. താൻ അള്ളിപ്പിടിച്ച മരക്കഷണത്തിൽ താക്കോൽ കൊണ്ട് ഒരു വര വരച്ചു ചേർത്ത് അയാളതു രേഖപ്പെടുത്തി - റോബിൻസൻ ക്രൂസോയെപോലെ. ദിശയും സമയവുമറിയാൻ സൂര്യചന്ദ്രൻമാരെയാണ് അയാൾ ആശ്രയിച്ചത്. ഭയവും ഏകാന്തതയും നിറഞ്ഞ സമയം, ആകാശത്ത് അയാൾ ഒരു നക്ഷത്രം കണ്ടെത്തുന്നു. ("വീഞ്ഞിന്റെ നിറമുള്ള ആകാശത്തിൽ മഞ്ഞ നിറത്തിൽ ഒരു രത്നം പോലെ ആദ്യ നക്ഷത്രം കാണായി. അനക്കമറ്റ്, കളങ്കമേതുമില്ലാതെ അതു നിലകൊണ്ടു. അതൊരടയാളമായിരുന്നു - തൊട്ടുപിന്നാലെ രാത്രി എത്തി.")

നക്ഷത്രക്കൂട്ടത്തിൽ നിന്നും ധ്രുവനക്ഷത്രം കണ്ടുപിടിക്കാൻ അയാൾ ബുദ്ധിമുട്ടി. ("അത്രയധികം നക്ഷത്രങ്ങളെ ഞാനാദ്യമായി കാണുകയായിരുന്നു. ഒരു നക്ഷത്രമെങ്കിലും ഇല്ലാത്ത ഒരിടവും ആകാശത്ത് ഇല്ല തന്നെ. ധ്രുവനക്ഷത്രത്തെ തിരിച്ചറിഞ്ഞപ്പോൾ ഞാൻ മറ്റു നക്ഷത്രങ്ങളെ നോക്കാതെയായി. ധ്രുവനക്ഷത്രവും നോക്കിയിരുന്നപ്പോൾ ഞാൻ ഒറ്റയ്ക്കല്ല എന്ന തോന്നൽ എങ്ങനെയുണ്ടായി എന്നു നിശ്ചയമില്ല!). ആശയറ്റ നിലയിൽ



നിന്നും അയാളുടെ ജീവിതം നിശ്ചയദാർഢ്യത്തിലേയ്ക്കും അതിലൂടെ അതിജീവനത്തിലേയ്ക്കും നീങ്ങുന്നു.

മെക്സിക്കോവിലെ ആസ്ടെക് - മയൻ ഗോത്രങ്ങൾ ആദിമകാലത്ത് കലണ്ടർ ഉണ്ടാക്കിയിരുന്നു. സൂര്യന്റെ മുഖമുള്ള ഒരു വൃത്തത്തിനു ചുറ്റും സജ്ജീകരിച്ച ഋതുഭേദങ്ങളുടെ കാലഗണനാപത്രം. ഇതിനെ ആസ്പദമാക്കി ഒക്ടേവിയോ പാസ് 'സൂര്യശില' എന്ന കാവ്യം എഴുതി. എല്ലാ പ്രാചീന സമൂഹങ്ങളും തങ്ങളുടേതായ കാലഗണനാമാർഗ്ഗങ്ങൾ ഉണ്ടാക്കി ഉപയോഗിച്ചു പോന്നു. ഏകാഗ്രതയോടെ വർഷങ്ങൾ നീണ്ട വാനനിരീക്ഷണത്തിൽ നിന്നുമാത്രമേ വാനഗോളങ്ങളുടെ ചലന നിയമങ്ങൾ കണക്കാക്കാൻ കഴിയുമായിരുന്നുള്ളൂ.

കപ്പൽച്ചേതം വന്ന് ഒരു തടിക്കഷണത്തിൽ ഉദ്വേഗത്തോടെ പറ്റിച്ചേർന്നുകിടന്ന നാവികന് അയാളുടെ ജീവിത്തിലെ ഓരോ നിമിഷവും വേർതിരിച്ചറിയാറായി. ലോകത്തിലെ ഓരോ അണുവും വേർപ്പെടുത്തിക്കാണാനാവുന്ന വിധത്തിലുള്ള ജാഗ്രതയിലേയ്ക്ക് അയാൾ ഉയർന്നു. ഒപ്പം ജീവിതത്തെ വ്യത്യസ്ത ഭാവത്തിൽ വിലയിരുത്താനും അയാൾ പഠിച്ചു. ജീവിക്കാനായി ഒരു കടൽകാക്കയെ വേട്ടയാടിയ അയാൾ, പിന്നീട് മറ്റൊരെണ്ണം തന്റെ കൈയിൽ വന്നിരുന്നിട്ടും ഒന്നും ചെയ്യുന്നില്ല. ഒരു സഹജീവിയോടെന്ന പോലെയാണ് പിന്നീടയാൾ അതിനോടു പെരുമാറുന്നത്. തന്റെ ശരീരം ആഹാരമാക്കാനായി വട്ടമിടുന്ന സ്രാവുകളോടുപോലും അയാൾ സമഭാവനയോടെയാണ് പെരുമാറുന്നത്.

വിശപ്പും ദാഹവും മൂർച്ഛിച്ചപ്പോൾ ഓരോരോ ഭ്രമകല്പനകൾ അയാളിലേയ്ക്കു കടന്നുവരുന്നു. ജീവിതം വേറിടാറായ ഒമ്പതാം രാത്രി പുലരുമ്പോൾ പ്രതീക്ഷയുടെ നേരിയ തീരരേഖ അങ്ങകലെ അയാൾ കണ്ടെത്തുകയാണ്. അത് സ്വപ്നമോ, മിഥ്യയോ എന്നുപോലും തിരിച്ചറിയാനായില്ലെങ്കിലും അവസാന ഊർജ്ജവും സംഭരിച്ച് അതേ ദിശയിൽ അയാൾ നീന്താൻ തുടങ്ങി. ഒടുവിൽ വടക്കൻ കൊളംബിയയിലെ ആളൊഴിഞ്ഞ ഒരു കടൽത്തീരത്ത് അയാൾ ചെന്നടിയുന്നു.

അയാൾക്ക് വീരോചിതമായ പരിവേഷം ലഭിച്ചു. ധാരാളം പണവും, പിന്നെ, മരിക്കാൻ കൂട്ടാക്കാത്ത മനുഷ്യൻ എന്നപേരും - ഒന്നിനു പുറമെ ഒന്നായി അനേകം അംഗീകാരങ്ങളും. അയാളുടെ അനുഭവങ്ങൾ മാർക്വേസ് എഴുതിയതുകൊണ്ടാകാം നമുക്ക് അതിഗംഭീരമായി അനുഭവപ്പെടുന്നത്.

രണ്ടു പ്രതിദ്വന്ദികളെ ഇതിൽകാണാം. മനുഷ്യനും കാലവുമാണവ: അഥവാ സമയരേഖയിലൂടെയുള്ള ഒരു മനുഷ്യസഞ്ചാരമായും ഇതിനെ കാണാം. സ്വന്തം ജീവിതത്തെക്കുറിച്ച് ശരിയായ അറിവിലേയ്ക്കു നീങ്ങുന്ന മനുഷ്യന്റെ ഏകാന്തത സ്വാംശീകരിച്ചതാവാം മാർക്കേസ്. കാലത്തിന്റെ മനുഷ്യമുഖമാണല്ലോ സൂര്യശിലയിൽ കൊത്തിവെച്ചിട്ടുള്ളതും.

Suvana Sukumaran
Orion '06

# Do You know?

**Sanskrit.... Spells Science....!**

Sanskrit is the mother of all European languages. According to Forbes, Sanskrit was considered as the most suitable language for speech recognition in computers. During the early years of software revolution when Klestern scientists were figuring out a way of constructing a protocol for writing code, they realized that the principles had already been laid down in the sanskrit language by Panini some 2500 years ago

**Face off!!!**

'Chutti', used in Kathakali, is a three dimensional mask - like attachment made of rice paste and paper that often extends upto 15cm from the face

**Tagore's track on the 'nobel' way.....**

Rabindranath Tagore is not only the first Indian Nobel Laureatte, but also the first Asian to be honoured, taking into account all the subjects in which awards are given by the Nobel Committee.

**The great bath of.... shirdi!**

The bathing complex at Shirdi, Nasik in Maharashtra, built and maintained by Sulabh International for the Shirdi Saibaba Trust is the largest bathing complex in the world. The complex can serve 30000 people a day.

**The seven srutis associated with natural sounds....**

SA - Peacock's cry

RE - The cow calling her calf

GA - The goat's bleat

MA - The heron's cry

PA - The cuckoo's song

DHA - The horse's neigh

NI - The elephant's trumpeting

**Indian Mirchi ... its hot!**

The Tezpur chilli named after the area where it is grown, is the hottest chilli on earth. It has the highest Scoville units per Capsicin - a measure of pungency.

**Spreading Sparkles!!!**

India is the worlds largest processor as well as the world's largest exporter of finished diamonds

**That's why we stay awake!!**

India is the largest producer and consumer of tea in the world.

രഞ്ജിനി വി.ആർ.
ഓറിയോൺ '06



# നിശാഗന്ധി

ഞാൻ ഇരുളിൻ സന്തതി.
ഇരവിനെ സ്നേഹിക്കാൻ വിധിക്കപ്പെട്ട
കളങ്കിതയാം നിശാഗന്ധി.....
അടർന്നു പോയെൻ കാൽക്കീഴിലെ മണ്ണും
അലയുന്നു ഞാൻ തെരുവീഥികളിൽ
നിരാശയും മാനനഷ്ടവുമെൻ സമ്പാദ്യം
നിശാവീഥികളിലുഴറുന്നു ഏകയായ്.
സ്നേഹം വിരിയും വഴിത്താരകൾ തേടി ഞാൻ:
ഏറ്റതോ കാപട്യത്തിൻ മുൾമുനകൾ
എന്നെ വരിഞ്ഞു മുറുക്കിയത് പകൽമാന്യതയുടെ
മാംസദാഹമാർന്ന വിരലുകളായിരുന്നു.
അറിവില്ലയെങ്കിൽ പോലും
അപരാധിയായ്ത്തീർന്നവൾ ഞാൻ.
ഇരുളിൻ മറവിലെ ആവേശം
കല്ലെറിയുന്നതിലും കാൺമൂ ലോകം
ഒടുക്കം, നാലു ചുവരുകൾക്കിടയിൽ
ഞാൻ ബന്ധിക്കപ്പെട്ടപ്പോൾ....
സഹതാപത്തിൽ ഫ്ളാഷുകളല്ല......
കച്ചവടതന്ത്രത്തിൻ പുതിയ ഇരയത്രേ ഞാൻ
"നിശാഗന്ധികൾ പൂക്കുന്നതൊരു രാവിനായ്
പകലിന്നതിന്നും അന്യമല്ലോ"

ചാന്ദ്നി പി.ബി.
പോസിഡോൺ '07

# പാലപ്പൂക്കൾ വാടുമ്പോൾ

അന്നവൾ ഡയറിയെഴുതിയപ്പോൾ തൂലി കത്തുമ്പിൽനിന്നും ചോരത്തുള്ളികളാണ് ഇറ്റുവീണത്. ഒരു പാട് വർഷങ്ങൾക്കു മുമ്പ് മനസിൽനിന്നും ചീറ്റിയൊഴുകിയ അതേ ചോരത്തുള്ളികൾ.

ഡയറിയുടെ കറുത്ത പുറംചട്ടയ്ക്കുള്ളിൽ അവളുടെ വിങ്ങുന്ന ഹൃദയം അടച്ചുവെച്ചപ്പോൾ പുറത്തെവിടെയോ പൂത്ത പാലപ്പൂക്കളുടെ മണം ആത്മാവിലേക്ക് പരന്നിറങ്ങുന്നത് അവളറിഞ്ഞു.

മഴക്കാറുകളില്ലായിരുന്നു ആകാശത്ത്. ഇനി പെയ്യുവാൻ തുള്ളികളില്ലാഞ്ഞ് അത് വിണ്ടുകീറിക്കിടന്നിരുന്നു. നിലാവ് ഭൂമിയെ തന്നാൽ പുതപ്പിച്ചപ്പോൾ, അവളുടെ കണ്ണുകളിൽ മാത്രം കറുത്തവാവായിരുന്നു.

— —

അമ്മു കോടതിയുടെ വരാന്തയിൽ വെച്ച് രാധയെ കണ്ടപ്പോൾ, കണ്ണുകൾ നിറഞ്ഞിരുന്നില്ല. നിശബ്ദമായ ആ രണ്ടു മനസുകളിലും മഞ്ഞുപാളികൾ ഉരുകിയൊലിച്ചു. ആ ശബ്ദം അവർ മാത്രം കേട്ടു.

വണ്ടി വീണ്ടും സ്റ്റാർട്ട് ചെയ്തു. ഇനി എങ്ങോട്ടു പോകണം. അറിയില്ല:: നഗരാതിർത്തിയിലെ പ്രേതാലയം പോലെ കിടക്കുന്ന ഒഴിഞ്ഞ വീടിനെ ഓർത്തപ്പോൾ ഒരു തരം അസ്വസ്ഥതയാണ് തോന്നിയത്. പിന്നിടുന്ന വഴികളിൽ ഇരുട്ടു മാത്രം... മഴ ഒന്നടങ്ങിയിരിക്കുന്നു. ഈ യാത്ര തനിക്കു മടുത്തിരിക്കുന്നു. ജനനത്തിൽ നിന്നും മരണത്തിലേക്കുള്ള യാത്ര... വണ്ടിക്ക് വേഗത കൂടിക്കൂടി വന്നു.... ചുറ്റുമുള്ള ലോകം തന്നിൽ നിന്ന് ഓടി ഒളിക്കുന്നതു പോലെ... ഹാ! എന്തൊരു വേഗം. മനസ്സിൽ സ്വൽപം ആഹ്ലാദം തോന്നി.

വണ്ടി ബ്രേക്കിട്ടതും, തെറിച്ചു വീണു. നൂറു തേനീച്ചകൾ ശരീരത്തിലാകമാനം കുത്തിക്കുത്തി തുളച്ചു കയറുന്ന വേദന. ചുറ്റും ആരൊക്കെയോ പിറുപിറുക്കുന്നു. നെറ്റിയിലൂടെ കിനിഞ്ഞിറങ്ങുന്ന രക്തത്തുള്ളികൾ കാഴ്ചയെ മറയ്ക്കും മുമ്പ് അയാൾ ആയാസപ്പെട്ട് കണ്ണു തുറന്നൊന്നു നോക്കി.

അങ്ങകലെ വണ്ടികൾ ഒന്നാകെ പാഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു. മുകളിൽ ഒരു ചുവന്ന സിഗ്നൽ തെളിഞ്ഞു കത്തുന്നു... 'എന്നെ', കടന്നു പോകാൻ ആരെയും അനുവദിക്കില്ല എന്നോർമ്മിപ്പിക്കാനെന്ന പോലെ...........

**സൂര്യ വിജയൻ.**
ആവലോൺ 2008



# മയിൽപ്പീലിത്തുണ്ട്!

പെട്ടിയിൽ പൊടിപിടിച്ചു കിടന്ന കുറെ 'തട്ടുപൊളിപ്പൻ' സാധനങ്ങൾ മോളാണ് പൊക്കിയെടുത്തോണ്ടു വന്നത്. "ഇത് വേണ്ടതാണോ? അത് വേണ്ടതാണോ'? എന്നു ചോദിച്ചു അവൾ പുറകെ കൂടിയപ്പോഴാണ് എന്നോ എടുത്ത് പെട്ടിക്കുള്ളിലാക്കി വെച്ച അവ വീണ്ടും കാണാനിടയായത്. ഇപ്പോൾ വീണ്ടും അവയിലൂടെ കടന്നുപോയപ്പോഴാണ് മനസിലായത് അത് വെറും തട്ടുപൊളിപ്പൻ സാധനങ്ങളല്ല; കുറേ മധുരസ്മരണകളുടെ നിറമുള്ള മയിൽപ്പീലിത്തുണ്ടുകളാണെന്ന്. ക്രിസ്മസ്-ന്യൂ ഇയർ കാർഡുകൾ ക്രിസ്മസ് **friend** - ന്റെ **letter** - കൾ, **Autographs** .... അങ്ങനെ അങ്ങനെ ഒരു നൂറുകൂട്ടം കുത്തിക്കുറിപ്പുകൾ! അവയ്ക്കിടയിലൂടെ കൈകൾ എന്തിനോ വേണ്ടി പരതി. അവ കണ്ടെത്തി. കവർ തുറന്ന് ആ നവവത്സര കാർഡ് കൈയിലെടുത്തപ്പോൾ കൈകൾ വിറയ്ക്കുന്നതവൾ അറിഞ്ഞു.

അത് തന്റെ പ്രിയതോഴി സന്തോഷവും കുസൃതിയും നിറഞ്ഞ തന്റെ സ്കൂൾ കാലഘട്ടത്തിൽ തനിക്ക് സമ്മാനിച്ചതാണ്. ഒന്നിലധികം ഉൾപ്പേജുകളുള്ള ആ കാർഡിൽ തങ്ങളുടെ സുഹൃദ്ബന്ധത്തിന്റെ നല്ല നല്ല സ്മരണകൾ അവൾ എഴുതിച്ചേർത്തിരുന്നു. കൂടുതൽ പേജുകൾ മറിക്കാൻ കൈകൾ മടിച്ചുനിന്നു. പക്ഷേ മനസ് നിയന്ത്രണാതീതമായി പാഞ്ഞു. അവളോടൊപ്പമുള്ള ജീവിതയാത്രയിലെ ഓരോ നിമിഷങ്ങളും ഒരു ഫ്ളാഷ് ബാക്കിലെന്നപോലെ മിന്നി മാഞ്ഞു. മെല്ലെ അവസാന പേജുകളിൽ എത്തിയപ്പോഴേക്കും ഒരു തുള്ളിക്കണ്ണീർ അവളുടെ കണ്ണിൽനിന്നും ഉതിർന്നു. അത് നനച്ചത് ഒരു പത്രത്തിലെ വെട്ടിയെടുത്ത ചരമവാർത്തയെയാണ്. അതിലെ സുന്ദരിയായ യുവതിയുടെ ഫോട്ടോ അവളെ നോക്കി കണ്ണടച്ചോ എന്നറിയില്ല. പക്ഷേ ആ കാർഡുകൾ അപ്പോഴും അവളുടെ കൈകളിലിരുന്ന് വിറക്കുന്നുണ്ടായിരുന്നു.

പുസ്തകാസ്വാദനം




സെജീറ സി.
ആവലോൺ '08

# 'കുറ്റവും ശിക്ഷയും'

'ലോകസാഹിത്യത്തിലെ മാണിക്യം' എന്ന് വിശേഷിപ്പിക്കാവുന്ന കൃതിയാണ് ഫയദോർ ദസ്തയോവ്സ്കിയുടെ 'കുറ്റവും ശിക്ഷയും'. 'കരമസോവ് സഹോദരന്മാർ', 'വല്ലാത്ത പഹയൻ' തുടങ്ങിയ കൃതികളുടെ കർത്താവായ ഫയദോർ ദസ്തയോവ്സ്കിയുടെ സമകാലീനനായിരുന്നു ലിയോ ടോൾസ്റ്റോയി. അവരുടെ രചനകൾ തമ്മിൽ സാദൃശ്യമുണ്ടായിരുന്നു. എല്ലാ കുറ്റകൃത്യങ്ങൾക്കും കാരണം ദാരിദ്ര്യവും സ്നേഹദൗർബല്യവുമാണെന്ന് ദസ്തയോവ്സ്കി ഇതിലൂടെ പറയുന്നു.

ഏകാന്തജീവിതം ഇഷ്ടപ്പെടുന്ന റസ്ക്കാൾനിക്കാഫ് പലിശയ്ക്ക് പണം കൊടുക്കുന്ന സ്ത്രീയെ പണത്തിനായി കൊല്ലുന്നു. തെളിവ് നശിപ്പിക്കാനായി സാക്ഷിയെയും അയാൾ അപ്പോൾത്തന്നെ കൊല്ലുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ രണ്ട് കൊലകൾ നടത്തിയ റസ്കാൾനിക്കാഫിന് കുറ്റവാളിയുടെ ഹൃദയമുണ്ടായിരുന്നില്ല. പശ്ചാത്താപം അയാളെ അലട്ടാൻ തുടങ്ങി. റസ്കാൾ നിക്കാഫിന്റെ ഹൃദയമിടിപ്പ് പോലും ദസ്തയോവ്സ്കിയുടെ തൂലികയിലൂടെ വായനക്കാർക്ക് അനുഭവപ്പെടുന്നു. മനുഷ്യമനസ്സിന്റെ പച്ചയായ ആവിഷ്കാരം ദസ്തയോവ്സ്കി നടത്തുന്നുണ്ട്. മനഃസംഘർഷങ്ങൾ അലട്ടിയ റസ്കാൾനിക്കാഫ് നിയമത്തിന് കീഴടങ്ങുന്നു. നിരാശ അയാളെ വീണ്ടും അലട്ടുന്നു. തന്നെ വെറുക്കുന്ന ലോകത്തെ അയാളും വെറുക്കാൻ തുടങ്ങി. ജീവിത സാഹചര്യങ്ങളാൽ വേശ്യയാകേണ്ടി വന്ന സോണിയ എന്ന റസ്കാൾനിക്കാഫിന്റെ കാമുകി അയാളെ കാണാൻ ജയിലിലെത്തുന്നു. ആ കൂടിക്കാഴ്ച സ്നേഹത്തിന്റെ നീരുറവ ഇന്നും വറ്റാതെ ഭൂമിയിലൂടെ ഒഴുകുന്നുണ്ടെന്ന് അയാൾക്ക് മനസ്സിലാക്കികൊടുക്കുന്നു. അതോടെ റസ്കാൾനിക്കാഫ് പുതിയൊരു ജീവിതത്തിലേക്ക് ചുവട് വെച്ച് തുടങ്ങുന്നു.

മാനവികതയെക്കുറിച്ചുള്ള ദസ്തയോവ്സ്കിയുടെ കാഴ്ചപ്പാട് ഉടലെടുത്തത് ദാരിദ്ര്യവും കഷ്ടപ്പാടുകളും ചേർന്ന സ്വന്തം ജീവിതത്തിൽ നിന്നാണ്. ദസ്തയോവ്സ്കിയുടെ സംഭവബഹുലമായ ജീവിതത്തിലെ ഒരു ഏടാണ് പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ' എന്ന കൃതി. മനുഷ്യമനസ്സെന്ന മഹാസാഗരത്തിലെ തിരയടികൾ കൊണ്ട് വർണിച്ച ദസ്തയോവ്സ്കി, കഥയിലല്ല, കഥ എങ്ങനെ പറയുന്നു എന്നതിലാണ് സാഹിത്യകാരന്റെ പ്രതിഭ ഒളിഞ്ഞിരിക്കുന്നതെന്ന് കാണിച്ചു തരുന്നു. ലോകാവസാനം വരെ നിലകൊള്ളുന്ന കൃതിയാണിത്.

Dr. Meera V. Menon
Dept of Agronomy

# About Holes – Both Black and Invisible

Black holes have always fascinated me. The thought of those huge dark masses with such powerful attractive forces that even light cannot escape their clutches has always filled me with a strangely pleasurable dread. I liken them to gigantic vacuum cleaners in the Universe, remorselessly sucking in all the bits and pieces of planets and stars and other celestial rubbish which have no business littering the heavenly pathways. (I've often wished that my vacuum cleaner was a fraction as efficient. It frequently strikes work and when I do finally manage to coax it to activity, it refuses to gulp all the juicy morsels of cobwebs I put in its way and instead, makes a meal of all my safety pins, rubber bands, unpaid electricity and telephone bills, and once, even my car keys.)

Though we have no black holes on earth, I have at times wondered whether we have other unknown invisible gaps with the same magnetic properties. Remember the Bermuda triangle in the Atlantic Ocean, where many ships and aircraft have mysteriously vanished, leaving no trace? Tales of ghostly ships without any crew, and of phantom airplanes which appeared and disappeared, which used to feed my imagination in my childhood, now raise conjectures in my mind about the nature of these earthly black holes   do the lost objects periodically re-emerge?

Closer home, it is my unshakeable belief that there are unseen holes in my surroundings into which those things I am particularly in need of disappear. In the kitchen, it is my favorite knife which periodically drops into the cavity. A vigorous search in all the shelves and cabinets and every other possible place yields many other long lost objects, but never the knife. My family members are all, of course, wide eyed with wonder. No, they've never been in the kitchen. No, they've never touched my knife. And they are all most astonished when the knife turns up in the garden, beside the mango tree which bears ripe fruits.

My comb is another item to which the hole is very partial. Every morning, after the daily cooking ritual at the usual breakneck speed, I am getting dressed to go to work, when I find that my comb is missing. I pull out every object in the cupboard, but its still missing. I employ my investigative skills and question those in the vicinity (my offspring), but I still draw a blank. "Who wants your comb when I have my own?" is one scornful reply, while another innocent one is, "I haven't combed my hair for a week". So where did the comb go? Into the hole, where else? The only saving grace is that the hole returns the swallowed objects within a day or two. Other favorites of the invisible space are the nail cutter, the TV remote (this reappeared in the bathroom once), the scissors, the screwdriver, my library book (this one frequently materializes under pillows), my husband's spectacles

and my cell phone. The last mentioned, when sighted again, is unexplainably with a diminished cash balance does the hole make phone calls?

The hole makes its presence felt in the college where I work too. However, there it is pretty selective, and its avarice is restricted to practical records and assignments. It has been my experience that every semester, at least one assignment or record is mysteriously missing. Once enquiries are started I learn that the assignment/record has been positively submitted on time, was placed right on my table, and has not been 'borrowed' by any other student, but unfortunately, is not to be seen now. The hole has been active again, I conclude. And yes, the lost document usually does make its reappearance within a few days, in some classroom or lab or on some other teacher's table.

The hole can expand to large proportions, I've found. Recently, a friend of mine went shopping in a supermarket. She spent quite a long time in there and when she finally staggered out with numerous packages, she found that her car had vanished. Frantic with worry, she called her husband, relatives, friends and finally the police. A search was initiated and the car was located at last. Guess where it was found? In her house, in the garage. That was a really diabolical act of the hole's, I think, and I choose to ignore the idle gossip of her neighbours who say she never took the car in the first place.

I now fear the time when the hole extends its voracious appetite to human beings. There are already stray reports of people missing and being found in other places. I know a girl whose uncle's sister-in-law's niece, while she was watching with her husband the 999th episode of a serial on television, suddenly found that he had disappeared. A search found him in the car, fast asleep. He later denied all knowledge of how he had got there.

So folks, beware of the hole. Be ceaselessly vigilant, always on guard. But I'm afraid the hole, in its consuming greed, will finally be the victor. I only hope it doesn't get at this article.


## മണ്ണുത്തി മൾട്ടിപർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നമ്പർ R. 1143

പി.ഒ. മണ്ണുത്തി - 680 651, ഫോൺ : 2373304

പണമിടപാട് പ്രവർത്തന സമയം

സാധാരണ ദിവസങ്ങളിൽ : 9.30 a.m. to 1.00 p.m.
2.00 p.m. to 4.00 p.m.
ശനിയാഴ്ച : 9.30 a.m to 1.00 p.m.

ശ്രീമതി പ്രിയ ജോഷി (സെക്രട്ടറി)

ശ്രീ. ജോസ് പാലോക്കാരൻ (പ്രസിഡണ്ട്)

Orbit COMPUTERS

1st Floor, Global Plaza,
Vanchikulam Road, Thrissur
Ph : 0487-3250755, 97445 04454
e-mail : orbit.computers@yahoo.in


*The perfect choice for your IT needs*

ദിവ്യ ബാബു
പെഗാസസ് '04




# രാവ്

ഒരു രാത്രി.......
നിറവും മണവും കറുത്ത
ആ രാത്രിയിൽ
സീമകളില്ലാതെ
ഇരുട്ടും ആകാശവും.
അണഞ്ഞു പോയ കൈത്തിരിയുമായി
മിന്നാമിനുങ്ങും.
ഏതോ ഇരുൾക്കൂട്ടിൽ
മണ്ണിന്റെ മഴക്കിനാവുകളിലേക്ക്
ഉറ്റുനോക്കി
ഇരുളിന്റെ ആഴങ്ങളിൽ
കൊച്ചുനക്ഷത്രം.
ഓലത്തുമ്പിന്റെ കറുത്ത നിഴലിൽ
പാതിമറഞ്ഞ് ചിമ്മിചിമ്മി.
അത് എന്റെ കണ്ണാണ്.
രാവ് എന്റെ മനസും.



# കാലം

"കാലമില്ലാത്തവന് മൃതിയില്ല
മൃതിയില്ലാത്തവന് മോക്ഷവും"



എന്തിനും ഒരു കാരണമുണ്ടാവണം.

എല്ലാം മറന്നുവയ്ക്കുന്നതിനും....

“സ്വർണ്ണമാളികകളും, ഞാൻ.... ഞാൻ.... എന്ന് അഹങ്കരിച്ച ചക്രവർത്തിമാരും” മണ്ണടിഞ്ഞു.

പിന്നെ ചിതലരിച്ചു തുടങ്ങിയ പഴയ സൽക്കാരയെ

ഡോ.പി.കെ. രാജീവൻ

# മഴക്കാലം

അവളുടെ ഓർമ്മയിൽ,
കൗമാരത്തിന്റെ ഒളിമങ്ങിയ
ചിത്രത്തിൽ,
പേമാരിയുടെ തെളിവാർന്ന
നാദമുണ്ടായിരുന്നു.
തളം കെട്ടിയ വെള്ളത്തിൽ
ഓളമിളക്കുന്ന കാലുകളും
പെരുമഴയത്തും
നിവരാത്ത കുടയും
രാസ്നാദിയുടെ മണവും
ഉഷ്ണമാപിനിയും
പിന്നെ,
തോരാതെ പെയ്യുന്ന
കുറെ സ്വപ്നങ്ങളും.....

അവളുടെ യൗവനത്തിൽ
മഴ നിറഞ്ഞു നിന്നിരുന്നു
അവളോർക്കുകയാണ് -
മൂടിക്കെട്ടിയ ആകാശം
മുളിനടക്കുന്ന കാറ്റിന്റെ
തണുത്ത സ്പർശം
ആകാശത്തിന്റെ വാതിലുകൾ
തള്ളിത്തുറന്നെത്തുന്ന മഴ
മൂർദ്ധാവിലൂടെ ഊർന്നിറങ്ങുന്ന
കനിവിന്റെ നിറവ്
കുളിർക്കുന്ന ഉള്ളം,
തളിർക്കുന്ന മോഹം
പുതുമഴയിലെ പഴയ ശീലങ്ങൾ!


അത് പ്രണയകാലം -
അവൻ പറഞ്ഞത്
അവളോർക്കുകയാണ് -
'നിന്നോടെനിക്ക് ഭ്രാന്താണ്.
പ്രകൃതിയുടെ ശ്രുതിയോർക്കുന്ന,
വേനലിനോട് കലമ്പുന്ന,
മഴയോട് പുലമ്പുന്ന, നിന്നോട്
മഴയിൽ സുതാര്യമാകുന്ന
നിന്റെ മനസ്സിനോട്

പ്രിയേ,
ഈ മഴ മുഴുവനും,
ഇനി എല്ലാ മഴക്കാലങ്ങളും
നിന്റേതുമാത്രം
നനഞ്ഞു കൊള്ളുക, മനം നിറയെ'

തൊട്ടിലിലെ കുഞ്ഞിന് താരാട്ടായി
മഴ വീണ്ടുമെത്തി
ചുറ്റിനും നിറഞ്ഞ കാറ്റിൽ
പുതു മണ്ണിന്റെ നനവ്
ഓർമ്മയിൽ ചുരുളഴിയുന്ന
ഒരായിരം നിനവുകൾ
തകർത്തുപെയ്യുന്ന
മഴയിലേക്കിറങ്ങുമ്പോൾ
പിന്നിൽ അവന്റെ അലർച്ച:
ശാപവാക്കുകളുടെ പെരുമഴ

ഉള്ളിലിരമ്പിയ മേഘങ്ങൾ
ആർത്തലച്ചുയരുന്നതും
കണ്ണുകളിലുറപൊട്ടുന്നതും അവളറിഞ്ഞു
നനഞ്ഞ പാദങ്ങളിൽ വീണ കണ്ണീരിൽ
അവളാകെ പൊള്ളി
പിന്നെ ആവിയായ് മഴയിൽ അലിഞ്ഞു.

അനിൽ സെബാസ്റ്റ്യൻ
ആവലോൺ '08



# പുകയുന്ന പൂക്കൾ

ആദ്യമായി എൻജിനിൽ കൈവച്ച നിമിഷത്തിൽ തോന്നിയ അതേ അഭിമാനത്തോടും ആവേശത്തോടും കൂടിയാണ് എന്നും അയാൾ തീവണ്ടി നിയന്ത്രിച്ചിരുന്നത് വാലിൽ നൂൽകെട്ടിയ തുമ്പിയെ നിയന്ത്രിക്കുന്നതുപോലെയാണ് ഭീമാകാരനായ തീവണ്ടിയെ അയാൾ നിയന്ത്രിക്കുന്നതെന്നാണ് ഉറ്റമിത്രം ഗോവിന്ദൻപിള്ളയുടെ കമന്റ്.

"ഗോപാലാ. തീവണ്ടികള് ചീറിപ്പാഞ്ഞു പോകുമ്പോൾ തന്റെ കൈ വിറയ്ക്കാറില്ലേ" - ചായക്കടക്കാരന്റെ സംശയം.

കുടിക്കുന്ന ചായഗ്ലാസ്സിന്റെ ചൂട് അല്പം കഴുത്തിനു നൽകി, ഒന്ന് മന്ദഹസിച്ച് അയാൾ പറയും "ഇല്ല."

പക്ഷെ, അയാളുടെ വാക്കുകൾ നൂറുശതമാനവും സത്യമായിരുന്നില്ല. 31 വർഷത്തെ സർവ്വീസിനിടയ്ക്ക് ഗോപാലൻ നായരുടെ സ്വപ്നങ്ങളിലെന്നും ചീറിപ്പാഞ്ഞുവരുന്ന ട്രെയിനിൽ തട്ടി ദൂരേയ്ക്കു തെറിച്ചു വീഴുന്ന മനുഷ്യരുടെ മുഖങ്ങളായിരുന്നു. അവരുടെ മുഖങ്ങൾക്ക് രക്തവർണ്ണമായിരിക്കും. ചിലർ പാളത്തിനിടയിൽ കുരുങ്ങിയ കാലു വലിക്കുന്നതിനിടയിൽ ദയനീയമായി നോക്കാറുണ്ട്. മറ്റു ചിലരാകട്ടെ ആശ്ലേഷിക്കാനെന്നവണ്ണം കൈകൾ വിടർത്തി നിൽക്കും.

സർവ്വീസിൽ കയറി രണ്ടാഴ്ച കഷ്ടിച്ചുകഴിയുന്ന ദിവസമായിരുന്നു അത് നടന്നത്. വിദൂരതയിൽ എന്തോ അനങ്ങുന്നത് അയാളുടെ ശ്രദ്ധയിൽപെട്ടിരുന്നു.

പക്ഷെ തൊട്ടടുത്തെത്തിയപ്പോൾ മാത്രമാണ് പാളത്തിനു കുറുകെ നിവർന്നുകിടക്കുന്ന യുവാവിനെ കണ്ടത്. വിഫലമാണെന്നോർക്കാതെ ബ്രേക്കമർത്തി. പക്ഷേ. ആ യുവാവിന്റെ ശരീരം ചക്രങ്ങൾക്കിടയിലൂടെ മറയുന്നതേ അയാൾക്ക് കാണുവാൻ സാധിച്ചുള്ളൂ. നടുക്കം വിട്ടുമാറാതെ തന്റെ ആദ്യ 'കൊലപാതക'ത്തിൽ വിറങ്ങലിച്ചുനിന്ന ഗോപാലൻനായരെ ആശ്വസിപ്പിക്കാൻ വന്നത് സുദീർഘമായ സർവ്വീസുണ്ടായിരുന്ന സുകുമാരൻ ചേട്ടനായിരുന്നു.

"അത് ഓരോരുത്തരുടേയും വിധിയാണ്. ഞാനും തരിച്ചിരുന്നിട്ടുണ്ട്. ഇതിലൊന്നും നമ്മൾ ഒരിക്കലും തെറ്റുകാരാകുന്നില്ല."

ഗോപാലൻനായർക്ക് ആ ഉപദേശം ആദ്യമൊന്നും അത്ര ദഹിച്ചിരുന്നില്ല. പിന്നെപ്പിന്നെ അത് ശരിയാണെന്ന് അയാളുടെ മനസ്സ് മന്ത്രിച്ചു തുടങ്ങി. എങ്കിലും ഓരോ ജീവൻ ചക്രത്തിനടിയിൽ പിടയുമ്പോളും അയാളുടെ നെഞ്ചിൽ ഒരു നെരിപ്പോടു പടരും.

രാത്രിയിൽ വാതിൽ തുറക്കുമ്പോൾ കുനിഞ്ഞ ശിരസ്സുമായി നിൽക്കുന്ന ഭർത്താവിനെ കാണുമ്പോൾ സാവിത്രിയമ്മ അയാളുടെ ഉള്ളിൽ കാർമേഘങ്ങൾ പൊന്തുകയാണെന്ന് മനസ്സിലാക്കും. അന്ന് പിന്നെ മിണ്ടാട്ടമില്ല.

'കാല'നായി മാറാത്ത ദിവസങ്ങളിൽ അയാൾ തികഞ്ഞ പ്രസരിപ്പോടെ വീട്ടിലേക്ക് കടന്നു വരും. സാവിത്രിയമ്മയെ അതുമിതും പറഞ്ഞ് അരിശം കയറ്റും, മകൾ രാധയ്ക്കു ചോക്ലേറ്റ് നൽകും. കോളേജിലാണ് പഠിക്കുന്നതെങ്കിലും അയാൾക്കിന്നും അവൾ കുരുന്ന് തന്നെ.

രാധ ഫോണിൽക്കൂടി 'കൂടുതലായി' സംസാരിക്കാറുണ്ടെന്ന് സാവിത്രിയമ്മ പരിഭവം പറഞ്ഞപ്പോൾ പുറമേ ചിരിച്ചു തള്ളിയെങ്കിലും അയാളുടെ ഉള്ളിലും ഭയമുണ്ടായിരുന്നു.

സാവിത്രിയമ്മയുടെ അലമുറകേട്ടാണ് അന്ന് അയാളുണർന്നത്. 'ക്ഷമിക്കണം, അനുഗ്രഹിക്കണം' എന്ന രണ്ടുവാക്കിലൊതുക്കി മകൾ യാത്രയായെന്ന് മനസ്സിലാക്കിയപ്പോൾ അയാളുടെ ഉള്ളിലെ നെരിപ്പോട് രണ്ടു കണ്ണീർച്ചാലുകളായ് ഒഴുകി. അലമുറയിടുന്ന സാവിത്രയമ്മയെ നെഞ്ചോടമർത്തി. നരകയറിയ അവളുടെ മുടിയിൽ തഴുകി. അതിലൊരു ലാളനയും പുറംലോകം അറിയരുതെന്ന ശാസനയുമുണ്ടായിരുന്നു.


******

അയാളാകെ മാറിയിരിക്കുന്നു. മുമ്പത്തെപ്പോലെ ചുണ്ടുകളിൽ മന്ദസ്മിതം വിടരുന്നില്ല. മുഖത്ത് വ്യാധിയുടെ ചുളിവുകൾ. എൻജിനിൽ കൈവയ്ക്കുമ്പോൾ മകൾ സുഖമായി കഴിയുന്ന ദൃശ്യം മനക്കണ്ണുകൊണ്ട് കാണുന്നുവെന്ന് അയാളുടെ മുഖം വിളിച്ചോതുന്നുണ്ട്.

'പാസഞ്ചർ' അന്ന് 10 മിനിട്ട് വൈകിയാണ് ഓടിയിരുന്നത്. നീലവിരിച്ച പുഴയും വീടുകൾ തൊട്ടുതൊട്ടുകിടക്കുന്ന ചേരിപ്രദേശവും കടന്ന് ട്രെയിൻ നീങ്ങുകയായിരുന്നു. പെട്ടെന്നാണ് മുമ്പിലായ് ഒരു ബലിമൃഗം തെളിഞ്ഞുവന്നത്. കൂടെയുണ്ടായിരുന്ന ജോലിക്കാരൻ അലറിക്കൊണ്ട് എന്തൊക്കെയോ ആംഗ്യം കാട്ടുന്നു. ഗോപാലൻ നായർ സർവ്വശക്തിയുമെടുത്ത് ബ്രേക്കമർത്തി. അത് വിഫലമാണെന്ന് അയാൾക്കറിയാമായിരുന്നു. ട്രെയിനൊന്ന് പിടച്ചു. എങ്കിലും അത് മുന്നോട്ട്തന്നെ നീങ്ങിക്കൊണ്ടിരുന്നു. മിഴികളിൽ കുഞ്ഞിനേയും പിടിച്ചു നിൽക്കുന്ന സ്ത്രീരൂപം തെളിഞ്ഞുവന്നു. അയാളുടെ കണ്ണുകൾ വിടർന്നു. പുരികങ്ങൾ മേൽപ്പോട്ടുയർന്നു. നിമിഷങ്ങൾക്കകം തീവണ്ടിചക്രങ്ങൾ ആ രണ്ടു ജീവനേയും ഞെരിച്ചമർത്തി. വെള്ളിക്കൊലുസിട്ട് പൂങ്കുല കയ്യിൽപിടിച്ച് വരുന്ന കുഞ്ഞുരാധ-അയാൾ അലമുറയിട്ടു കരഞ്ഞു. അലറിവിളിച്ച് അയാൾ എന്തൊക്കെയോ ഭ്രാന്തമായ് പുലമ്പുന്നുണ്ടായിരുന്നു. എന്നാൽ ട്രെയിനിന്റെ ചൂളംവിളിയിൽ അയാളുടെ ശബ്ദം അലിഞ്ഞില്ലാതായി.

******

കുനിഞ്ഞ ശിരസ്സുമായി സാവിത്രിയമ്മയുടെ മുമ്പിൽ നിൽക്കുമ്പോഴും കരയാതിരിക്കാൻ അയാൾ പാടുപെടുന്നുണ്ടായിരുന്നു. തലയിണയിൽ മുഖം അമർത്തി അയാൾ ആ ദുഃഖം തന്റേതുമാത്രമാക്കി.





നിഖിൽ വി.എം.
സോപാനം '05

# ജനകീയകൃഷി

കേരള സംസ്ഥാനം രൂപീകൃതമായിട്ട് വർഷങ്ങൾ ഏറെയായി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്കെന്നല്ല മറ്റുരാജ്യങ്ങൾക്കുപോലും മാതൃകയായി. നദികൾ, തടാകങ്ങൾ, കായലുകൾ, കുളങ്ങൾ, സമൃദ്ധമായ മഴ തുടങ്ങി കൃഷിക്കനുയോജ്യമായ എല്ലാ ഘടകങ്ങളും ഉണ്ടായിട്ടുപോലും കേരങ്ങളുടെ നാടായ കേരളത്തിലെ കൃഷി മറ്റുസംസ്ഥാനങ്ങൾക്ക് പോലും മാതൃകയാകുന്നില്ല. ഉയർന്ന ജനസംഖ്യ, ജനസാന്ദ്രത, കൈവശഭൂമിയിലുള്ള കുറവ് തുടങ്ങി ഒരായിരം കാരണങ്ങൾ നിരത്താമെങ്കിലും ഉള്ള ഭൂമിയിൽതന്നെ കൃഷിചെയ്യാൻ മടിക്കുന്ന വിധത്തിൽ ഉപഭോഗ സംസ്ക്കാരം വളർന്ന് പന്തലിച്ച് നമ്മെ കീഴ്പ്പെടുത്തികഴിഞ്ഞിരിക്കുന്നു. കേരളത്തിലെ കൃഷിഭൂമിയിലധികവും അനുഭവിക്കുന്ന മധ്യവർഗത്തിനാണെങ്കിൽ കൃഷി ഒരു പ്രധാന വരുമാന മാർഗമേ അല്ല. മറ്റു തൊഴിലുകളിൽനിന്ന് ലഭിക്കുന്നതിന്റെ മൂന്നിലൊന്ന്പോലും അവർക്ക് കൃഷിയിൽനിന്ന് ലഭിക്കുന്നില്ല. 45 വയസ്സിന് താഴെയുള്ള എത്ര കർഷകർ കേരളത്തിലുണ്ട്? കുട്ടി ഭക്ഷണം കഴിച്ചില്ലെങ്കിൽ "ഭൂതംവരും വേഗം കഴിച്ചോ" എന്ന്പറഞ്ഞ് ഭൂതത്തെ ഒരു പേടിസ്വപ്നമാക്കിമാറ്റുന്ന മാതാപിതാക്കൾ തന്നെ, പഠിക്കാതിരിക്കുന്ന കുട്ടിയോട് സർവ്വസാധാരണയായി പ്രയോഗിക്കുന്ന ഒന്നുണ്ട് "വേണമെങ്കിൽ പഠിച്ചോ അല്ലേൽ നിന്നെ കൊയ്യാൻ വിടും." മാതാപിതാക്കൾ കുട്ടി പഠിച്ച് മിടുക്കരാവണം എന്ന ആഗ്രഹത്തോടെ പറയുന്ന ഈ വാചകം കുട്ടിയുടെ മനസ്സിൽ എത്രത്തോളം വിപരീതഫലങ്ങളാണുണ്ടാക്കുന്നതെന്നറിയാമോ? കൃഷി ഒരു മൂന്നാംതരം ജോലിയാണെന്ന ധാരണ ചെറുപ്പത്തിലേ മുളപൊട്ടാൻ സഹായകമാകുന്നില്ലേ ഇത്. കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയാമോ? പടിഞ്ഞാറൻ സംസ്ക്കാരം നമ്മളും അനുകരിക്കാൻ തുടങ്ങിയിരിക്കുന്നു അല്ലെങ്കിൽ അതിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്നു എന്നല്ലേ ഇത് സൂചിപ്പിക്കുന്നത്. ഇതെല്ലാം ചെന്നവസാനിക്കുന്നത് സുരക്ഷിതമല്ലാത്ത ഭക്ഷ്യസുരക്ഷയിലാണ്. ഒന്ന് നോക്കൂ, നമുക്ക് വേണ്ടതിൽ മുക്കാൽഭാഗത്തിലധികം ഭക്ഷ്യധാന്യ പച്ചക്കറികൾക്കും നമ്മൾ അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. എത്രകാലം നമുക്കിത് തുടർന്ന് കൊണ്ട്പോകാൻ കഴിയും?





ലോറി സമരം, ഇന്ധനവിലവർദ്ധന, കാലാവസ്ഥ കെടുതികൾ തുടങ്ങി എത്രെയെത്ര കാര്യങ്ങൾ നമ്മെ പ്രതികൂലമായി ബാധിക്കുന്നു. നമ്മുടെ നാട്ടിലെ വിലവർദ്ധനയുടെ കാരണങ്ങൾ തപ്പിതഞ്ഞ് ഒരിടത്തേക്കും പരക്കംപായേണ്ട ആവശ്യമില്ല. ഇത് തന്നെയാണ് മൂലകാരണം. ഭക്ഷ്യസുരക്ഷ മാത്രമാണോ അവതാളത്തിൽ? നാടാകെയുള്ള കുളങ്ങളും കുന്നുകളും വയലുകളും തകർത്തുതരിപ്പണമാക്കി. വെള്ളം വെള്ളം സർവ്വത്ര (ആറുമാസം) തുള്ളി കുടിപ്പാനില്ലത്രേ (അടുത്ത ആറുമാസം). ഇതിൽ തുള്ളി കുടിക്കാതിരിക്കാൻ ആറുമാസം തികയേണ്ടാത്ത അവസ്ഥ സംജാതമായിരിക്കുന്നു. കൃഷിയിൽനിന്നുള്ള പിൻമാറ്റം ഭക്ഷ്യസുരക്ഷയിലൂടെ, ജലസുരക്ഷയിലൂടെ, നമ്മുടെ സാമൂഹ്യസുരക്ഷയെ തന്നെ അവതാളത്തിലാക്കിയിരിക്കുന്നുവെന്നതാണ് ചുരുക്കം.

**ഇനിയെന്ത്?**

കേരളത്തിലെ അണുകുടുംബവ്യവസ്ഥ കൈവശഭൂമിയുടെ അളവ് കുറച്ചുകൊണ്ട് വന്നു. ഇത് ഭൂമിയുടെ തുണ്ടുവത്ക്കരണത്തിലേക്കെത്തിച്ചു. ഞാൻ, എന്റെ കുടുംബം എന്ന അണുകുടുംബതത്വം ഇനിയൊരിക്കലും മാറ്റാൻ സാദ്ധ്യമല്ല. തുടർന്നും ഭൂമിയുടെ തുണ്ടുവത്ക്കരണമാണ് സംഭവിക്കാൻ പോകുന്നതും. ഈ വസ്തുതകളെയൊക്കെ മുൻനിർത്തിയാവണം പുതിയ സമീപനങ്ങൾ ഉയർന്ന് വരേണ്ടത്. ഏതൊരു കാർഷിക ചർച്ചയെടുത്താലും തുടക്കം നമുക്കറിയാവുന്നപോലെ ജൈവകൃഷിയിൽ തന്നെയായിരിക്കും. നല്ല വിശ്വസ്തതയാർന്ന, കീടനാശിനി കലർപ്പില്ലാത്ത, രുചികരമായ ഭക്ഷണം നമുക്കിതിലൂടെ ലഭിക്കും എന്നത് സത്യംതന്നെ. പക്ഷേ ഭക്ഷ്യസുരക്ഷ എന്ന ബാനർ ഉണ്ടാക്കിപ്പിടിച്ച് ജൈവകൃഷി പ്രോത്സാഹനം നടത്തുമ്പോൾ നമ്മൾ വിജയിക്കാറുണ്ടോ? വ്യാപകമായ രീതിയിൽ നടത്തുന്ന ജൈവകൃഷിയിൽ ഉത്പാദനം നന്നേ കുറവാണ്. പ്രാദേശിക മാർക്കറ്റുകളല്ലാത്തതിനാലും ഉയർന്ന വില ലഭിക്കുന്നതിനാലും കൃഷി കർഷകന് ലാഭംതന്നെയായിരിക്കും. ദരിദ്രനായ ഒരുവൻ ഉയർന്ന വിലകൊടുത്ത് ജൈവഉത്പന്നം വാങ്ങുവാൻ താത്പര്യപ്പെടില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ജൈവവളങ്ങൾ ആവശ്യത്തിന് ലഭ്യമല്ല. അവയുടെ ഉയർന്നവില... ഇതെല്ലാം നമ്മൾ നോക്കികാണേണ്ടതുണ്ട്. പക്ഷേ മണ്ണിന്റെ ജൈവഭൗതികരാസഗുണങ്ങളെ അസ്ഥിരപ്പെടുത്തുന്ന പ്രവർത്തനങ്ങളും തുടർന്ന് കൊണ്ടുപോകാൻ പറ്റില്ല. അതിനാവശ്യമായ ജൈ വാംശങ്ങൾ മണ്ണിൽ ചേർത്തേതീരൂ. ചുരുക്കത്തിൽ വ്യാപകമായി കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ ജൈവ-രാസവളങ്ങൾ ചേർത്തുകൊണ്ടുള്ള സംയോജിത വളപ്രയോഗം എന്ന സമീപനം അവലംബിക്കുന്നതായിരിക്കും ഉചിതം.

ജൈവകൃഷി സാധ്യമായ മേഖലകൾ നമുക്ക് ധാരാളമുണ്ട്. സ്ത്രീധനം നിർത്തലാക്കണം എന്ന് മുറവിളികൂട്ടുന്നപോലെ. അണുകുടുംബവ്യവസ്ഥയിൽനിന്ന് കൂട്ടുകുടുംബവ്യവസ്ഥയിലേക്ക് മാറി ചിന്തിക്കണം എന്ന് ആർക്കെങ്കിലും പറയാൻ പറ്റുമോ. എന്നാൽ ഇവിടേക്ക് സ്വയം പര്യാപ്തമായ ജൈവകുടുംബം, പ്രാദേശിക ജൈവഗ്രാമം എന്നീ ആശയങ്ങൾ കൊണ്ടുവരാൻ സാധിക്കും.

കേരളത്തിലേതുപോലെ സുദൃഢമായ കുടുംബശ്രീ സംവിധാനം മറ്റൊരിടത്തും കാണുകയില്ല. ഈ മനുഷ്യവിഭവശേഷിയെ വേണ്ടത്ര പ്രോത്സാഹനങ്ങൾ നൽകി കാർഷിക മേഖലയുടെ വളർച്ചക്കായി എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ? ഒരു പഞ്ചായത്തിലെ ഒരു വാർഡിലേക്കാവശ്യമായ പച്ചക്കറിവിഭവങ്ങൾ 20-25 പേരടങ്ങിയ ഒരു ഗ്രൂപ്പിന് ഉത്പാദിപ്പിക്കാൻ എന്താണ് പ്രയാസം? മൂലധനം തന്നെയാണ് പ്രധാനപ്രശ്നമായിവരുന്നത്. ഇവിടെയാണ് പ്രാദേശിക ഗവൺമെന്റുകളുടെ റോൾ. നമുക്ക് വേറെയും വഴികൾ ആലോചിച്ചുകൂടേ. നമ്മൾ പച്ചക്കറികൾ ഉത്പാദിപ്പിച്ചാൽ നിർബന്ധമായും വാങ്ങിക്കും എന്നുറപ്പുള്ള കുറച്ച് പേരെയെങ്കിലും നമുക്ക് കണ്ടെത്താനാകും. ഇവരിൽനിന്ന് ഒരു നിശ്ചിത തുകസംഘടിപ്പിച്ച് ആദ്യമൂലധനം കണ്ടെത്താം. വെറുതെ വേണ്ട. ആ തുകക്കുള്ള പച്ചക്കറി വിഭവങ്ങൾ തന്നുകൊള്ളാം എന്നുള്ള ഉറപ്പിൽ മതി. ഇതിലൂടെ മൂലധനം കണ്ടെത്തുക മാത്രമല്ല വലിയൊരു വിപണനമേഖലകൂടി സൃഷ്ടിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇവർ തന്നെയാണ് ബ്രാൻഡ് അംബാസഡർമാരും. വരവ് പച്ചക്കറിയേക്കാൾ ഗുണവും രുചിയുമുള്ള നമ്മുടെ ഉത്പന്നത്തെ കുറിച്ച് സ്വന്തം അയൽവാസിയോട്പോലും പറയാത്ത



ഒരൊറ്റ ഉപഭോക്താവും ഉണ്ടാകില്ല. ഇത്രയും നല്ലൊരു പരസ്യ ശൃംഖല വേറെ എവിടെ ലഭിക്കും. പണമിടപാടുകളിൽ മാത്രം ഒതുങ്ങി കൂടുകയാണ് ഇന്ന് നമ്മുടെ കുടുംബശ്രീ സംഘങ്ങളിൽ പലരും. വളരെ ചുരുക്കം സംഘങ്ങൾ മാത്രമേ ഉത്പാദനമേഖലയിലേക്ക് വരുന്നുള്ളൂ. ഇതിൽനിന്നുള്ള ഒരു മാറ്റം ചെറിയ തോതിലെങ്കിലും നമുക്കു പ്രതീക്ഷിക്കാം.



മുൻപ് സൂചിപ്പിച്ചിട്ടുള്ള അണുകുടുംബവ്യവസ്ഥയിലേക്ക്തന്നെ നമുക്ക് തിരിച്ച്പോകാം. ഒരു കുടുംബത്തിനാവശ്യമായ പച്ചക്കറികൾ സ്വന്തം സ്ഥലത്ത് ഉത്പാദിപ്പിക്കാൻ എന്താണ് പ്രയാസം. സ്വന്തം വീട്ടിൽ ഉത്പാദിപ്പിക്കുന്ന സ്വന്തം ആവശ്യത്തിനുപയോഗിക്കുന്ന ഏതൊരു വിഭവത്തിലും രാസവള-കീടനാശിനികൾ ഉപയോഗിക്കാൻ ആർക്കും താത്പര്യമുണ്ടാകില്ല. ഇവിടെയാണ് ജൈവകൃഷി പൂർണ്ണഅർത്ഥത്തിൽ സാധ്യമാകുന്നത്. നാലുപേരടങ്ങിയ കുടുംബത്തിനാവശ്യമായ വിഭവങ്ങൾക്ക് നമുക്ക് ആരേയും ആശ്രയിക്കേണ്ട. ഉത്പാദിപ്പിക്കുന്നത് എന്തുതന്നെയാവട്ടെ വീടിനുചുറ്റുമുള്ള സ്ഥലവും, ടെറസും എല്ലാം ഉപയോഗിക്കാം. നമ്മുടെ വീട്ടിൽനിന്നും വലിച്ചെറിയുന്ന മാലിന്യം നമുക്ക് ഫലപ്രദമായി കൈകാര്യം ചെയ്യാനും കഴിയും. ഏതൊരുവീട്ടിൽനിന്നും ദിനംപ്രതി കുറഞ്ഞത് 2kg ജൈവമാലിന്യമെങ്കിലും ലഭിക്കില്ലേ. മാസത്തിൽ ചുരുങ്ങിയത് 60kg. വെറുതെ വലിച്ചെറിയുമ്പോൾ മാത്രമല്ലെ ഇത് മാലിന്യമാകുന്നത്. ഇതിനെ ജൈവവളമാക്കിയാലോ അത് സമ്പത്താണ്. ആവശ്യമായ വിഭവങ്ങൾ നൽകി വലിയൊരു പദ്ധതിയായിട്ടു പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ആശയം നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ പലരും ഇതെല്ലാം വാങ്ങിവെച്ച് നേരംവെളുപ്പിക്കുക മാത്രമേ ചെയ്തുള്ളൂ. മറ്റുള്ളവരിൽ താത്പര്യം ജനിപ്പിക്കുന്ന രീതിയിലേക്ക് ഇതിനെ മാറ്റാൻ സാധിക്കുന്നില്ല. ഒരു പഞ്ചായത്തിലെ ഒരു വാർഡിലെ 5-6 വീട് എല്ലാ ശാസ്ത്രീയ ഉപദേശങ്ങളും വിഭവങ്ങളും നൽകി മാതൃക ജൈവപച്ചക്കറി കുടുംബം സ്ഥാപിക്കാൻ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വയം സഹായസംഘങ്ങളുടെയും നേതൃത്വത്തിൽ സാധിക്കും. ചുരുങ്ങിയത് 100 പേരെങ്കിലും ഇത് സന്ദർശിക്കുമെന്നുറപ്പാണ്. ഇതെല്ലാം സാധിക്കാവുന്നതേയുള്ളൂ എന്ന ധാരണ പരത്താൻ ഈ മാതൃകാ തോട്ടങ്ങൾ മതി. കുറച്ചുപേരെങ്കിലും ഇതിൽ ആകൃഷ്ടരായി ഈ മേഖലയിലേക്ക് പുതുതായി വരുകയും ചെയ്യും. ആയിരവും പതിനായിരവും പേർക്ക് സഹായങ്ങൾ നൽകുന്നതിന് പകരം ആദ്യം താത്പര്യമുള്ളവർക്കു നൽകി. പിന്നീട് അതിനെ കൂടുതൽ വിപുലമാക്കി തുടർച്ചയായ ഒരു പദ്ധതിയാക്കി മാറ്റിയാൽ പ്രാദേശിക സ്വയംപര്യാപ്ത ജൈവഗ്രാമം എന്ന ആശയം സാധ്യമാകാവുന്നതേയുള്ളൂ.

കാർഷികമേഖലയുടെ സുസ്ഥിരതക്ക് കൃഷി അധഃസ്ഥിതരുടെ തൊഴിലാണെന്ന പാർശ്വവത്ക്കരണത്തിന്റെ കെട്ടഴിച്ച് ജനകീയമാക്കുകയേ വഴിയുള്ളൂ. ജൈവകൃഷിയും സംയോജിത രീതിയുമെല്ലാം ഇതിലോട്ടുള്ള ചവിട്ടുപടികൾമാത്രം. എന്തെല്ലാമായാലും രാസവളകീടനാശിനി പ്രയോഗം മാത്രം വേണ്ടെന്ന് പറയാൻകഴിയണം. കൃത്യമായി പറഞ്ഞാൽ കാർഷികമേഖലയോട് അവജ്ഞയോടെയുള്ള സമീപനം ഉപേക്ഷിക്കേണ്ട സമയമായിരിക്കുന്നു. ഭക്ഷ്യക്ഷാമം കലാപമാകാതിരിക്കാനുതകുന്ന രീതിയിലുള്ള കാഴ്ച്ചപ്പാടുകൾ ഉയർന്ന് വരണം. കൃഷിയെ കേവലമൊരു തൊഴിൽ എന്നതിൽനിന്നും പ്രകൃതി, ആരോഗ്യം, സമൂഹം എന്നീ മേഖലകളുമായി ബന്ധപ്പെടുത്തി കൂടുതൽ ജനകീയമാക്കേണ്ടിയിരിക്കുന്നു. കൃഷി ജനകീയമാക്കുന്നതിലൂടെ മാത്രമേ തുടർന്നങ്ങോട്ട് ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്താനാകൂ.



എ.ഡി. സുജിത്
ഓഫീസ് സ്റ്റാഫ്

# അമ്മ

ചെമ്പൊരിചിതറും മധ്യാർക്കൻ നിൻ
ചന്തമെഴും ഫാലത്തിൽ കുങ്കുമശോഭ ചാർത്തും.

ഞാവൽപ്പഴം തോല്ക്കും നിൻമിഴിയഴകിൽ
തേനീച്ചതേടും നിൻ അരുണാധരമധുരിമ

മിന്നാമിന്നി മിന്നി നിൻ നാസാരന്ധ്രത്തിൽ; നുണ-
ക്കുഴിക്കയത്തിൽ കറങ്ങുന്നീഭൂലോകകളിത്തോണി

വരിയൊത്ത നിൻ കൊച്ചരിപ്പല്ലുകൾ കെടുത്തി
കരി വീരന്റെ കൊമ്പിൻധവളാഭ ചെമ്മേ

കുയിലിന്റെ കളമൊഴി കളിവാക്കാകും; നില്പൂ
കല്ലോലിനി നിശ്ചലം നിൻ മൊഴിയിഴയിൽ

അർദ്ധേന്ദു നിൻ താമരപ്പൂവിരലിലെ,
ഭക്തർനമിക്കും രത്നച്ചിലമ്പാകവെ

മിന്നൽക്കരവാളും നിൻകരങ്ങൾക്കേകി വാനം
മുന്നിൽ പോരാഞ്ഞു ധൂമകേതുക്കൾപൊഴിച്ചു.

ഉഡുമണിറാണിമാർ നിന്നണിവയറിൻ
ഒഡ്യാണമണിരത്നം വീചികളാകവെ

ഭ്രമരങ്ങൾ നിൻ മൃദുചെന്താമരപ്പാദങ്ങളിൽ
ഭ്രമിച്ചു പരിക്രമണവ്യൂഹം ചമച്ചു

ഗോതമ്പുനമിക്കും നിൻ ഇളംമേനിയഴകിൽ; നീല-
ക്കരിമ്പും നീർത്തുകില്ല നടു നിൻമുടിയഴകിൽ

അമ്മേ! തമോഗർത്തങ്ങളൊട്ടനവധിയടങ്ങുമെന്നെ
നിൻ പാദരേണുതൻ ശപ്തധൂളിയാക്കുകിൽ

നിത്യനവ്യ പ്രകാശധാരകളൊന്നൊന്നാ-
യെൻ കുറുവീഥിയിൽ തെളിഞ്ഞിടും.

# ഹായ്!
# ഇലക്ഷൻ

ഉണ്ണികൃഷ്ണൻ തെക്കേപ്പാട്ട്
M.Sc. (Agrl Stat)

**വ**ടക്കുമ്പാട് നാരായണന്റെ കവിതകളിലൊന്നിൽ രണ്ടുവരിയുണ്ട് -

"എന്തിനു കത്തിയെരിയുന്നു വേനലേ
ഒറ്റമഴയ്ക്കായി പാടെ നിറയ്ക്കുവാൻ" എന്ന്.

അതെ. ചുട്ടുപഴുത്ത റോഡുകൾ. സൂര്യൻ ഭൂമിയോടടുത്തു വരുകയാണെന്ന് തോന്നുന്നതുപോലെ. അതിനും പുറമെ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ചൂട് മറുവശത്ത്. പല മന്ത്രിമാരും നേതാക്കന്മാരും മത്സരത്തിൽ നിന്നും പിൻമാറുന്നതിനാൽ യുവതാരങ്ങളുടെ ഒരു നിരയാണ് ജനം ഉറ്റുനോക്കുന്നതെന്ന് പത്രപ്രവർത്തകരുടെ കമന്റ്. തന്നെയുമല്ല പാർട്ടികളുടെ ബാഹുല്യം കാരണം പത്തുപേർക്ക് ഒരു സ്ഥാനാർത്ഥി എന്ന ശരാശരിയിലാണ് കാര്യങ്ങൾ നീങ്ങുന്നതും.

അതിനിടയിൽ ചില അരാഷ്ട്രീയ വാദികളും രംഗത്ത് സജീവം. അടിപിടി, മാനഭംഗം, കൊലക്കേസ് ഇത്യാദി കലാപരിപാടികളുമായി അറിഞ്ഞോ അറിയാതെയോ ബന്ധമുള്ള സകലമാന പാർട്ടികളെയും പന്ത്രണ്ട് വർഷത്തേയ്ക്ക് ജനം തന്നെ വിലക്കണമെന്നും ഒരു പുതിയ പാർട്ടി രൂപം കൊണ്ടാൽ ഒരു വ്യാഴവട്ടം കഴിഞ്ഞ് പ്രായപൂർത്തിയെത്തിയിട്ടേ അവർക്ക് മത്സരിക്കാൻ അനുവാദം കൊടുക്കാവൂ എന്നും കേരളത്തിന്റെ വികസന നായകരെല്ലാം വിദേശത്ത് അധ്വാനിച്ചു കൊണ്ടിരിക്കുകയാണെന്നും ഇവിടെ വാചകക്കസർത്തു നടത്തുന്നവരല്ല യഥാർത്ഥ വികസനത്തിന്റെ ചുക്കാൻ പിടിയ്ക്കുന്നതെന്നും ഇവിടെ തൊഴിലാളികളുടെ കൂലികൂട്ടി പ്രീതിപ്പെടുത്തി ബാറുകളുടെ എണ്ണം കൂട്ടി ആ കൊടുത്തതിന്റെ ഇരട്ടി ഖജനാവിലേയ്ക്കെത്തിയ്ക്കലാണ് നടത്തുന്ന തെന്നും മറ്റുമുള്ള വാദഗതികളാൽ അവരും ഒരു വഴിയ്ക്ക് മുന്നേറുന്നുണ്ട്. അതിലും പുറമേ അവരുടെ വാദം വോട്ടുചെയ്യാത്തവർക്കാണ് ഭൂരിപക്ഷം എന്നാണ്.

വീടുകളുടെ എണ്ണം കൂടുന്നതുകൊണ്ടാണ് വൈദ്യുതി പാഴാവുന്നത് എന്നുപറഞ്ഞ പാർട്ടിയുടെ പൊടിപോലും കാണാനില്ല. ഇന്ധനക്ഷാമം കുറയ്ക്കാൻ തങ്ങൾ അധികാരത്തിലെത്തിയാൽ വീടൊന്നുക്ക് ഒരു സൈക്കിൾ സ്പോൺസർ ചെയ്ത പാർട്ടിയെയും ജനം കൈയൊഴിഞ്ഞതാണ് ചരിത്രം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിയ്ക്കുന്നതിന് തൊട്ടുമുമ്പ് നാമാവശേഷമായ ജപ്പാന്റെ ഉയിർത്തെഴുന്നേല്പിന്റെ ചരിത്രം വിളമ്പി സംവരണം കൊണ്ടാണ് കേരളം ലോകത്തിലെ വൻശക്തിയായി മാറാത്തത് എന്നു പറയുന്ന ഒരു മുദ്രാവാക്യമാണ് ഇപ്പോൾ മുഴങ്ങിക്കേൾക്കുന്നത്. ബ്രാഹ്മണരും നായന്മാരും കുടിയേറിപ്പാർത്തവരായതിനാലാണ് അവർക്ക് കേരളത്തിൽ സംവരണമില്ലാത്തതെന്നു പറഞ്ഞ് ഇവർ ഒരു വൻ ജനസമൂഹത്തെ കയ്യിലെടുക്കാൻ നോക്കുന്നുണ്ട്. എക്സിറ്റ് പോൾ പ്രവചനം കാത്ത് ചിലർ ഒന്നും മിണ്ടാതെയും നടക്കുന്നുണ്ട്.

പല സ്ഥാനാർത്ഥികൾക്കുമൊപ്പം കൂപ്പുണ്ടുകളും സംഭാവനാരശീതികളുമായി ചിലരുണ്ടാവും. കൊടിത്തോരണാദികൾ തൂക്കാൻ പൈസവേണ്ടേ? അന്യന്റെ എന്നു വെച്ചാൽ സഹോദരന്റെ തന്നെ (എല്ലാ ഭാരതീയരും സഹോദരീ സഹോദരന്മാരാണല്ലോ) മതിലിന് പെയിന്റടിയ്ക്കണ്ടേ? തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കടം വാങ്ങിയ തുക തിരിച്ചു കൊടുക്കണ്ടേ? തെരഞ്ഞെടുപ്പ് കഴിയുമ്പോഴേയ്ക്കും പാർട്ടിയും പാർട്ടിക്കാരും ഒന്നു തടിച്ചു കൊഴുക്കണ്ടേ? അല്ലെങ്കിലും ഇതെല്ലാം ആർക്കുവേണ്ടിയാണ്? ഇന്നാട്ടിലെ ജനങ്ങൾക്ക് വേണ്ടിതന്നെ. അരിയുടെയും നിത്യോപയോഗവസ്തുക്കളുടെയും വിലച്ചരട് കടിച്ചു പിടിച്ച് നിൽക്കാൻ ഒരാള് വേണ്ടേ ഇവിടത്തെ ജനങ്ങൾക്ക്? പച്ചക്കറിയുടെ വിലകുറച്ച് ഉപഭോക്താവിനെയും വിലകൂട്ടി കൃഷിക്കാരനെയും സന്തോഷിപ്പിക്കാൻ ഇവരെപ്പോലുള്ളവരില്ലാതെ ആർക്കാണ് കഴിയുക. എന്തിനധികം ഇവിടത്തെ ജന

ങ്ങൾക്കൊരു നാഥൻ എന്നുപറയാനൊരാളു വേണ്ടേ?

പാർട്ടി പ്രവർത്തകരുടെ പരിചയപ്പെടുത്തലിനു ശേഷം സാഷ്ടാംഗം കുടുംബത്തെ നമസ്കരിക്കുന്ന സ്ഥാനാർത്ഥി പെട്ടെന്ന് ആ കുടുംബത്തിലെ തന്നെ ഒരാളായി മാറുന്നതു കാണാം. പരാതികളും നിർദ്ദേശങ്ങളുമെല്ലാം അക്കമിട്ട് ഡയറിക്കുറിപ്പായി മാറുമ്പോൾ ജനം സന്തോഷിയ്ക്കും ഇവൻ വന്നാൽ നാടു നന്നായി. ഈ നിർദ്ദേശങ്ങൾ പിന്നീട് ഭരണകക്ഷിയെ കുറ്റപ്പെടുത്താൻ ഉപകരിച്ചെങ്കിലോ എന്ന രീതിയിലാണ് മറ്റവൻ എഴുതിയെടുക്കുന്നതെന്ന് ജനമറിയുന്നുണ്ടോ ആവോ... എല്ലാ പാർട്ടികളെപ്പറ്റിയും കുറ്റം പറഞ്ഞു എന്നുറപ്പു വരുത്തിക്കഴിഞ്ഞാൽ പറവെപ്പ് കഴിഞ്ഞ് കോമരം പോകുന്നതുപോലെ ഒരു പോക്കുണ്ട് അടുത്ത വീട്ടിലേയ്ക്ക്. ആ കാഴ്ച ഒന്നു കാണേണ്ടതു തന്നെയാണ്. പിന്നെ ഇങ്ങോട്ട് തിരിഞ്ഞു നോട്ടമില്ല.

ആയിടയ്ക്കാണ് നാടിന്റെ ഏതോ ഒരു മൂലയിൽ ഒരു വൃദ്ധൻ മരിച്ച വാർത്ത നാടാകെ പരന്നത്. അന്നുവരെ സമ്പാദിച്ച തുക കൊണ്ട് കിട്ടാവുന്നത്ര വലിയ റീത്തുകളും വാങ്ങി സ്ഥാനാർത്ഥികൾ പരിവാരസമേതം പരേതനെ കാണാനെത്തി. അവസാനം അവിടെ റീത്തുകളുടെ പ്രദർശനമായി. സ്ഥാനാർത്ഥികൾക്ക് പിന്നാലെ വന്ന പത്ര പ്രതിനിധികൾ അവരുടെ അനുശോചന സന്ദേശം പകർത്തി - "ലോകത്തിലെ ഏറ്റവും നീതിമാനായ മനുഷ്യന്റെ ജീവിതം അങ്ങനെ അസ്തമിച്ചു. ഇനി ഇയാൾക്ക് സമമായൊരാൾ ലോകത്തുണ്ടെങ്കിൽ അതു ഞാൻ തന്നെ" എന്നൊരാൾ. "എനിയ്ക്ക് വയസ്സ് ഇരുപത്തഞ്ചേ ആയിട്ടുള്ളൂ. എങ്കിലും പരേതനുമായി അറുപതിലേറെ വർഷത്തെ പ്രവർത്തന പരിചയമുണ്ട്" എന്ന് മറ്റൊരാൾ. "ഇയാളുടെ സഹായത്താൽ എസ്.എസ്.എൽ.സി. കഷ്ടിച്ചു പാസായ എനിയ്ക്ക് അതും കൂടി നഷ്ടപ്പെട്ട പ്രതീതിയാണ്" എന്ന് വേറൊരാൾ. ഇങ്ങനെ നീളുന്നു മഹാന്മാരുടെ അനുശോചന പ്രവാഹം.

സ്കൂളിന്റെ പടിപോലും കാണാത്ത നീണ്ട ഒരു വ്യാഴവട്ടക്കാലമായി ആരോരുമില്ലാതെ വാതം പിടിച്ചു തളർന്ന് ഏതോ അമ്പലനടയിൽ ഭിക്ഷയ്ക്കിരുന്നിരുന്ന ഇയാളെ അന്ന് ശിഷ്യഗണങ്ങൾ തിരിഞ്ഞു നോക്കാതിരുന്നത് എന്തുകൊണ്ടെന്ന്



ആരും പറഞ്ഞില്ല. കാൽമുട്ടിലും അരക്കെട്ടിലും നീർകെട്ടി, ശ്വാസം മുട്ടിനാൽ ബുദ്ധിമുട്ടി, വൃത്തികേടിന്റെ പാരമ്യതയിൽ കിടന്ന ഇയാളെ ആരോ ഒരു സർക്കാരാസ്പത്രിയിൽ കൊണ്ടു ചെന്നാക്കിയെന്നും ആശുപത്രിയിൽ ഡോക്ടറും നഴ്സും ഇല്ലാത്തതിനാൽ ഭക്ഷണം പോലും കിട്ടാതെ അന്ത്യശ്വാസം വലിച്ചതാണെന്നും ആരോ ഒരാൾ വിളിച്ചു പറഞ്ഞപ്പോൾ പത്രപ്രവർത്തകർ അതു പകർത്തിയില്ല. കാരണം അയാൾക്ക് ഒരു നേതാവാകാനുള്ള യോഗ്യത ഇല്ലെന്ന് അതോടെ അവർക്ക് മനസിലായി.

എല്ലാം അന്നത്തോടെ കഴിഞ്ഞു. പിരിവു കൊണ്ട് കിട്ടിയ തുക തീർന്നതായി ഖജാൻജികൾ പ്രഖ്യാപിച്ചു. ഇനി തന്റെ പോക്കറ്റിൽ നിന്നും പൈസയിറക്കേണ്ടി വരുമെന്നു കണ്ട ചില ബുദ്ധിജീവികൾ മെല്ലെ പത്രിക പിൻവലിച്ചു. പാർട്ടിയെ വരും ദാരിദ്ര്യത്തിൽ നിന്നും രക്ഷിയ്ക്കാൻ ചിലർ അല്ലറചില്ലറ സർട്ടിഫിക്കറ്റുകൾ സംഘടിപ്പിച്ചു. വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ഭൂചലനം ഇത്യാദി അമാനുഷിക പ്രവൃത്തികളാൽ വീടും പറമ്പും നഷ്ടപ്പെട്ട കാർഡുകളും കാണിച്ച് ചിലർ പ്രവർത്തനം തുടങ്ങി. മറ്റുചിലർ സന്യാസിവേഷം തന്നെ കെട്ടി. കാരണവന്മാർ സമ്പാദിച്ച സ്വത്തുള്ള പാർട്ടിക്കാരുടെ പ്രചാരണം അപ്പോഴും തകൃതിയായിത്തന്നെ നടക്കുന്നുണ്ടായിരുന്നു. പാവപ്പെട്ടവരുടെയും തൊഴിലില്ലാത്തവരുടെയും കുടിയന്മാരുടെയും ദാരിദ്ര്യരേഖയ്ക്കു താഴെയും ഭൂമധ്യരേഖയ്ക്കു മുകളിലുമായി കഴിയുന്നവരുടെയും സ്ഥാനാർത്ഥിയായ താൻ ജയിച്ചാൽ കേരളം സ്വർഗ്ഗരാജ്യമെന്ന് ഒരാൾ പറയുമ്പോൾ സ്ഥിരബുദ്ധിയും സാക്ഷരതയുമില്ലാത്ത തനിയ്ക്ക് ഇതല്ലാതെ വേറെ തൊഴിലെടുക്കാനാവില്ലെന്ന് മറ്റൊരാൾ. ഭൂരിപക്ഷം പേരും വിദ്യാസമ്പന്നരായ കേരളത്തിൽ ന്യൂനപക്ഷങ്ങൾക്കു തന്നെ എല്ലാറ്റിലും മുൻഗണന കൊടുക്കണമെന്നൊരാൾ. കൊതുക്, മൂട്ട, എലി, എരണ്ട, മണ്ഢരി എന്നുവേണ്ട ഉപദ്രവകാരികളായ ഏതു വ്യക്തികളെയും സമൂഹത്തിൽ നിന്നു തുരത്താൻ തനിയ്ക്കേ കഴിയൂ എന്നൊരുവൻ. മലമ്പനി, എലിപ്പനി, പുച്ചപ്പനി, കാട്ടുപനി, നാടൻപനി തുടങ്ങി എയ്ഡ്സ് വരെ സമൂഹത്തിൽ നിന്നു മായ്ച്ചു കളയാൻ ഒരു ഡോക്ടറായ തനിയ്ക്കേ കഴിയൂ എന്ന്



ഒരു പി.എച്ച്.ഡിക്കാരൻ-ഇങ്ങനെ നീളുന്നു ആ പട്ടിക.

പല രാഷ്ട്രീയ നേതാക്കന്മാരും ഉറക്കത്തിൽ ഉജ്വല പ്രസംഗങ്ങൾ തന്നെ നടത്തി. മറ്റു ചിലർ ഉറക്കത്തിൽ മുഷ്ടിചുരുട്ടുന്നതുകണ്ട് ഭയന്ന് ഭാര്യയും മക്കളും രാത്രി ഉറക്കമിളച്ചിരുന്നു. ചിലരുടെ ഭാര്യമാർ അവധിയെടുത്ത് വീട്ടിൽ പോയി. ചിലരാകട്ടെ പല ടൂത്ത് പേസ്റ്റുകളുടെയും പരസ്യങ്ങൾ മാറി മാറി കാണിച്ചു. ചിലരുടെ മക്കൾ രാത്രിയിൽ ഓട്ടോ വിളിയ്ക്കാൻ പോയി. കള്ളന്മാരുടെ തല്ലുകൊണ്ടു വന്നു കിടന്നുറങ്ങി. സ്ഥാനാർത്ഥികൾ സ്വപ്നം കണ്ടെണീക്കുമ്പോൾ തന്റെ മുന്നിൽ ഒരു പട്ടിപോലുമില്ല പ്രസംഗം കേൾക്കാൻ.

അവസാനം തെരഞ്ഞെടുപ്പു ദിവസം വന്നെത്തി. അന്നും പഴയതുപോലെ സൂര്യൻ രാവിലെ കിഴക്കു തന്നെ ഉദിച്ചു. (സൂര്യൻ നിശ്ചലനായതിനാൽ സൂര്യൻ ഉദിച്ചു എന്നു പറയുന്നതുതന്നെ അന്ധവിശ്വാസമാണെന്നു പറയുന്ന ഒരു കൂട്ടരുണ്ട്.) പല പാർട്ടിപ്രവർത്തകരും അതിരാവിലെ തന്നെ മാരകായുധങ്ങളുമായി വോട്ട് ചെയ്യാനെത്തി. നാടില്ലാത്തവരും വീടില്ലാത്തവരും മരിച്ചവരും മരിയ്ക്കാൻ കിടക്കുന്നവരുമെല്ലാം ഈരണ്ടു തവണ പല ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി.

വോട്ടെണ്ണൽ കഴിഞ്ഞ ഉടനെ പലരും താന്താങ്ങളുടെ ഉത്സവാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വരവിൽ കവിഞ്ഞ സ്വത്തുപോലെ ജനസംഖ്യയിൽ കവിഞ്ഞ വോട്ടുകളായിരുന്നു വെടിപ്പടക്കത്തിന്റെ തിരി. മർദ്ദനമുറകളിലൂടെ ശരാശരി രണ്ടുവീതം രക്തസാക്ഷികളെ ഓരോ പാർട്ടിയ്ക്കും കിട്ടി. അടുപ്പിൽ വെള്ളം തിളയ്ക്കുമ്പോൾ തിളയ്ക്കുന്നത് വെള്ളം മാത്രമെന്നറിയാത്ത കുട്ടികൾക്കു മുന്നിൽ പണിയ്ക്കുപോയി മടങ്ങിവരുമ്പോൾ ഭർത്താവ് കൊണ്ടുവന്നിട്ടുവേണം അരിയിടാൻ എന്ന് നോക്കി കാത്തിരിയ്ക്കുന്ന ഭാര്യയ്ക്കു മുന്നിൽ പാർട്ടി ഗൃഹനാഥനെ രക്തസാക്ഷിയാക്കി മാറ്റി ഭക്ഷണത്തിനു കാവലിരിക്കുന്ന പിഞ്ചോമനകൾക്കു മുന്നിലേക്കെറിയുമ്പോൾ അവർ ഒന്നുമറിയുന്നില്ലെന്ന് വിചാരിച്ച് പുഞ്ചിരിയ്ക്കുന്ന നേതാക്കന്മാരും അണികളും ഒരുവശത്ത് അവനവന്റെ ഊഴവും കാത്ത് ഉള്ളിൽ ഭയക്കുന്നുണ്ടാവാം. അതിനിടയിൽ തലപ്പത്ത് ഞാൻ വാങ്ങിയ പാടത്തിന്റെ നടുവിലൂടെ റോഡ് കൊണ്ടുവന്നാൽ ഇരട്ടി വിലയാവും അതു നികത്തി വീടുവെച്ചാൽ പത്തിരട്ടിയാവും എന്നു കണക്കു കൂട്ടുന്നവർ. അവർ അവിടെ ഒന്നാണ് അവിടെ പാർട്ടിയില്ല സഹോദരീ സഹോദരന്മാരേ ഉള്ളു.

ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നേതാക്കന്മാർ നിരാഹാര സമരങ്ങളും നിർവികാരഹർത്താലുകളും നടത്തി ഇലക്ട്രിസിറ്റി ഓഫീസ് തല്ലിത്തകർത്തു. കെ.എസ്.ആർ.ടി.സിയ്ക്ക് കല്ലെറിഞ്ഞു. ടെലഫോൺ എക്സ്ചേഞ്ചിൽ അക്രമം നടത്തി. സെക്രട്ടേറിയേറ്റ് പടിയ്ക്കൽ യുവനിരയുടെ ധർണ്ണയും നടത്തി. അതങ്ങനെ നീണ്ടു. പാർലമെന്റിൽ ചത്തവന്റെ പാർട്ടിയും കൊല്ലപ്പെട്ടവന്റെ പാർട്ടിയും തോളോട് തോൾ ചേർന്ന് ഭൂരിപക്ഷം തികച്ചു മന്ത്രിസഭയുണ്ടാക്കി. രാഷ്ട്രീയം രാഷ്ട്രത്തെ നന്നാക്കാനാണെന്നറിയാത്ത ചിലർ ഓരോന്ന് തോണ്ടിത്തുളച്ചുകൊണ്ടുവന്ന് വീണ്ടും അക്രമം തുടങ്ങി. പ്രതിപക്ഷം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നിയമസഭയിൽ വാക്കൗട്ട് നടത്തി. പിറ്റേന്ന് അവരുടെ വക ഹർത്താൽ. ഇലക്ട്രിസിറ്റി ഓഫീസ് നവീകരിക്കുക, കെ.എസ്.ആർ.ടി.സി. കൃത്യസമയത്തോടിയ്ക്കുക, ടെലഫോൺ എക്സ്ചേഞ്ച് പുനർനിർമ്മിക്കുക ഇങ്ങനെ നീണ്ടു അവരുടെ വക കോലാഹലങ്ങൾ. അങ്ങനെ ഓരോ ദിവസവും ഓരോ പാർട്ടി ഹർത്താൽ ബുക്കിംഗ് തുടങ്ങി. ഹർത്താലുകൾക്ക് നടുവിലൂടെ തൂക്കു മന്ത്രിസഭയുടെ കാലാവധി ഭംഗിയായി കഴിഞ്ഞു. അതുകണ്ടറിഞ്ഞ ജനം മനസ്സിലാക്കി തൊഴിലില്ലായ്മയല്ല ഇവിടത്തെ പ്രശ്നം തൊഴിലിനാളില്ലാത്തതാണ്........


*Best Compliments from*

**BHAVANA**
**PHOTOSTATS**

Opp. Corporation Office, Trichur-1, Phone - 2421752

S.Arun
Sopanam '05

# Moderates of the World, UNITE!

Common-folk in India and other parts of the world would have us believe that religious fundamentalism has only one colour, Islamic Green. The attacks on Christians and Christian institutions - including orphanages - instigated by VHP activists in Orissa has proven that such savage fanaticism comes in many colours, including that of Hindu Saffron. Not that this needed further proof, after the Gujarat riots of 2002 which VHP leaders had vindicated with sacrilegious claim that the atrocities committed had the' blessings' of Lord Rama.

Fundamentalism - the hijacking of a faith to promote an exclusionist agenda, often through violent means - is a transcredal phenomenon: It doesn't begin or end within the confines of ones belief system but is common to all. There are Christian, Sikh, Buddhist and atheist fundamentalists (sometimes called 'communist').

Though no doctrine has a monopoly over fundamentalism, after 9/11, the word (often interchanged with 'terrorism') has been hyphenated with the word "Islamic'. It is often urged that' moderate' Muslims must stand up and be counted as a corrective influence on their radical co-religionists. So, in the current context of Orissa (and earlier, Gujarat) should only moderate Hindus denounce the horrors that has been perpetrated in the name of their religion? No. Moderates of all faiths, including that of moderation itself, which surely is the most beleaguered of faiths, in an increasingly divisive world - must unite in condemining such acts.

The goal of fundamentalists, of any stripe, is to disunite and destroy our common humanity. Such subversion can only be countered by a refusal to ghettoize the response by making it a responsibility of one particular faith. Fundamentalism is based on the premise of extreme exclusion, the creation of a demonized 'Other'; the opposing voice of moderation must base itself on the principle of inclusivism, the affirmation of a pluralist identity.

That is why the often-repeated call to ban organisations which alledgedly are fundamentalist in nature - be it SIMI or the RSS (progenitor of the VHP) - makes for a bad politics of moderation, necessary though such proscriptions may seem at times. (The RSS has been banned thrice in India: after the assassination of Mahatma Gandhi; during the Emergency; and after the demolition of the Babri Masjid. In each case, the ban was lifted by the Supreme Court).

Bans go against the basic nature of both democracy and moderation, which many might say are one and the same thing. A ban is another way of saying that fundamentalism won, that it achieved its objective of divisive exclusionism; it turned moderation into a mirror image of prohibitory fanaticism.

The Vatican has come out strongly against the carnage in Orissa. Let's hear it now from the leaders and practitioners of other faiths. But most of all, from those who profess belief in that ultimate credo: that no moderate is an island, entire of itself.



അഞ്ജു വി.ആർ.
സോപാനം '05

# തെളിവുകൾ

ഉണ്ടായിരുന്നില്ല

മഴ പെയ്തിരുന്നു എന്നതിന്
അത്, ഭൂമിയെ നനയിച്ചിരുന്നു എന്നതിന്
ആഴങ്ങളിൽ ഇപ്പോഴും നനവുണ്ട് എന്നതിന്
അന്നാ മിഴികളിൽ നനവുണ്ടായിരുന്നു എന്നതിന്

ഉണ്ടായിരുന്നില്ല
കാറ്റ് തഴുകിയിരുന്നു എന്നതിന്
നനഞ്ഞ പാവാടത്തുമ്പുണക്കി എന്നതിന്
വരണ്ട ചുണ്ടുകളിൽ ചുംബിച്ചിരുന്നു എന്നതിന്
അന്നവളിൽ നക്ഷത്രങ്ങളുണ്ടായിരുന്നു എന്നതിന്

ഉണ്ടായിരുന്നില്ല
ആ രാത്രി മരുഭൂമിയിൽ മഞ്ഞു പെയ്തിരുന്നു എന്നതിന്
ഉണങ്ങിവരണ്ട മണൽത്തരികൾ പുളകം
കൊണ്ടിരുന്നു എന്നതിന്
ഒരു നിമിഷം അവൾ സൂര്യനെ
മറന്നുപോയിരുന്നു എന്നതിന്

ഉണ്ടായിരുന്നില്ല
അന്ന് ആകാശത്ത് നക്ഷത്രങ്ങളു-
ണ്ടായിരുന്നു എന്നതിന്
നക്ഷത്രങ്ങൾ ഭൂമിയെ പ്രണയിക്കാൻ
മത്സരിച്ചിരുന്നു എന്നതിന്

ഉണ്ടായിരുന്നില്ല.
അന്നു സന്ധ്യക്ക് ഇവിടം ചുവന്നിരുന്നു എന്നതിന്
ചുവപ്പിൽ വിരഹം മുങ്ങിപ്പോയിരുന്നു എന്നതിന്
അവസാനം
ചുവപ്പൊരു പൊട്ടായി മാത്രം
അവശേഷിച്ചിരുന്നു എന്നതിന്

ഉണ്ടായിരുന്നില്ല.
എങ്ങും ഇരുട്ടായിരുന്നു
തെളിവുകൾ ആവശ്യപ്പെടാത്ത ഇരുട്ട്
മറവി - ഇരുട്ട്
ഓർമ്മ - വെളിച്ചം
വെളിച്ചത്തിന്റെ ഒരു കണികയിൽ
ഇരുട്ട് - ഉടഞ്ഞു വീണപ്പോൾ
തെളിവുകൾ............... ....

*Best Compliments from*

Biju Soman
9846195801

TECHVANTAGE

COMPUTER SALES, SERVICES
INTERNET BROWSING

N.P. TOWER, WEST FORT, THRISSUR



ദർശന എസ്.
ആവലോൺ '08

# പ്രതീക്ഷകളോടെ...

**വ**ള്ളി ട്രൗസറിൽ തിരുപ്പിടിച്ച്, മൂക്കും പിഴിഞ്ഞ് നടക്കുമ്പോഴും കൈയിൽ ചോക്കുകഷ്ണങ്ങൾ ഉണ്ടായിരുന്നു. എല്ലാം മറിയാമ്മ ടീച്ചറുടെ മേശ ത്തട്ടിൽ നിന്നും മോഷ്ടിച്ചത്. കള്ളൻ!

വീട്ടിൽ അധ്യാപനവൃത്തിയിൽ ഏർപ്പെടേണ്ടതാ ണ്. വിശാലമായ പറമ്പാണ് ക്ലാസ്മുറി. മാവിൻ കൊമ്പിൽ സ്ലേറ്റ് കെട്ടിത്തൂക്കി ചോക്കുകഷണ ങ്ങൾ കൊണ്ട് അക്കങ്ങൾ എഴുതുകയും മായ്ക്കു കയും. കൈയിൽ ചോക്കുപൊടി പുരളുകയും ചെയ്താൽ ഭേഷ്. ഞാൻ സന്തോഷവാനായി. രണ്ടര വയസ്സുള്ള അനുജത്തിയ്ക്കാണ് ഞാൻ ക്ലാസ്സെടുക്കുന്നത്.

മറിയാമ്മ ടീച്ചർ ചോക്കുപൊടി പുരണ്ട കൈകൊണ്ട് ആംഗ്യങ്ങൾ കാണിച്ചു പഠിപ്പിക്കും. ഞാനും അവരെപ്പോലൊരു ടീച്ചറാകും......

പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട കോളേജ് പഠനം പുനരാരംഭിക്കാൻ സഹായിച്ച ഗോപാലൻ മാസ്റ്റർക്ക് സൗഭ്യമെന്ന് വിശ്വസിക്കാം. അക്കാ ലത്ത് തന്നെയാണ് റോഡിലൂടെ **K.S.R.T.C.** ബസ്സു കൾ ധാരാളമായി യാത്ര തുടങ്ങിയത്.

പണ്ട് തൃക്കാക്കരയിലേക്ക് ബസ്സിൽ യാത്ര ചെ യ്തത് ഓർക്കുന്നു. ദിവസേന നൂറുക്കണക്കിന് ടിക്കറ്റുകൾ വിൽക്കുകയും വലിയ സഞ്ചിയിൽ ചില്ലറത്തുട്ടുകൾ വാരി നിറയ്ക്കുകയും ചെയ്യുന്ന കണ്ടക്ടർ അന്ന് ഹരം പിടിപ്പിച്ചിരുന്നു. അയാൾ കയർ പിടിച്ചു വലിക്കുമ്പോൾ മണി നീട്ടി അടിക്കു ന്നു. വണ്ടി മുമ്പോട്ടു കുതിക്കുന്നു, ഹായ്, ഒരധ്യാ പകനേക്കാൾ കേമൻ ഇവൻ തന്നെ.

പ്രതീക്ഷകൾ തെറ്റിച്ചാണ് കോളേജിലേക്കുള്ള ബസ്സ് യാത്ര തുടങ്ങിയത്. നിർത്താതെ പോകുന്ന ബസ്സിൽ ചാടിക്കയറാൻ പ്രയാസം. കണ്ടക്ടർ മണി യൊന്നു നീട്ടി അടിക്കാത്തതെന്തേ? **ST** തരുവാൻ മടിക്കുന്നതെന്തേ? അയാളെ ശത്രുവായ മുദ്രകു ത്തി. കോളേജിലെ പൊടി രാഷ്ട്രീയം കൂടിയായ പ്പോൾ ധൈര്യമേറി. ബ്ലേഡുകൊണ്ട് സീറ്റുകൾ വരഞ്ഞു. സ്പോഞ്ച് കീറിയെടുക്കുന്നത് സ്ഥിരം വേലയായി. വണ്ടിയിലെ ഗ്ലാസ്സുകൾ തല്ലി പ്പൊട്ടിച്ചപ്പോൾ അഭിമാനം തോന്നി.

ചോരത്തിളപ്പിന്റെ കാലം ഞൊടിയിടയിൽ കഴി ഞ്ഞുപോയി. ട്യൂഷൻ സെന്ററിലെ ചെറിയ വരു മാനം കുടുംബപ്രശ്നങ്ങൾക്ക് പരിഹാരമാകാതെ വന്നിരിക്കുന്നു. അച്ഛന്റെ നിർബന്ധപ്രകാരം പല ജോലിയ്ക്കും അപേക്ഷകൾ അയച്ചു. പരീക്ഷകൾ എഴുതി. കൂട്ടത്തിൽ ശത്രുവായി മുദ്രകുത്തപ്പെട്ട കണ്ടക്ടർ ജോലിയ്ക്കുവേണ്ടിയും -

എന്റെ കൈകളിൽ ടിക്കറ്റ് റാക്ക് വന്നുചേർന്നു. ചില്ലറ തുട്ടുകൾ നിറച്ച സഞ്ചി ഞാനും തോളില ണിഞ്ഞു.

സ്പോഞ്ച് നഷ്ടപ്പെട്ട സീറ്റുകളിൽ ഞാൻ കണ്ണോടി ച്ചു. ഇവിടെ എന്റെ വിരൽപ്പാടുകളുണ്ടോ?

ഞാൻ ബസ്സിൽ കയറി. കയർ വലിച്ചു. മണി നീട്ടി അടിച്ചു. വണ്ടി മുമ്പോട്ടു കുതിക്കുന്നു -

വലിയ പ്രതീക്ഷകളോടെ എന്റെ മനസ്സും -





Sreeremya R.
Avalon '08

# life


Childhood, an innocent art,
It's imitation of nature,
Cute and soft.

Girlhood a charming phase,
Life of magnificent song,
Smart and sweet.

Youth a greeting to the future,
It's a long song that never echoes,
Swell and precious.

Great age the harshness of life,
The crevice of life,
Bitter and Sour.

Open your eyes to the world of **e-agriculture**




News & Events
Directory
Blog
Weather
Discussion Forums
Expert Advise
E- News Letter
Agri & Eco Careers
Surveys (Online & Offline)
Eco & Farm Tourism
Agri consultancy

agriume.com
bridging agriculture community

# Art GALLERY





Anand Vishnu Prakash, Poseidon '07



Divya K. Orion '06

അനുജ അകത്തൂട്ട്
സോപാനം '05



# ഉള്ളിൽ ഉള്ളത്

വിത്തിന്റെയുള്ളിൽ
മരം മാത്രമല്ല ഉള്ളത്.

ആദിപാപത്തിന്റെ ഓർമ്മയും.
ഹവ്വയുടെ സ്പർശവും.
വിഷപ്പാമ്പിന്റെ ഇഴച്ചിലും,
ജീവന്റെ ആദ്യത്തെ തുടിപ്പും.
തീച്ചൂടും,
മഴുപ്പാടുകളും,
കിളിപ്പാട്ടും,
മണ്ണിന്റെ ഉപ്പും, ചോരയും
വരൾച്ചയും,
നിലനിൽപ്പിന്റെ സമരവും,
നനഞ്ഞ മഴകളും,
ആഴ്ന്നിറങ്ങിയ മിന്നലുകളും.
കല്ലെറിയുന്നവന്റെ വിശപ്പും, കാമവും.
പൂക്കുന്നതിന്റെ പ്രസവവേദനയും.

കൊഴിയുന്നതിന്റെ നിസ്സംഗതയും.
കാറ്റും, വെയിലും
ചേർത്തുവച്ചിരിക്കുന്നു.

വിത്തിനുള്ളിൽ മരം മാത്രമല്ല ഉള്ളത്
വിത്ത്, മണ്ണിന്റെ ചരിത്ര പുസ്തകമാണ്.

നിങ്ങളുടെ ഓർമ്മകളില്ലാതെ, ഓർമ്മത്തെറ്റുകളില്ലാതെ
'മറന്നുവച്ചത്' അപൂർണ്ണമാണ്.
ഇനിയുള്ള താളുകൾ നിങ്ങൾക്കുള്ളതാണ്.
വാക്കുകൊണ്ട്, വരകൊണ്ട് അല്ലെങ്കിൽ മറവികൊണ്ട്
ഇവയെ personalise ചെയ്യുക